# ദീപനാളം

സത്യപ്രകാശമേ നയിച്ചാലും — ESTD-1968


കലാസാംസ്കാരിക ദേശീയവാരിക

2020 ഡിസംബർ 24 | ദീപം 53 | നാളം 33 | Published from : PALA | പേജ് 20 | വില 6 രൂപ | www.deepanalam.org





# തിരുപ്പിറവിയുടെ പ്രകൃതിപാഠങ്ങൾ




**മാർ ജേക്കബ് മുരിക്കൻ**


**കൊ**റോണ വൈറസുകൾ സൃഷ്ടിച്ച യുദ്ധസമാനമായ സ്ഥിതിവിശേഷം 2020 നെ തികച്ചും വ്യത്യസ്തമാക്കിയിരിക്കുന്നു. ലക്ഷക്കണക്കിനു മനുഷ്യജീവൻ അപഹരിക്കുകയും കോടിക്കണക്കിനു മനുഷ്യരെ രോഗികളാക്കുകയും ചെയ്ത വൈറസ്ബാധ ശമനമില്ലാതെ ഇപ്പോഴും തുടരുന്നു. കൊറോണയോടൊപ്പം ജീവിക്കുക എന്ന പുതിയ സമവാക്യവും നാം ഇപ്പോൾ കേൾക്കുന്നു. പ്രതിരോധവാക്സിനുകളെപ്പറ്റി കേൾക്കുന്നെങ്കിലും ഇനിയും ഫലപ്രാപ്തിയെക്കുറിച്ച് ഉറപ്പിക്കാനാവില്ലെന്ന വിലയിരുത്തലാണ് മെഡിക്കൽവിദഗ്ധർ നൽകുന്നത്. ചുരുക്കത്തിൽ, ആയുധമില്ലാതെ അടർക്കളത്തിൽ നിൽക്കേണ്ട സാഹചര്യത്തിനു മനുഷ്യൻ നിർബന്ധിക്കപ്പെട്ടിരിക്കുന്നു. ഇത്തരുണത്തിൽ 2020 ലെ ക്രിസ്മസ് തീർച്ചയായും മനുഷ്യന് ഒരു വെളിപാടായിരിക്കണം.

കൊറോണ വൈറസ്ബാധ ഒരു അടയാളമാണ്. ലോകരക്ഷകനായ ഈശോമിശിഹായുടെ ജനനത്തിൽ ആകാശത്തു കാണപ്പെട്ട നക്ഷത്രം ഒരു അടയാളമായിരുന്നു; ലോകരക്ഷകനായ ഈശോമിശിഹാ പിറന്നിരിക്കുന്നുവെന്നതിന്റെ അടയാളം. ആ ജനനത്തിൽ മാലാഖമാർ പാടി: ‘‘അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം, ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം.’’

ഉത്തരാധുനികതയുടെ ഈ യുഗത്തിൽ അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം കല്പിക്കുന്നതിൽ ഗൗരവതരമായ വീഴ്ച മനുഷ്യനുണ്ടായിരിക്കുന്നു. ദൈവത്തിനു നൽകേണ്ട മഹത്ത്വം ഭൗതികമായ സമ്പത്തിനും സ്ഥാനനേട്ടങ്ങൾക്കും സുഖഭോഗങ്ങൾക്കുമായി വീതിച്ചുകൊടുത്തുകൊണ്ട് ഭൂമിയിൽ ഉറപ്പാക്കേണ്ട സമാധാനം ബലികഴിച്ചിരിക്കുന്നു. സ്രഷ്ടാവിനെ തമസ്കരിക്കാനുള്ള സൃഷ്ടിയായ മനുഷ്യന്റെ അതിരുകടന്ന പ്രയാണത്തിനു തിരിച്ചടി സ്വയം ഉണ്ടാക്കിയെടുക്കുമെന്നാണ് ഈ സാഹചര്യം വ്യക്തമാക്കുന്നത്. ദൈവത്തിനു മഹത്ത്വം പ്രഘോഷിക്കേണ്ട മതങ്ങൾ നിലയും വിലയും മറക്കുകയും ആത്മീയജീവിതം ചൂഷണത്തിനും അന്ധ-അബദ്ധപ്രബോധനങ്ങൾക്കും വേദിയാവുകയും ചെയ്തപ്പോൾ അവിടെയും സ്വയം വിലക്കുകൾ രൂപപ്പെട്ടു. ചുരുക്കത്തിൽ, ദൈവമഹത്ത്വം വിട്ട് മനുഷ്യൻ പ്രത്യക്ഷമായും പരോക്ഷമായും ഭൗതികതയുടെ മാറാപ്പും ധരിച്ച് സഞ്ചാരം തുടരുന്നതിന്റെ തിരുത്തലിനുള്ള താക്കീതും അവസരവുമാണു ലഭിച്ചിരിക്കുന്നത്.

പ്രകൃതിയാണ് മനുഷ്യനു ജീവിക്കാനായി ദൈവം കരുതലോടെ തന്ന അതിമനോഹരമായ സംവിധാനം. പ്രപഞ്ചത്തിനു ദൈവം കല്പിച്ചുതന്ന ആദിതാളവും അതിൽ നിക്ഷേപിച്ചിരിക്കുന്ന ജീവന്റെയും ഊർജ്ജത്തിന്റെയും ക്രമവും അതിനിർണായകമാണ്. പ്രകൃതിയുടെ നിലനില്പിനാധാരമായ സർവസൃഷ്ടിജാലങ്ങളും തമ്മിലുള്ള പാരസ്പര്യവും സന്തുലിതാവസ്ഥയും അട്ടിമറിക്കപ്പെട്ടാൽ ഭൂമിയിൽ ജീവനുതന്നെ ഭീഷണി ഉയരും. ജീവന്റെ അടിസ്ഥാനഘടകങ്ങളായ ജലവും വായുവും മണ്ണും അതിവേഗം മലിനമായിക്കൊണ്ടിരിക്കുന്നത് രോഗാതുരമായ ഒരു സമൂഹസൃഷ്ടിക്കു വഴിതെളിക്കുന്നതാവും. പ്രകൃതിയുടെ സന്തുലിതാവസ്ഥയുടെ താളം മുറിഞ്ഞപ്പോഴാണ് അതിസൂക്ഷ്മജീവികളുടെ തലത്തിൽ അതിന്റെ പരിണതഫലം ഉണ്ടായത്. അപകടകാരികളായ വൈറസുകളുടെ മേൽക്കോയ്മയ്ക്കു കാരണമാകുന്ന ആഘാതങ്ങൾ പ്രകൃതിയിൽ സംഭവിച്ചിരിക്കുന്നുവെന്നത് ഇനിയും മനുഷ്യനു ബോധ്യമായിട്ടുണ്ടോ എന്നതു സംശയമായി നിൽക്കുന്നു. വലിയ മലകൾ അപ്രത്യക്ഷമാകുന്നതും കാടുകൾ ഇല്ലാതാകുന്നതും ഖനനങ്ങൾ നിയന്ത്രണമില്ലാതാകുന്നതും കോർപ്പറേറ്റ് വ്യവസായഭീമന്മാർക്ക് നദികളെ അവയുടെ ഉറവിടംമുതൽ മുറിച്ചുനൽകുന്നതും ജലസ്രോതസ്സുകൾ അടച്ച് അവയിൽ മാലിന്യങ്ങൾ നിറയ്ക്കുന്നതും തുടങ്ങി കഠിനപാതകങ്ങളുടെ നീണ്ട പട്ടിക നമുക്കു നേരേ കൈചൂണ്ടുന്ന സ്ഥിതി നിലവിലിരിക്കുന്നു. പ്രകൃതിയെ അർഹിക്കുന്ന ആദരവോടെ മനുഷ്യൻ ബഹുമാനിക്കണമെന്ന തത്ത്വം വൈറസുകൾ നമുക്കു നൽകുന്നു.

ലോകരക്ഷകനായ ഈശോമിശിഹായുടെ തിരുപ്പിറവി അക്ഷരാർത്ഥത്തിൽ ദൈവം ഈ സൃഷ്ടപ്രപഞ്ചത്തോടു പുലർത്തുന്ന കരുതലിന്റെ ആവിഷ്കാരംകൂടിയാണ്. തിരുപ്പിറവി മനഷ്യനു മാത്രമായുള്ള ഒരു രക്ഷയല്ല; പ്രത്യുത മനുഷ്യൻ ജീവിക്കേണ്ട ആവാസവ്യവസ്ഥയായ പ്രകൃതിയുടെയുംകൂടി രക്ഷയെ ഉദ്ബോധിപ്പിക്കുന്നു. പുൽക്കൂടിനെ ദൈവം ജനനത്തിനായി തിരഞ്ഞെടുത്തതുതന്നെ മനുഷ്യന്റെ ജീവിതവീക്ഷണത്തിനും ക്രമത്തിനും അനിവാര്യമായ മാറ്റം ആവശ്യമുണ്ട് എന്നതിന്റെ വ്യക്തമായ തെളിവാണ്. ഉറവിടങ്ങളിലേക്കുള്ള മടക്കം മനുഷ്യൻ ആവിഷ്കരിച്ചേ പറ്റൂ. ആധുനിക സുഖസൗകര്യങ്ങളുടെ പേരിൽ നാഗരികത സൃഷ്ടിക്കുന്ന മായാപ്രപഞ്ചത്തിൽനിന്നു പ്രകൃതിയുടെ സ്വച്ഛതയിലേക്കുള്ള മടങ്ങിവരവ് ഇനിയും താമസിച്ചുകൂടെന്നാണ് പുൽക്കൂട് നമ്മെ ഓർമ്മിപ്പിക്കുന്നത്.

▶10

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Community



CMC PROVINCIAL HOUSE
JAYA MATHA PROVINCE

ST. THOMAS PRESS ROAD, PALA
Ph: 04822- 212229, 212226


വി. ചാവറ കുര്യാക്കോസ് ഏലിയാസ്


വി. എവുപ്രാസ്യാമ്മ

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)



ALPHONSA JYOTHI PROVINCE
BHARANANGANAM

PROVINCIAL HOUSE, ARUVITHURA
Ph: 04822- 273417, Fax: 04822-275061 Email:bhmaruvithura@yahoo.co.in


വി. അൽഫോൻസാമ്മ

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

Provincial Superior & Sisters
FRANCISCAN CLARIST CONGREGATION (F.C.C.)



ALPHONSA PROVINCE
PALA

SAN DAMIANO, PULIYANNOOR, PALA
Ph: 04822- 206019, 206552 Email:fccpalaprovince@yahoo.co.in, Web: fccpala.org


വി. അൽഫോൻസാമ്മ

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

PROVINCIAL SUPERIOR & COMMUNITY



S.A.B.S. PROVINCIAL HOUSE
CHRIST HALL - PALA

Ph: 04822-215257, 215109


ധന്യൻ
മാർ തോമസ് കുര്യാളശേരി
(സഭാസ്ഥാപകൻ)
1873 – 1925

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ



SUPERIOR GENERAL & COMMUNITY
DAUGHTERS OF ST. THOMAS
DST GENERALATE

BHARANANGANAM PHONE: 04822-236387


ഫാ. ജേക്കബ് താഴത്തേൽ
(സഭാസ്ഥാപകൻ)
(1912 – 2009)

# വിളനിലങ്ങൾക്കൊരു മരിയശാസ്ത്രം

**പരിശുദ്ധ മറിയത്തിന്റെ അമലോദ്ഭവത്തിരുനാളിനോടനുബന്ധിച്ച് പാലാ ജൂബിലിക്കപ്പേളയിൽ പരിശുദ്ധ കുർബാനമധ്യേ മാർ ജോസഫ് കല്ലറങ്ങാട്ട് നടത്തിയ പ്രസംഗത്തിൽനിന്ന്:**



**മാർ ജോസഫ് കല്ലറങ്ങാട്ട്**

ഡിസംബർ എട്ടിലെ പരിശുദ്ധ അമ്മയുടെ അമലോദ്ഭവത്തിരുനാൾ തലമുറകളായി നാമെല്ലാവരും ഒന്നിച്ച് ആഘോഷിച്ചുപോരുന്ന വലിയ സുദിനമാണ്. കൊവിഡ് പ്രതിസന്ധിയുടെ കാലയളവിലും പാലാ അങ്ങാടിയുടെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ജൂബിലിക്കപ്പേളയിൽ പരിശുദ്ധ കുർബാനയിൽ ഒന്നിക്കാൻ സാധിക്കുന്നത് ദൈവത്തിന്റെ വലിയ കൃപയാണ്. അമലോദ്ഭവമാതാവിലൂടെ ദൈവം നമുക്കു നൽകുന്ന ഏറ്റവും വലിയ കാരുണ്യമായി ഈ ഒത്തുചേരലിനെ നാമെല്ലാവരും തിരിച്ചറിയുകയാണ്.

മംഗളവാർത്തക്കാലത്ത് നാം നിരന്തരമായി കേട്ട ഒരു തിരുവചനമാണ് 'കൃപനിറഞ്ഞവളേ, സ്വസ്തി.' നാം എല്ലാ ദിവസവും സന്ധ്യയ്ക്കു പ്രാർത്ഥിക്കുന്നതാണിത്; നന്മനിറഞ്ഞ മറിയമേ, സ്വസ്തി. 'സ്‌ലാം ലേഹ് മറിയം മലിയസ് തൈബൂസ' എന്ന് സുറിയാനിയിൽ നമ്മുടെ പൂർവ്വികർ പ്രാർത്ഥിച്ചിരുന്നു. "കൃപനിറഞ്ഞവളേ, സ്വസ്തി, കർത്താവ് നിന്നോടുകൂടെ." ഗബ്രിയേൽ മാലാഖ പ്രത്യക്ഷപ്പെട്ട് മറിയത്തോടു പറഞ്ഞ ഈ തിരുവചനമാണ് മംഗളവാർത്തയുടെ കാതൽ. 'നിനക്ക് ഒരു ശിശു ജനിക്കും. അവൻ പരിശുദ്ധനായിരിക്കും. അവന് ഈശോ എന്നു പേരിടണം.' നമ്മുടെ വിശ്വാസത്തിന്റെ അടിസ്ഥാനഘടകമായി കരുതുന്ന യാഥാർത്ഥ്യവും അതാണ്.

സകല തലമുറകളും ഭാഗ്യവതി എന്നു പ്രഘോഷിക്കുന്ന ഏകവ്യക്തി മർത്ത് മറിയമാണ്, പരിശുദ്ധ അമ്മയാണ്. പിശാചിന്റെ തല തകർത്തവൾ എന്നു വേദപുസ്തകം സാക്ഷ്യപ്പെടുത്തുന്നത് പരിശുദ്ധ അമ്മയെക്കുറിച്ചാണ്. കർത്താവിന്റെ അമ്മ എന്റെ അടുത്തുവരുവാൻ എനിക്കെന്തു യോഗ്യത എന്ന് ആരെക്കുറിച്ചു പറഞ്ഞുവോ ആ വ്യക്തിയെയാണ് കർത്താവിന്റെ അമ്മ, ദൈവത്തിന്റെ അമ്മ എന്ന് പിന്നീട് സൂനഹദോസുകൾ വിശേഷിപ്പിച്ചത്.

'അമലോദ്ഭവം' എന്ന വാക്കു വിശേഷിപ്പിക്കുംപോലെ ഉദ്ഭവത്തിൽ അമലയായിട്ടുള്ളത്, ജന്മപാപത്തിന്റെ കറ പുരളാത്തത് എന്ന വലിയ വിശ്വാസസത്യമാണ് പരിശുദ്ധ അമ്മയുടെ അമലോദ്ഭവത്തിരുനാളിൽ നാം ഓർക്കുന്നത്. 1854 ൽ ഒമ്പതാം പീയൂസ് മാർപാപ്പായാണ് അമ്മയുടെ അമലോദ്ഭവം ഒരു വിശ്വാസസത്യമായി ലോകത്തെ അറിയിച്ചത്. സഭയുടെ പിതാക്കന്മാരിൽനിന്നു കൈക്കൊണ്ട തിരുവചനങ്ങൾ ഈ സത്യത്തിനു കൂടുതൽ ഉറപ്പുനൽകുന്നു. വി. അപ്രേമിന്റെ വാക്കുകളിൽ, "നിന്നിൽ കളങ്കമില്ലാത്തതുപോലെ അല്ലയോ ദൈവമേ, നിന്റെ അമ്മയും കളങ്കരഹിതയാണ്. നീയും നിന്റെ അമ്മയും മാത്രമേ പൂർണ്ണമായും പാപരഹിതരായിട്ടുള്ളൂ."

മാർ അപ്രേമിന്റെ ഈ വാക്കുകളാണ് അമലോദ്ഭവം എന്ന വിശ്വാസസത്യത്തിന്റെ അടിസ്ഥാനതത്ത്വമായി സഭ സ്വീകരിച്ചത്. അമ്മ ജന്മദോഷമില്ലാത്തവളാണ് എന്ന് കാന്റർബറിയിലെ വി. എഡ്മർ പ്രഘോഷിച്ചത് മൂന്നു ലത്തീൻ വാക്കുകളിലൂടെയാണ്. പൊത്തൂയിറ്റ് – ദൈവത്തിന് മറിയത്തെ അമലോദ്ഭവയാക്കാൻ സാധ്യമായിരുന്നു. ദേക്കൂയിറ്റ് – ദൈവത്തിന് ഈ സ്ത്രീയെ ഇങ്ങനെയാക്കുക ഉചിതമായിരുന്നു. ഫേച്ചിറ്റ് – അതുകൊണ്ട് ദൈവം ആ കർമ്മം നിർവ്വഹിച്ചു. ഈ മൂന്നു വാക്കുകളാണ് മരിയശാസ്ത്രത്തിൽ അമ്മയുടെ അമലോദ്ഭവത്തിലേക്കു വരാനുള്ള അടിത്തറയായി നിന്നത്.

നാലാം നൂറ്റാണ്ടിൽ വി. ആഗസ്തീനോസ് ധ്യാനിച്ചെഴുതിയ ഒരു പ്രാർത്ഥന കൊറോണയുടെ പശ്ചാത്തലത്തിൽ കൂടുതൽ അർത്ഥവത്താണ്. അതിപ്രകാരമാണ്: 'നാഥാ, വിലപിക്കുന്നവർക്കും ഉണർന്നിരിക്കുന്നവർക്കും ഉറങ്ങുന്നവർക്കും അവിടുന്ന് കാവലായിരിക്കണമേ. മാലാഖമാരുടെ കാവൽ ഉറക്കത്തിലായിരിക്കുന്നവർക്കും നൽകണമേ. രോഗികളെ സംരക്ഷിച്ചുകൊള്ളണമേ. പരിക്ഷീണിതർക്ക് ആശ്വാസം നൽകണമേ. മരിക്കുന്നവരെ അനുഗ്രഹിക്കണമേ. ക്ലേശിതരെ സാന്ത്വനപ്പെടുത്തണമേ. ദുരിതത്തിൽ കഴിയുന്നവരോട് കരുണയായിരിക്കണമേ. സന്തോഷത്തിൽ ആയിരിക്കുന്നവരെ കാത്തുകൊള്ളണമേ. എല്ലാം അവിടുത്തെ സ്നേഹത്തെപ്രതി മാത്രമായിരിക്കണമേ.'

പരിശുദ്ധ അമ്മയിലൂടെയാണ് നമ്മുടെ ഹൃദയങ്ങളെ സ്വർഗത്തിലേക്കു നാം ഉയർത്തുന്നത്. അമ്മയെക്കുറിച്ചു ധ്യാനിക്കുമ്പോഴാണ് നമ്മുടെ കണ്ണുകൾ ദൈവത്തെ കാണുന്നത്. ആ ഒരു വലിയ കാഴ്ചപ്പാടാണ് ഈ അമലോദ്ഭവത്തിരുനാളിൽ നമുക്കുള്ളത്. നമ്മുടെ രൂപതയെയും ഈ അങ്ങാടിയെയും കാത്തുസൂക്ഷിക്കുന്ന പരിശുദ്ധ അമ്മയോടുള്ള ആദരവ് നമുക്ക് വാക്കുകളിൽ ഒതുക്കാവുന്നതല്ല.

പരിശുദ്ധ അമ്മയോടു ബന്ധപ്പെട്ടുള്ള, കാർഷികമേഖലയോടു ബന്ധപ്പെട്ടുള്ള മൂന്നു പ്രധാനപ്പെട്ട തിരുനാളുകൾ സഭയിലുണ്ട്. പൗരസ്ത്യസഭകളായ മാറോനീത്താ സഭയും അന്ത്യോക്യൻ സഭയും സുറിയാനിസഭകളുമെല്ലാം മൂന്നു തിരുനാളുകൾ കാർഷികരംഗത്തോടു ബന്ധപ്പെടുത്തി ആഘോഷിച്ചുവരുന്നുണ്ട്: 1. Our Lady of the Seeds(വിത്തുകളുടെ മാതാവിന്റെ തിരുനാൾ)



2. Our Lady of the Harvest (വിളവെടുപ്പിന്റെ നാഥയായ മറിയത്തിന്റെ തിരുനാൾ 3. Our Lady of the Grapes(മുന്തിരിപ്പഴങ്ങളുടെ നാഥയായ മറിയത്തിന്റെ തിരുനാൾ).

നമ്മുടെ രാജ്യത്ത് ഒരു പഴഞ്ചൊല്ലുണ്ട്: ഭാരതീയകർഷകർ ദാരിദ്ര്യത്തിൽ പിറന്ന്, ദാരിദ്ര്യത്തിൽ വളർന്ന്, ദാരിദ്ര്യത്തിൽ മരിക്കുന്നുവെന്ന്. ഒരു പരിധിവരെ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെങ്കിലും അതു ശരിയാണ്. അത്രയും കഠിനമായ ദാരിദ്ര്യമില്ലെങ്കിലും, മാന്യമായ ഒരു ദാരിദ്ര്യം അനുഭവിക്കുന്നവരാണ് നമ്മളല്ലാവരും. അത്യാവശ്യമുള്ള ഭക്ഷണവും പാർപ്പിടവുമൊക്കെ നമുക്കുണ്ട്. അത്തരത്തിൽ ദാരിദ്ര്യത്തിന്റെ ബാലപാഠങ്ങൾ നമുക്കറിയാം. ജോൺ ഇരുപത്തിമൂന്നാം മാർപാപ്പാ പലപ്പോഴും പറയുമായിരുന്നു: 'എന്റെ വീട്ടിൽ മാന്യമായ ഒരു ദാരിദ്ര്യമായിരുന്നു ഉണ്ടായിരുന്നത്.' അത്യാവശ്യം ജീവിക്കാനുള്ള കാര്യങ്ങളൊക്കെയുണ്ട് എന്നാണല്ലോ അതിന്റെ അർത്ഥം. കാർഷികമേഖല ഈ രാജ്യത്തിന്റെ ഐക്യത്തിന്റെയും ആത്മീയതയുടെയും ഒരു മേഖലയാണ്.

ഇന്നു നമ്മുടെ രാജ്യത്തെ കർഷകരാകെ സമരത്തിലാണ്. സർക്കാർ മുമ്പോട്ടുകൊണ്ടുവന്ന മൂന്നു കാർഷികബില്ലുകൾ അതേപടി അംഗീകരിക്കാൻ തങ്ങൾക്കാവില്ല എന്നു കർഷകർ പറയുമ്പോൾ, അതു നമ്മുടെയും ഒരു കാര്യമായി മാറേണ്ടതുണ്ട്. നമ്മുടേതായ വിചിന്തനങ്ങൾ നല്കുമ്പോൾ, അതു രാജ്യദ്രോഹപരമായ ഒരു കാര്യമായി കരുതരുത്. കർഷകരോടുള്ള, നമുക്കു പരസ്പരമുള്ള ആദരവിന്റെ കാര്യമായാണ് നാം എടുക്കേണ്ടത്. നാമെല്ലാവരും മുഴുവൻ സമയ കർഷകരാകണമെന്നല്ല ഉദ്ദേശിക്കുന്നത്. എല്ലാവരും കലപ്പയും തൂമ്പായും അരിവാളും എടുക്കണമെന്നല്ല. പക്ഷേ, അവയെ ചുറ്റിപ്പറ്റിയുള്ള ഒരു ആത്മീയത നാം അവഗണിക്കരുത്.

കാർഷികബില്ലുകൾ നടപ്പിലാക്കിയാൽ കോർപ്പറേറ്റ് മുതലാളിമാരും കോടീശ്വരന്മാരും രംഗപ്രവേശം ചെയ്യും. കാർഷികമേഖലയുടെ സംരക്ഷണം നാം വളരെയേറെ ശ്രദ്ധിച്ചു ചെയ്യേണ്ടതാണ്. നമ്മുടെ രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്ന ലാൽ ബഹദൂർശാസ്ത്രി ഒരിക്കൽ പ്രസംഗിച്ചു: ജയ് ജവാൻ, ജയ് കിസാൻ. എത്രയോ അർത്ഥവത്തായ വാക്യമാണിത്. ഈ രാജ്യം സംരക്ഷിക്കണമെങ്കിൽ പട്ടാളക്കാർ വേണം. ആളുകൾക്ക് ആരോഗ്യം വേണമെങ്കിൽ കൃഷിക്കാരുണ്ടാവണം. അദ്ദേഹം പറഞ്ഞ ഒരു വലിയ ദാർശനികതയായിട്ടാണ് ഞാൻ എന്നും അതുൾക്കൊണ്ടിട്ടുള്ളത്. വൻകിടശക്തികൾ കാർഷികരംഗത്തേക്കു കടന്നുവരുമ്പോൾ വീണ്ടും ഒരു തരത്തിലുള്ള വിദേശാധിപത്യമാണ് നടക്കുന്നത് എന്നു നാം തിരിച്ചറിയണം. ചെറുകിടകർഷകർ അപ്രത്യക്ഷരാകും, ഭക്ഷ്യവൈവിധ്യങ്ങൾ കുറയും, കർഷകമാർക്കറ്റുകൾ ഇല്ലാതാകും. ഇടനിലക്കാർ തഴയപ്പെടും, കർഷകനു താത്പര്യമുള്ള വിളകൾ അവന്റെ ഇഷ്ടപ്രകാരം വിൽക്കാൻ സാധിക്കാതെ വരും. വൻകിട കോർപ്പറേറ്റുകൾ കരാറുകാരെ തങ്ങൾക്കിഷ്ടമുള്ള കൃഷി മാത്രം ചെയ്യാൻ നിർബന്ധിക്കും.

നമുക്ക് നല്ലൊരു ഫാമിംഗ് എത്തിക്സ് (farming ethics) ആവശ്യമാണ്. ഫാമിലി എത്തിക്സ് - കുടുംബധാർമികതപോലെതന്നെ പ്രധാനപ്പെട്ടതാണ് കൃഷിയിടങ്ങളോടും കൃഷിക്കാരോടും ബന്ധപ്പെട്ടുള്ള ഒരു ധാർമികത. അതിന്റെ അടിസ്ഥാനം സമ്പന്നമായ ജൈവവൈവിധ്യ(Bio diversity)മാണ്. വിവിധങ്ങളായ കാർഷികവിളകളാൽ സമ്പന്നമാണ് നമ്മുടെ നാട്.

ഫാമിലി എത്തിക്സിന്റെ മറ്റൊരു മുഖമാണ് നമ്മുടെ കുടുംബങ്ങളിലെ പാചകരീതികൾ. ഇടവകകളിൽ വിസീത്തയ്ക്ക് എത്തുമ്പോഴെല്ലാം ഞാൻ കൂടക്കൂടെ പറയാറുണ്ടല്ലോ; കുടുംബങ്ങളിലെ ആൺകുട്ടികൾ കൃഷിയിടങ്ങളും പെൺകുട്ടികൾ അടുക്കളയും പരിചയപ്പെടണമെന്ന്. നമ്മുടെ പാചകവൈവിധ്യം എത്രയോ വിശിഷ്ടമാണ്. സുറിയാനിക്കുടുംബങ്ങളുടെ, മീനച്ചിൽ താലൂക്കിന്റെ പ്രധാനപ്പെട്ട ഒരു മുഖമെന്നു കരുതുന്നത് വൈവിധ്യമാർന്ന നമ്മുടെ ഭക്ഷണപാചകരീതികളാണ്. അതെല്ലാം ഇന്നു നഷ്ടപ്പെടുന്നത് ദുഃഖകരമായ കാര്യമാണ്. നമ്മുടെ നാടിന്റെ തനതുരുചികൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. എന്തും നമുക്കു മാർക്കറ്റിൽ കിട്ടും, അവിടെച്ചെന്നു വാങ്ങിച്ചാൽ മതി എന്ന തരത്തിലുള്ള ഒരു ആഗോളീകരണം വ്യാപകമായി നടക്കുന്നുണ്ട്. ഇതിലെല്ലാം ഒരു പുനർജന്മം, പുനർവിചാരം ഉണ്ടാവണം. എത്രയോ വിശിഷ്ടമായ വിഭവങ്ങളാണ് നമ്മുടെ തീൻമേശയിലുള്ളത്. നമ്മുടെ പൂർവികർ ഇക്കാര്യത്തിൽ ദത്തശ്രദ്ധരായിരുന്നു. ഈ ജൈവവൈവിധ്യമാണ് കേരളത്തിലെ കാർഷികരംഗത്തിന്റെ തന്മ. നമുക്ക് നല്ലയൊരു കൃഷി സർവേയും നടത്തേണ്ടതായിട്ടുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. രാസവളപ്രയോഗങ്ങൾ ഉപേക്ഷിക്കണം.

കാർഷികത്തിരുനാളുകളുടെ മദ്ധ്യസ്ഥയായ മർത്ത് മറിയത്തിന്റെ അമലോദ്ഭവത്തിരുനാൾ ദിവസം, നമ്മുടെ രാജ്യം നേരിടുന്ന കാർഷികപ്രതിസന്ധിയെ നേരിട്ടു മനസ്സിലാക്കുന്നതിനും പഠിക്കുന്നതിനും അവസരമാക്കണമെന്ന് ഓർമ്മിപ്പിക്കുകയാണ്. കർഷകനു നിശ്ചയദാർഢ്യത്തോടെ അവന്റെ കൃഷിയിടത്തിൽ പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. നമുക്കുള്ള ജൈവവൈവിധ്യങ്ങളെ മുറുകെപ്പിടിക്കാനുള്ള അവസരമായിരിക്കട്ടെ ഈ തിരുനാൾ. കാർഷികമേഖലയെ ഒരിക്കലും കൈവിട്ടുകളയാൻ പാടില്ല. അടുത്ത പത്തുവർഷത്തെ നമ്മുടെ മുഖ്യധാരാ ചിന്താവിഷയവും ഇതുതന്നെയായിരിക്കണം.

വരുന്ന പത്തുവർഷത്തേക്ക് നമ്മുടെ രൂപതയുടെ മുൻഗണന ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് കേന്ദ്രമാക്കിക്കൊണ്ടുള്ള കാർഷികമേഖലയിലുള്ള പ്രവർത്തനങ്ങളായിരിക്കും. മാതൃരാജ്യത്തിലെ എല്ലാ കർഷകരോടുമുള്ള ഐകദാർഢ്യം ഉറപ്പിക്കാനുള്ള അവസരമാകട്ടെ ഈ അമലോദ്ഭവത്തിരുനാൾ.

# ആദർശധീരനായ ഗാന്ധിയൻ

വിളക്കുമരം



ഡോ. സിറിയക് തോമസ്

ഏതർത്ഥത്തിൽ നോക്കിയാലും ഇന്ത്യ ഇന്നേവരെ കണ്ടിട്ടുള്ള പ്രധാനമന്ത്രിമാരിൽ തികച്ചും വ്യത്യസ്തനായിരുന്നു മൊറാർജി ദേശായി. കാഴ്ചയിലും വസ്ത്രധാരണത്തിലും സ്വഭാവത്തിലും ജീവിതചിട്ടകളിലും ഭക്ഷണരീതികളിലും വ്യത്യസ്തൻ. എന്തിന്? ജന്മദിനത്തിന്റെ കാര്യത്തിൽപ്പോലും മൊറാർജി വ്യത്യസ്തനായി. ഫെബ്രുവരി 29 നു ജനിച്ചതുകൊണ്ട് മൊറാർജി ദേശായിക്ക് ജന്മദിനംപോലും നാലു വർഷത്തിലൊരിക്കൽ മാത്രമായി. വിശാല ബോംബെ സംസ്ഥാനത്തെ ശക്തനായ കോൺഗ്രസ് മുഖ്യമന്ത്രിയും പിന്നീട് കേന്ദ്രഗവൺമെന്റിൽ ദീർഘകാലം കോൺഗ്രസ് മന്ത്രിയുമായ മൊറാർജിതന്നെയായിരുന്നു ഇന്ത്യയിലെ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രിയുമായത്.

തികഞ്ഞ ഒരു ഗാന്ധിഭക്തനായിരുന്നു മൊറാർജി. ആദർശങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത നേതാവായിരുന്നു അദ്ദേഹം. താൻ മുഖ്യമന്ത്രിയായിരുന്ന വിശാലബോംബെ സംസ്ഥാനം വിഭജിച്ച് ഗുജറാത്ത്, മഹാരാഷ്ട്ര സംസ്ഥാനങ്ങൾ രൂപീകരിക്കുന്നതിനോട് മൊറാർജിക്കു താത്പര്യമുണ്ടായിരുന്നില്ല. പ്രക്ഷോഭകാരികൾ അക്രമാസക്തരായതോടെ പോലീസിനെ ഉപയോഗിച്ചും പട്ടാളത്തെ വിളിച്ചും മൊറാർജി കലാപം അടിച്ചമർത്തുകതന്നെ ചെയ്തു. ജനസമ്മതിക്ക് ഇടിവു വരുമെന്നു കണ്ടപ്പോഴും മൊറാർജി നിലപാടു മാറ്റാൻ തയ്യാറായില്ല. മുഖ്യമന്ത്രിയെന്ന നിലയിൽ തന്റെ പ്രഥമ ഉത്തരവാദിത്വം ജനങ്ങളുടെ ജീവനും സ്വത്തും സംരക്ഷിക്കുകയെന്നതാണെന്ന് മൊറാർജി നിലപാടു കടുപ്പിച്ചു. അതിന്റെ പേരിൽ പ്രധാനമന്ത്രി നെഹ്റുവിനോടു പോലും കലഹിച്ചു. പിന്നീട് മുഖ്യമന്ത്രിപദമൊഴിഞ്ഞപ്പോൾ നെഹ്റു മൊറാർജിയെ തന്റെ മന്ത്രിസഭയിൽ വാണിജ്യ വകുപ്പു മന്ത്രിയാക്കി.

ഖാദിയോടും ഹിന്ദിയോടുമായിരുന്നു എന്നും മൊറാർജിക്കു മമത. സസ്യാഹാരമായിരുന്നു എപ്പോഴും പഥ്യം. കാപ്പിയോ ചായയോപോലും ഉപയോഗിച്ചിരുന്നില്ല. മാമ്പഴവും പഴച്ചാറുകളുമായിരുന്നു ബലഹീനത. എക്കാലവും ഒരു മദ്യവിരോധിയും. മുഖ്യമന്ത്രിയായിരിക്കേ, ബോംബെയിൽ മദ്യനിരോധനം കൊണ്ടുവന്നതും മൊറാർജി തന്നെ. തൂവെള്ള ഖദറായിരുന്നു ഡ്രസ്കോഡ്. ഖാദിയിൽത്തന്നെ ജാക്കറ്റും പിന്നെ വെള്ള ഗാന്ധിത്തൊപ്പിയും. കുളിക്കുന്നതിനോ ഷേവിംഗിനോപോലും സോപ്പുപയോഗിച്ചിരുന്നില്ല. ചന്ദനത്തൈലത്തിന്റെ ചെറിയൊരു സൗരഭ്യം എപ്പോഴും ചുറ്റും പ്രസരിപ്പിച്ചിരുന്നു മൊറാർജി. തൊണ്ണൂറാംവയസ്സിലും പതിനെട്ടുകാരന്റെ തുടിപ്പും ശോഭയുമായിരുന്നു മുഖത്ത്. ചുളിവുകൾ ഉണ്ടായിരുന്നതേയില്ല. നടപ്പും പിന്നെ നീന്തലുമായിരുന്നു വ്യായാമമുറകൾ. അടിയന്തരാവസ്ഥക്കാലത്തു തീഹാർ ജയിലിൽ തടവുകാരനായി ക്കഴിയുമ്പോഴും പതിവുള്ള ഒരു മണിക്കൂർ പ്രഭാതനടത്തം മുടക്കിയിരുന്നതുമില്ല. ജീവിതത്തിൽ മാത്രമല്ല ജീവിതച്ചിട്ടകളിലും വളരെ കർക്കശക്കാരനായിരുന്നു മൊറാർജി. തന്നോടുപോലും കടുപ്പക്കാരനായിരുന്നു രാഷ്ട്രീയത്തിലെ ഈ ആത്മീയവാദി.

പ്രധാനമന്ത്രിയായിരുന്നപ്പോൾപോലും മൊറാർജിഭായി തനിക്കു വരുന്ന കത്തുകൾ കഴിയുന്നിടത്തോളം തനിയെ വായിച്ചു മറുപടി എഴുതാൻ ശ്രദ്ധിച്ചിരുന്നു. നിവൃത്തിയുള്ളിടത്തോളം പോസ്റ്റു കാർഡുകളിൽ എഴുതി മറുപടി അയയ്ക്കുന്നതായിരുന്നു മൊറാർജിയുടെ ശീലം. പുസ്തകങ്ങളും തന്റെ വ്യക്തിപരമായ സമ്പാദ്യങ്ങളുമെല്ലാം ഗുജറാത്ത് വിദ്യാപീഠത്തിന് എഴുതിവച്ച അദ്ദേഹം അവസാനംവരെ താമസിച്ചത് ബോംബെയിലെ ഒരു വാടക ഫ്ളാറ്റിലായിരുന്നു. സർക്കാർസർവ്വീസിൽ ഡെപ്യൂട്ടി കളക്ടറായി സേവനം ചെയ്യുമ്പോഴാണ് ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ഉദ്യോഗം രാജിവച്ച് ഇന്ത്യൻനാഷണൽ കോൺഗ്രസിൽ ചേർന്നത്. സ്വാതന്ത്ര്യസമരത്തിൽ സജീവമായതോടെ പലപ്രാവശ്യം തടവുശിക്ഷയ്ക്കു വിധേയനായി. തൊണ്ണൂറ്റിയൊമ്പതാംവയസ്സിൽ അന്തരിക്കുംവരെ മൊറാർജി ഗാന്ധിമാർഗ്ഗത്തിൽനിന്ന് അണുവിട വ്യതിചലിച്ചതുമില്ല.

രാവിലെ നാലുമണിക്കുണരുന്നതായിരുന്നു ദേശായിയുടെ പതിവ്. പതിവായി ഒരു മണിക്കൂർ ചർക്കയിൽ നൂൽനൂൽപ്പ്. പിന്നീട് ഒരു മണിക്കൂർ നടത്തം. രണ്ടുനേരം മാത്രമായിരുന്നു ഭക്ഷണം. ഓരോ പത്തു മിനിട്ടിലും ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നതും ശീലമാക്കിയിരുന്നു. സൂര്യനസ്തമിക്കുംമുമ്പ് അത്താഴം. അവസാനകാലത്തു രാത്രി ധാന്യഭക്ഷണവും ഒഴിവാക്കിയിരുന്നു. പഴങ്ങളും പഴച്ചാറും മാത്രം. ഉച്ചയുറക്കമില്ല. രാത്രി ഒൻപതുമണിയുടെ വാർത്ത കേട്ടാൽ പിന്നെ ഉറങ്ങാൻ പോകുന്നതായിരുന്നു പതിവ്. അടിയന്തരാവസ്ഥയെ ത്തുടർന്നുണ്ടായ തിരഞ്ഞെടുപ്പിൽ സൂററ്റിൽനിന്നാണ് ലോക്സഭയിലേക്കു മത്സരിച്ചത്.രാത്രി ഒൻപതായപ്പോഴും അവസാന വോട്ടെണ്ണൽ കഴിഞ്ഞു ഫലപ്രഖ്യാപനമായില്ല. ഇനി രാവിലെ നാലു മണിക്കു ശേഷം തിരഞ്ഞെടുപ്പുഫലം അറിയിച്ചാൽമതിയെന്നു പറഞ്ഞ്



മൊറാർജി ദേശായി

മൊറാർജി പതിവു തെറ്റിക്കാതെ ഉറങ്ങാൻപോയി എന്നു പിന്നാമ്പുറം!

കാമരാജ് പദ്ധതിയിലൂടെ നെഹ്റുമന്ത്രിസഭയിൽനിന്നു താൻ ഒഴിവാക്കപ്പെടുകയാണെന്ന് മനസ്സിലായപ്പോഴും മൊറാർജി മറുത്തൊന്നും പറഞ്ഞില്ല. അപ്പോൾത്തന്നെ രാജിക്കത്തു നൽകുകയായിരുന്നു. ആരൊക്കെ വിചാരിച്ചാലും തന്നെ ഇന്ത്യൻ പ്രധാനമന്ത്രിയാവുന്നതിൽനിന്നു തടയാനാവുകയില്ലെന്ന് മൊറാർജി ഉറപ്പിച്ചിരുന്നു. അടുപ്പമുള്ളവരോട് അതു പറയുകയും ചെയ്തിരുന്നു. പില്ക്കാലത്ത് നെഹ്റുവിന്റെ പിൻഗാമിയായി കാമരാജിന്റെ നേതൃത്വത്തിൽ ലാൽ ബഹാദൂർ ശാസ്ത്രിയെ വാഴിച്ചപ്പോഴും മൊറാർജി നിശ്ശബ്ദത പാലിച്ചു മാറി നില്ക്കുകയാണുണ്ടായത്. എന്നാൽ, ശാസ്ത്രിയുടെ അപ്രതീക്ഷിതമരണത്തെത്തുടർന്ന് സീനിയർ നേതാക്കൾ ചേർന്ന് തന്റെ പ്രധാനമന്ത്രിപദപ്രവേശനത്തിന് ഇന്ദിരാഗാന്ധിയെ മുന്നിൽ നിർത്തി തടയിടുവാൻ ശ്രമിച്ചതോടെ മത്സരരംഗത്തു താനുണ്ടാകുമെന്ന് മൊറാർജി പ്രഖ്യാപിച്ചു. തിരഞ്ഞെടുപ്പ് രഹസ്യബാലറ്റ് വഴി വേണമെന്നും നിലപാടെടുത്തു. ശക്തമായ മത്സരത്തിൽ ഇന്ദിര ജയിച്ചെങ്കിലും മൊറാർജിക്ക് ഇഷ്ടപ്പെട്ട ധനകാര്യവകുപ്പും പുറമേ ഡെപ്യൂട്ടി പ്രധാനമന്ത്രിപദവും നൽകിയാണ് ഇന്ദിര തന്റെ എതിർസ്ഥാനാർത്ഥിയെ അനുനയിപ്പിച്ചത്.

എന്നാൽ, രാഷ്ട്രപതിയായിരുന്ന ഡോ. സക്കീർഹുസൈന്റെ അപ്രതീക്ഷിത വിയോഗം ഇന്ത്യൻ രാഷ്ട്രീയചരിത്രം തന്നെ മാറ്റിയെഴുതി.

ബാംഗ്ലൂർ എ.ഐ.സി.സി.യിൽ താൻ നിർദ്ദേശിച്ച ജഗ്ജീവൻ റാമിനു പകരം ലോക്സഭാ സ്പീക്കറായിരുന്ന സഞ്ജീവറെഡ്ഡിയെ സ്ഥാനാർത്ഥിയാക്കുന്നതിനു ഭൂരിപക്ഷപ്രകാരം കോൺഗ്രസ് പാർലമെന്ററി ബോർഡ് തീരുമാനിച്ചതോടെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധി പാർട്ടിയിൽ കലാപക്കൊടി ഉയർത്തുകയാണുണ്ടായത്. അത് കോൺഗ്രസിനെ ദേശീയതലത്തിൽത്തന്നെ ഒരു വൻപിളർപ്പിലേക്കു നയിച്ചു. ധനകാര്യവകുപ്പ് പ്രധാനമന്ത്രി ഏറ്റെടുക്കുകയും ബാങ്കുകൾ ഓർഡിനൻസ് വഴി ദേശസാത്കരിക്കുകയും ചെയ്തുകൊണ്ട് പാർട്ടിയിലെ ഭിന്നത നയപരമായതാണെന്നു വരുത്തുവാൻ ഇന്ദിരയ്ക്കായി. അതോടെ കോൺഗ്രസും ഫലത്തിൽ രണ്ടായി. ഇന്ദിരാവിഭാഗവും നിജലിംഗപ്പാ-മൊറാർജി-കാമരാജ് വിഭാഗവും. തുടർന്നുണ്ടായ തിരഞ്ഞെടുപ്പിൽ ഇന്ദിരയ്ക്കായിരുന്നു ജയം.

പില്ക്കാലത്തു തിരഞ്ഞെടുപ്പുകേസിൽ അലഹബാദ് കോടതി ഇന്ദിരയെ അയോഗ്യയാക്കിയതോടെ രാജിവയ്ക്കുന്നതിനുപകരം രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു. പ്രതിപക്ഷനേതാക്കളെയെല്ലാം - ജയപ്രകാശ് നാരായണനും മൊറാർജിയുമുൾപ്പെടെ - തടവിലാക്കിയും അധികാരത്തിൽ തുടർന്നു. 1977 ലെ തിരഞ്ഞെടുപ്പിൽ ആഞ്ഞടിച്ച ജനതാതരംഗത്തിൽ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്കു സ്വന്തമണ്ഡലമായ റായ്ബറേലിയിലും അടിപതറി. തുടർന്ന് 1977 ൽ മൊറാർജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആദ്യത്തെ കോൺഗ്രസിതരസർക്കാർ, കേന്ദ്രത്തിൽ അധികാരത്തിലെത്തിയതോടെ ദേശീയരാഷ്ട്രീയത്തിൽ ദിശാമാറ്റമുണ്ടായെങ്കിലും രണ്ടു വർഷത്തിനുള്ളിൽ ജനതാപാർട്ടിയിലെ ആഭ്യന്തരപ്രശ്നങ്ങളിൽപ്പെട്ട് മൊറാർജി സർക്കാരിനു രാജിവയ്ക്കേണ്ടിവന്നു. പാർട്ടിയിൽ കലാപമുയർത്തിയവരോടു സംസാരിക്കുവാൻപോലും മൊറാർജി കൂട്ടാക്കിയില്ല. അച്ചടക്കം ലംഘിക്കുന്നവരുമായി അനുരഞ്ജനമുണ്ടാക്കി അധികാരത്തിൽ തുടരാൻ താത്പര്യമില്ലെന്ന ഉറച്ച നിലപാടാണ് അന്ന് മൊറാർജി സ്വീകരിച്ചത്. അവിശ്വാസപ്രമേയചർച്ചയ്ക്കു മറുപടി പറഞ്ഞുകൊണ്ട് മൊറാർജി പാർലമെന്റിൽ ചെയ്ത പ്രസംഗം ചരിത്രത്തിൽ ഇടംനേടി. തികഞ്ഞ ഗാന്ധിയൻനിസ്സംഗതയോടെയാണ് മൊറാർജി പ്രധാനമന്ത്രിപദമൊഴിഞ്ഞത്.

ആദർശത്തിന്റെ മാത്രമല്ല ആത്മവിശ്വാസത്തിന്റെയും പ്രതീകമായിരുന്ന മൊറാർജി, ഗാന്ധിയൻ മൂല്യങ്ങളുടെ കാവലാളും പ്രചാരകനുമായിരുന്നു. ആദർശത്തിന്റെ വെണ്മ, ധരിക്കുന്ന വസ്ത്രത്തിൽ മാത്രമല്ല, സ്വന്തം ജീവിതത്തിലും സാക്ഷ്യപ്പെടുത്തിയ നേതാവും. മരിക്കുമ്പോൾ നൂറെത്താൻ ഏതാനും മാസങ്ങൾകൂടി മതിയായിരുന്നു. വഹിച്ച പദവികളുടെയെല്ലാം (പ്രധാനമന്ത്രിപദമുൾപ്പെടെ) പകിട്ടേറ്റിയ നേതാവും മൊറാർജി മാത്രം. ഭഗവദ്ഗീതയുടെ ഭാഷയിൽ പറഞ്ഞാൽ, എന്നും സ്ഥിതപ്രജ്ഞൻ! ഇന്ത്യൻ രാഷ്ട്രീയംകണ്ട കറ കളഞ്ഞ ആത്മീയനും ആദർശവാദിയുമായിരുന്നു. ഗാന്ധിജിയുടെ സംസ്ഥാനത്തുനിന്നു വന്ന ഇന്ത്യയുടെ ആദ്യത്തെ കോൺഗ്രസിതര പ്രധാനമന്ത്രി. എന്നാൽ, ജീവിതകാലം മുഴുവനും മനസ്സുകൊണ്ടു കോൺഗ്രസുകാരനും.

■



# ദൈവം നിങ്ങളെ ഓർക്കണമെങ്കിൽ നിങ്ങൾ നിങ്ങളെ മറക്കണം

## ഫാ. ഡേവിസ് ചിറമ്മൽ

**കൊ**വിഡ്രോഗം ലോകത്തെ ഏറെക്കുറെ നിശ്ചലമാക്കിയ ഒരു കാലമാണിത്. എന്നാൽ, കൊവിഡ്കാലത്തെ നിഷ്ക്രിയത്വത്തെ ജീവിതത്തിലെ മികച്ച അവസരങ്ങളാക്കിത്തീർത്ത ചിലരെങ്കിലുമുണ്ട്. അവർക്ക് അതു ജീവിതത്തെ പാഠങ്ങളാക്കി മാറ്റാനുള്ള അവസരമായിരുന്നു. ജീവിതരീതി കൊണ്ടും പ്രവർത്തനശൈലികളിലെ വ്യത്യസ്തതകൊണ്ടും ശ്രദ്ധേയനായ ഫാ. ഡേവിസ് ചിറമ്മൽ ലോക്ഡൗൺ കാലത്ത് തന്റെ പള്ളിയും പരിസരവും ഒരു പറുദീസയാക്കി മാറ്റി. ഡേവിസച്ചന്റെ പ്രവർത്തനമേഖലയിലേക്ക് ഒരു തീർത്ഥയാത്ര.

1920 ഫെബ്രുവരിയിലാണ് ഫാദർ ഡേവിസ് ചിറമ്മൽ തൃശൂർ കടങ്ങോട് ഇൻഫന്റ് ജീസസ് പള്ളിയിൽ വികാരിയായി എത്തുന്നത്. ചാർജെടുത്തതിനു തൊട്ടുപിന്നാലെ കൊറോണയുടെ രംഗപ്രവേശമായി. താമസിയാതെതന്നെ ലോക്ഡൗണും ആരംഭിച്ചു. കമ്യൂണിറ്റി കിച്ചണുമായി സഹകരിച്ചും അതിഥിത്തൊഴിലാളികൾക്കു വേണ്ട സഹായങ്ങൾ നല്കിയും കൊവിഡ് പ്രവർത്തനങ്ങളിൽ സജീവമായി. അങ്ങനെയിരിക്കെയാണ് പള്ളിക്കു സ്വന്തമായുള്ള നാലരയേക്കർ റബർത്തോട്ടത്തെക്കുറിച്ച് അച്ചൻ ചിന്തിച്ചത്. ഇവിടെ എന്തൊക്കെ ചെയ്തുകൂടാ? ബഹുവിളക്കൃഷിയിലേക്കു തിരിയാനുള്ള അച്ചന്റെ തീരുമാനം പെട്ടെന്നായിരുന്നു.

**ഫ്രൂട്ട്സ്ഗാർഡൻ** – ഫ്രൂട്ട്സ് ഗാർഡനാണ് ആദ്യമായി തുടങ്ങിയത്. ലോക്ഡൗൺ വളരെ കർശനമായിരുന്ന സമയത്ത് യാത്രചെയ്യാൻ കിട്ടിയിരുന്ന പരിമിതമായ അനുവാദമുപയോഗിച്ച് കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നായി പലതരത്തിലുള്ള ഫലവൃക്ഷങ്ങൾ കൊണ്ടുവന്ന് പള്ളിയോടു ചേർന്നുള്ള 40-50 സെന്റ് സ്ഥലത്ത് ഫ്രൂട്ട്സ് ഗാർഡൻ ഒരുക്കി.

റംബുട്ടാൻ, മാംഗോസ്റ്റിൻ, ഞാവൽ, അമ്പഴം, ആത്ത, പ്ലാവ്, നെല്ലി, മിറക്കിൽ ഫ്രൂട്ട്, ഇസ്രായേൽ ഓറഞ്ച്, ചെറി, വിവിധതരം ചാമ്പ, പേര തുടങ്ങിയവ ഇപ്പോൾ നിറയെ കായ്ച്ചു നിൽക്കുന്നു. ഇത്തവണത്തെ ക്രിസ്മസ്ഗാർഡനാക്കുന്നത് ഈ ഫ്രൂട്ട്സ്ഗാർഡനാണെന്ന് അച്ചൻ അഭിമാനത്തോടെ പറയുന്നു.

**മൃഗശാല** – ലോക്ഡൗൺ സമയത്ത് വിദേശത്തുനിന്നു വന്ന് തിരികെപ്പോകാൻ കഴിയാതെ നാട്ടിൽപ്പെട്ടുപോയ ചില ചെറുപ്പക്കാരെയും കുറച്ചു നാട്ടുകാരെയും അച്ചനു കൂട്ടിനു കിട്ടി. പള്ളിക്കുസമീപത്തുതന്നെ കുറെയധികം സ്ഥലം വെറും മാലിന്യക്കൂമ്പാരമായി കിടക്കുന്നത് അവരുടെ ശ്രദ്ധയിൽപ്പെട്ടു. ഒട്ടും താമസിച്ചില്ല, എല്ലാവരും ചേർന്ന് അവിടം വൃത്തിയാക്കി, വലിയ ഷെഡ്ഡുകൾ ഉണ്ടാക്കി. അതിൽ വാത്ത, കോഴി, ഗിനിക്കോഴി, കരിങ്കോഴി, മുയൽ, താറാവ്, കാട, ആട് എന്നിവ ഒരുമിച്ചുവളർത്താൻ



തുടങ്ങി. വേറേ വേറേ കൂടുകളിലല്ലാതെ സ്നേഹത്തോടെ, പറുദീസയിലെന്നപോലെ ഇവ ഇവിടെ ഒരുമിച്ചുവളരുന്നു. മുട്ടയിടുന്നതും അടയിരിക്കുന്നതും കുഞ്ഞുങ്ങളെ വളർത്തുന്നതുമൊക്കെ ഒരേ കൂടിനുള്ളിൽത്തന്നെ. അവയ്ക്കാവശ്യമായ വെള്ളവും ഭക്ഷണവുമൊക്കെ അവിടെത്തന്നെ ഒരുക്കിക്കൊടുക്കുന്നു. എല്ലാവരും ഒരുമിച്ചുകഴിയുന്നൊരു ലോകം.

**മത്സ്യക്കൂടാരം** – ഫാ. ഡേവിസ് താമസിക്കുന്ന കെട്ടിടത്തിന്റെ ടെറസ്സിൽ 500 ജി.എസ്.എം. ന്റെ പ്ലാസ്റ്റിക് ഷീറ്റുകൊണ്ട് ഒരു കുളമുണ്ടാക്കി, അതിൽ ആസാം വാള, ഗിഫ്റ്റ് തിലോപ്പിയ തുടങ്ങിയ മീനുകളും വളർത്തുന്നുണ്ട്. ആ മീൻകുളത്തിൽനിന്നുള്ള വെള്ളമാണ് ഫ്രൂട്ട്സ് ഗാർഡനിലെ ജലസേചനത്തിനായി ഉപയോഗിക്കുന്നത്.

**പക്ഷിക്കൂടാരം** – ഇനിയുള്ളത് പക്ഷികളാണ്. ഫാ. ഡേവിസ് താമസിക്കുന്ന കെട്ടിടത്തിന്റെ കോറിഡോറിൽ ഒരു വലിയ മുറി നിറയെ പക്ഷികളാണ് – അമേരിക്കൻ പാരറ്റ്സ്, ലൗബേർഡ്സ് തുടങ്ങി, ആഫ്രിക്കൻ ലൗബേർഡ്സ് വരെ നൂറുകണക്കിനു കിളികൾ. അവ നമ്മുടെ കൈത്തണ്ടകളിലും തലയിലുമൊക്കെ നല്ല ഇണക്കത്തോടെ വന്നിരിക്കും, ചിരപരിചിതരെപ്പോലെ.

**കൃഷിത്തോട്ടം** – ഇരുപത്തിയയ്യായിരം ചുവട് മഞ്ഞളുണ്ട് അച്ചന്റെ കൃഷിത്തോട്ടത്തിൽ. ജനുവരിയോടുകൂടി ഇത് വിളവെടുപ്പിനു പാകമാകും. കേരളത്തിലെ നൂറു കർഷകർക്ക് 50 കിലോ വീതം മഞ്ഞൾ സൗജന്യമായി കൊടുക്കാനാണ് അച്ചൻ തീരുമാനിച്ചിരിക്കുന്നത്. അവർ അമ്പതു കിലോ മഞ്ഞൾ അടുത്ത ജനുവരിയിൽ തിരിച്ചുകൊടുക്കണം. അതാണു വ്യവസ്ഥ. അടുത്ത വർഷം ഇത് നൂറുപേർക്കു കൊടുക്കണം. അങ്ങനെ ഒരു ചങ്ങലയായി കേരളം മുഴുവനും ഒരു മഞ്ഞൾവിപ്ലവം ഉണ്ടാക്കണം – അച്ചൻ പറയുന്നു. കാരണം, കൊറോണാക്കാലത്ത് ഇത്രയേറെ രോഗപ്രതിരോധശേഷി നല്കുന്ന മറ്റൊരു ഔഷധവുമില്ല. മഞ്ഞൾ ഒരു നല്ല രോഗാണുനാശിനിയാണ്. മഞ്ഞളിനെ ഒരു കീടവും ആക്രമിക്കുകയില്ല. മഞ്ഞൾ ചേർക്കാത്ത ഒരു ഔഷധവുമില്ല, ഭക്ഷണവുമില്ല. മഞ്ഞൾ മഞ്ഞ സ്വർണ്ണം തന്നെയാണ്. അത്രയേറെ അമൂല്യമാണത്. റബർമരങ്ങളുടെ ഇടയിലാണ് ഇത്രയധികം മഞ്ഞൾ കൃഷി ചെയ്തിരിക്കുന്നത് എന്നതാണ് എടുത്തുപറയേണ്ടത്. അച്ചൻ തന്റെ മഞ്ഞൾകൃഷിത്തോട്ടത്തെക്കുറിച്ചു വാചാലനാവുന്നു. കൂർക്ക, ചോളം, ഇഞ്ചി, പാഷൻ ഫ്രൂട്ട് എന്നിവയും റബർമരങ്ങളുടെ ഇടയിലുള്ള സ്ഥലത്ത് കൃഷി ചെയ്തുവരുന്നു.

പള്ളിയുടെ സെമിത്തേരിയിലും അച്ചൻ കൃഷിയൊരുക്കിയിട്ടുണ്ട് എന്നതാണ് കൗതുകകരം. 200 ചുവട് കുറ്റിക്കുരുമുളകുതൈകൾ ഗ്രോബാഗുകളിൽ അവിടെ വളരുന്നു. കൂർക്ക വിളവെടുത്ത ഇടങ്ങളിലെല്ലാം കാബേജും കോളിഫ്ളവറും ബീറ്റ്റൂട്ടും കൃഷിചെയ്തുതുടങ്ങി. മഞ്ഞുകാലവിളകളാണിവ.

**ക്ലോത്ത് ബാങ്ക്** – കാലഘട്ടത്തിനനുസരിച്ചാവണം ഓരോ പ്രവൃത്തിയും. ലോക്ഡൗൺ കാലത്ത് ആളുകൾ ചില അഗതിമന്ദിരങ്ങളെക്കുറിച്ചു പറഞ്ഞത്, അവർക്കു കഴിക്കാൻപോലും ഒന്നുമില്ല എന്നാണ്. ഇതിനെന്താണൊരു പരിഹാരമാർഗമെന്നു ചിന്തിച്ചതിന്റെ ഫലമാണ് ക്ലോത്ത് ബാങ്ക് എന്ന പുതിയ പ്രവർത്തനപദ്ധതി. അമേരിക്കയിൽ പഴയവസ്ത്രങ്ങൾ വിൽക്കുന്ന കടകളുണ്ട്. അവ വിറ്റുകിട്ടുന്ന പണംകൊണ്ട് അവർ ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യുന്നു. ഇതിൽനിന്നാണ് ക്ലോത്ത് ബാങ്ക് എന്ന ആശയം ഉണ്ടായത്. ‘ക്ലോത്ത് ബാങ്ക് V/S ഫുഡ് ബാങ്ക്’ ഇതിന്റെ അർത്ഥമിതാണ്: “നിങ്ങൾ പഴയ വസ്ത്രങ്ങൾ എനിക്കു തരിക, ഞാൻ വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കാം.”

ഒന്നരമാസമേ ആയുള്ളൂ ക്ലോത്ത് ബാങ്ക് പ്രവർത്തനം ആരംഭിച്ചിട്ട്. ഡിസംബർ 15 ന് മൂന്നാമത്തെ ക്ലോത്ത് ബാങ്ക് വടക്കാഞ്ചേരിയിൽ ഉദ്ഘാടനം ചെയ്തിരിക്കുന്നു.

കടങ്ങാട് ഇൻഫന്റ് ജീസസ് പള്ളിയുടെ ഭാഗമായുണ്ടായിരുന്ന ഒരു പഴയ പള്ളി നന്നാക്കിയെടുത്ത് ക്ലോത്ത് ബാങ്കിനാവശ്യമായ സ്ഥലം ഉണ്ടാക്കി. ആളുകൾ ഈ പ്രസ്ഥാനത്തെ രണ്ടു കൈയും നീട്ടി സ്വീകരിച്ചുകഴിഞ്ഞു. ഉപയോഗയോഗ്യമായ പഴയ വസ്ത്രങ്ങൾ അലക്കിത്തേച്ച് വൃത്തിയായി ആളുകൾ എത്തിച്ചുകൊടുക്കുന്നു. അമ്പതും നൂറും ഇരുന്നൂറും രൂപയ്ക്ക് അതു വിൽക്കുന്നു. ഒന്നരലക്ഷത്തോളം രൂപ ഓരോ മാസവും ലഭിക്കുന്നുണ്ട്. ആ പണം കൊണ്ടാണ് കേരളത്തിലങ്ങോളമിങ്ങോളം അഗതിമന്ദിരങ്ങളിൽ കഴിയുന്ന ഇരുപതിനായിരത്തിലധികം ആളുകൾക്ക് എല്ലാ മാസവും ഒന്നാം തീയതി ബിരിയാണി കൊടുക്കാൻ കഴിയുന്നത്. ബിരിയാണി വാങ്ങുന്നതാകട്ടെ, കേരളത്തിലെ വിവിധ ജയിലുകളിൽനിന്നും. 13 ലക്ഷത്തോളം രൂപ ഓരോ മാസവും ചെലവുവരുന്ന ഒരു പദ്ധതിയാണിത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മലയാളികൾ വസ്ത്രങ്ങൾ അയച്ചുതരുന്നുണ്ട്. അവ വിറ്റുകിട്ടുന്ന പണം ജയിലുകളിലെ അക്കൗണ്ടുകളിലേക്ക് അയയ്ക്കുന്നു. അവർ ബിരിയാണി എത്തിച്ചു കൊടുക്കുന്നു.

കേരളത്തിലെ സാമൂഹിക നീതിവകുപ്പിന്റെയും ജയിൽ വകുപ്പിന്റെയും വൈ.എം.സി.എ.യുടെയും സഹകരണത്തോടെയാണ് ഡേവിസച്ചൻ ഈ പദ്ധതി നടപ്പാക്കുന്നത്. ‘ഹംഗർ ഹണ്ട്’ (പട്ടിണിക്കെതിരേ ഒരു യുദ്ധം) എന്നാണ് ഈ പദ്ധതിയുടെ പേര്. വിശക്കുന്നവന് ഭക്ഷണം, വസ്ത്രമില്ലാത്തവന് വസ്ത്രം, ജോലിയില്ലാത്തവന് ജോലി – ക്ലോത്ത് ബാങ്കിന്റെ ലക്ഷ്യമിതാണ്. ഒരു ക്ലോത്ത് ബാങ്കിൽ നാലു പേർക്ക് ജോലി ലഭിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹാ ഭൂജാതനായപ്പോൾ ഉടുതുണിയോ ഒരു പഴന്തുണിപോലുമോ കിട്ടിയിരുന്നില്ല. അവിടെ ഭക്ഷണമോ വെള്ളമോ ഉണ്ടായിരുന്നില്ല. പാർപ്പിടമുണ്ടായിരുന്നില്ല. അവന്റെ മാതാപിതാക്കൾക്ക് കാലിത്തൊഴുത്തിൽ അഭയം തേടേണ്ടിവന്നു. അതുകൊണ്ടുതന്നെയാണ് ഭക്ഷണം, വസ്ത്രം, തൊഴിൽ എന്നീ മൂന്നുകാര്യങ്ങൾക്ക് അച്ചൻ പ്രാധാന്യം കല്പിക്കുന്നത്.

### മറ്റു സേവനങ്ങൾ

കൊറോണക്കാലത്ത് തൊഴിൽ നഷ്ടപ്പെട്ട പ്രവാസികളുടെ സഹായത്തിനായി ഫാ. ഡേവിസ് ഒരു വീഡിയോ തയ്യാറാക്കിയിരുന്നു. അതിനും ആളുകളിൽനിന്ന് വളരെ നല്ല പ്രതികരണമാണുണ്ടായത്. 180 പേർ 90000 രൂപ വീതം നൽകി. ഒരു കോടി 80 ലക്ഷത്തോളം രൂപ അങ്ങനെ ലഭിച്ചു. നിരവധി പ്രവാസികളെ അതുവഴി ആത്മഹത്യയിൽനിന്നു രക്ഷിക്കാൻ കഴിഞ്ഞു. ഓൺലൈൻ ക്ലാസുകളിൽ പങ്കെടുക്കാൻ ടി.വി. ഇല്ലാതെ ആത്മഹത്യയ്ക്കു ശ്രമിച്ച ഒരു കുട്ടിക്ക് അച്ചൻ തന്റെ ടിവി കൊടുത്തു. അതുപോലെ അദ്ദേഹം ജനങ്ങളോടും അഭ്യർത്ഥിച്ചു. 40 ദിവസം കൊണ്ട് 40 ലക്ഷം രൂപ എറണാകുളത്തെ ഒരു ടി.വി. ഷോറൂമിലേക്ക് നല്ലവരായ ആളുകൾ അയച്ചുകൊടുത്തു. കാസർകോടു മുതൽ തിരുവനന്തപുരം വരെയുള്ള 800 ലധികം കുട്ടികൾക്ക് ടിവി കൊടുക്കുവാൻ അതുവഴി സാധിച്ചു.

“കൊവിഡ് കാലത്ത് നന്മ ചെയ്യാൻ ദൈവം ഓരോരോ അവസരങ്ങൾ സൃഷ്ടിച്ചിരുന്നു. ആ അവസരങ്ങൾ വിനിയോഗിക്കുന്നവനാണ് യഥാർത്ഥ മനുഷ്യൻ,” അച്ചൻ കൂട്ടിച്ചേർക്കുന്നു. കൊവിഡ്ഭീതി നിറഞ്ഞുനിൽക്കുന്ന ഈ ക്രിസ്മസ്കാലത്ത് ഫാ. ഡേവിസ് നല്കുന്ന സന്ദേശം ഇതാണ്: “നിങ്ങൾ നിങ്ങളെ മറക്കുക. സഹജീവികളുടെ വേദനയെ ഓർക്കുക. അവർക്കു നന്മ ചെയ്യുക. അപ്പോൾ ദൈവം നിങ്ങളെ ഓർക്കും. ദൈവം നിങ്ങളെ ഓർക്കണമെന്ന് നിങ്ങൾക്കു നിർബന്ധമുണ്ടെങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ മറക്കുക.”

തയ്യാറാക്കിയത്:
*ഡാലിയ വിജയകുമാർ*



# കണ്ണീരുപ്പു ചേർന്ന കരോൾഗാനം



കുര്യാക്കോസ് നടുവിലേക്കുന്നേൽ

കത്തോലിക്കാസഭയിലെ എട്ടാമത്തെ മാർപാപ്പായായിരുന്ന വി. ടെലസ്ഫോറസിന്റെ ഭരണകാലത്തു രചിക്കപ്പെട്ട 'ഗ്ലോറിയ ഇൻ എക്സ്ചെൾസിസ് ദേ ഓ (Gloria in Excelsis Deo) ആണ് ആദ്യത്തെ ക്രിസ്മസ് കരോൾ എന്നു വിശ്വസിക്കപ്പെടുന്നു. തിരുപ്പിറവിസമയത്ത് മാലാഖമാർ ആലപിച്ച, 'അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി' എന്ന ഗാനമാണ് അതിന്റെ വരികൾ. പിന്നീടുണ്ടായ കരോളുകളിൽ ആദ്യം ശ്രദ്ധേയമായത് മിലാനിലെ മെത്രാനായിരുന്ന വിശുദ്ധ അംബ്രോസ് രചിച്ച 'വേനി റെഡംപ്തോർ ജെൻസിയും' (Veni Redemptor Gentium - ജനതകളുടെ രക്ഷകാ, വരൂ) ആണ്.

തനിക്കുമുമ്പ് ആയിരത്തിലധികം വർഷങ്ങളായി ക്രിസ്മസ് കരോളുകൾ ഉപയോഗത്തിലിരുന്നിട്ടും പന്ത്രണ്ടാം നൂറ്റാണ്ടിൽ ജനിച്ച അസ്സീസിയിലെ വിശുദ്ധ ഫ്രാൻസീസാണ് ക്രിസ്മസ് കരോളുകളുടെ പിതാവ് എന്നറിയപ്പെടുന്നത് എന്നത് ഒരു വിരോധാഭാസമായിത്തോന്നാം. അദ്ദേഹത്തിന്റെ സ്വാധീനഫലമായി ഇന്നത്തെ ജർമ്മനി, ഫ്രാൻസ്, ഇറ്റലി എന്നീ പ്രദേശങ്ങളിൽ സ്വദേശഭാഷകളിൽ നിരവധി ക്രിസ്മസ് കരോളുകൾ രചിക്കപ്പെട്ടു. പതിനഞ്ചാം നൂറ്റാണ്ടിന്റെ പൂർവ്വാർധത്തിൽ ഇംഗ്ലണ്ടുകാരനായ ജോൺ ഓഡ്‌ലേ രചിച്ച 'ക്രിസ്മസ് കരോളുകൾ' എന്ന കൃതിയാണ് ആംഗലഭാഷയിൽ പ്രസിദ്ധീകൃതമായ ആദ്യത്തെ ക്രിസ്മസ് കരോൾ സമാഹാരം. പത്തൊമ്പതാംനൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഒട്ടേറെ ക്രിസ്മസ് കരോൾ സമാഹാരങ്ങൾ പ്രസിദ്ധീകൃതമായതോടെ കരോളുകളുടെ ജനപ്രീതി വീണ്ടും വർദ്ധിച്ചു.

ഇന്നു ലോകത്തിൽ ഏറ്റവും അറിയപ്പെടുന്ന 'സൈലന്റ് നൈറ്റ് ഹോളി നൈറ്റ്' (Silent Night, Holy Night) എന്ന കരോൾ ഓസ്ട്രിയയുടെ സംഭാവനയാണ്. രാജ്യത്തിന്റെ ദേശീയനിധി എന്നാണ് ഓസ്ട്രിയൻ ജനത അതിനെ വിശേഷിപ്പിക്കുന്നത്. അതിലളിതവും ശ്രവണസുന്ദരവുമായ ഈ കരോൾ മൂന്നൂറിലധികം ഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, ക്രിസ്മസ് കാലത്ത് ലോകമെങ്ങും നൂറ്റിനാല്പതോളം ഭാഷകളിൽ ഇത് ആലപിക്കപ്പെടുന്നുമുണ്ട്. അതിന്റെ രചയിതാവ് ജോസഫ് മോർ എന്ന കത്തോലിക്കാവൈദികനും അതിന് ഈണം പകർന്നത് ഫ്രാൻസ് ഗ്രൂബർ എന്ന ഓർഗനിസ്റ്റുമായിരുന്നു.

1816 ൽ മരിയാപ്ഫാർ എന്ന ഓസ്ട്രിയൻ ഗ്രാമത്തിലെ ദൈവാലയത്തിൽ സഹവികാരിയായി ഫാദർ മോർ സേവനം ചെയ്യുന്ന കാലം. ശൈത്യകാലത്തെ ഒരു സായാഹ്നത്തിൽ അദ്ദേഹം ഗ്രാമത്തിലൂടെ നടക്കാനിറങ്ങി. അതിനിടെ ഒരു ഇടവകാംഗത്തിന്റെ ഭവനത്തിൽപ്പോയി ഒരു നവജാതശിശുവിനെ സന്ദർശിക്കാനും അദ്ദേഹം സമയം കണ്ടെത്തി. തിരിച്ചു പള്ളിമേടയിലെത്തിയപ്പോഴേക്കും സൂര്യനസ്തമിക്കുകയും ശക്തിയായ ഹിമപാതം ആരംഭിക്കുകയും ചെയ്തിരുന്നു. ചുരുങ്ങിയ സമയത്തിനുള്ളിൽ വീടുകളുടെ മേൽക്കൂരകളും പരിസരം മുഴുവനും വെൺമഞ്ഞിൽ പൊതിഞ്ഞു. അന്നുകണ്ട പൈതലിന്റെ മാലാഖയ്ക്കു തുല്യമായ സൗകുമാര്യവും ആകർഷകത്വവും അദ്ദേഹത്തിന്റെ മനസ്സിൽ നിറഞ്ഞുനിന്നു. കുറച്ചുനാൾ മുമ്പുവരെ നെപ്പോളിയന്റെ സൈനികാക്രമണത്തിലെ വെടിയൊച്ചയും ദീനരോദനങ്ങളും മുഴങ്ങിനിന്നിടത്ത് ഇതാ പരിപൂർണ്ണനിശ്ശബ്ദതയും സ്വർഗീയമായ ശാന്തിയും! ഫാദർ മോറിന്റെ ഭാവനയും സർഗശക്തിയും ഉണർന്നെഴുന്നേല്ക്കുകയായി. ഒട്ടും താമസിച്ചില്ല, അദ്ദേഹം കുറിച്ചു:

Silent night, Holy night
All is calm, all is bright
'Round yon virgin Mother and Child
Holy Infant so tender and mild
Sleep in heavenly peace
Sleep in heavenly peace.

ആകെ ആറു വരികളിൽ തീർത്ത തന്റെ രചന അത്ര വലിയ കാര്യമൊന്നുമല്ല എന്നു കരുതി ഫാദർ മോർ മാറ്റിവച്ചു. രണ്ടു വർഷത്തോളം അതു പൊടിപിടിച്ചിരുന്നു. അതിനിടെ, 1817 ൽ അദ്ദേഹം ഒബേൺഡോർഫ് (Oberndorf) എന്ന സ്ഥലത്തെ സഹവികാരിയായി സ്ഥലം മാറിപ്പോയി.

ഒബേൺഡോർഫിൽ 1818 ലെ ക്രിസ്മസിനായി ഫാദർ മോറും ഗായകസംഘവും തയ്യാറെടുക്കുന്നതിനിടെ, പാശ്ചാത്യദൈവാലയസംഗീതത്തിന് ഒഴിച്ചുകൂടാനാവാത്ത ഉപകരണമായ ഓർഗൺ പ്രവർത്തനരഹിതമായി. എത്ര ശ്രമിച്ചിട്ടും ക്രിസ്മസിനുമുമ്പ് അതു നന്നാക്കി കിട്ടിയതുമില്ല.

എന്തു ചെയ്യണമെന്നറിയാതെ ഫാദർ മോറും ഓർഗനിസ്റ്റായ ഫ്രാൻസ് ഗ്രൂബറും കുഴങ്ങി. പെട്ടെന്ന് ഫാദറിനൊരു ബുദ്ധി തോന്നി. ഓർഗനു പകരം ഗിത്താറിന്റെ അകമ്പടിയിൽ ആലപിക്കാവുന്ന മറ്റെന്തെങ്കിലും ഗാനം തയ്യാറാക്കി ക്രിസ്മസ് രാത്രിയിൽ ആലപിക്കുക. രണ്ടുവർഷം മുമ്പു താൻ രചിച്ച സൈലന്റ് നൈറ്റ് എന്ന കൃതി പുറത്തെടുത്ത്, അതു ഗിത്താറിനു ചേർന്ന രീതിയിൽ ചിട്ടപ്പെടുത്താൻ അദ്ദേഹം ഗ്രൂബറോട് അഭ്യർത്ഥിച്ചു. മികച്ച സംഗീതജ്ഞനെങ്കിലും ഗിത്താർ വാദനത്തിൽ അത്ര വൈദഗ്ധ്യമില്ലാതിരുന്ന ഗ്രൂബർ പറഞ്ഞു, തനിക്കു ഗിത്താറിൽ മൂന്നു കോർഡുകൾ മാത്രമേ വായിക്കാനറിയൂ എന്ന്. അങ്ങനെയെങ്കിൽ മൂന്നു കോർഡുകൾ മാത്രമുപയോഗിച്ച് പാടാവുന്നവിധം സംഗീതം നല്കുക എന്നായി ഫാദർ മോർ. അങ്ങനെ വെറും രണ്ടുമൂന്നു മണിക്കൂറിനുള്ളിൽ അവർ ചരിത്രം രചിച്ചു. ആ ക്രിസ്മസ് രാവിൽ ഒബേൺഡോർഫ് ദൈവാലയത്തിലെ ഇടവകജനത്തിനുമുമ്പിൽ ഇരുവരും ചേർന്ന് ആ കരോൾ ആലപിച്ച് ഏവരെയും ആനന്ദത്തിന്റെയും ഭക്തിയുടെയും കൊടുമുടിയിലെത്തിച്ചു.

കാലം കുറെ കടന്നുപോയി. ഓർഗൺ നിർമ്മിക്കുന്നതിലും കേടുതീർക്കുന്നതിലും അതിവിദഗ്ധനായിരുന്ന കാൾ മൗറാഖർ ഒരു ദിവസം ഒബേൺഡോർഫ് ദൈവാലയത്തിലെ കേടായ ഓർഗൺ നന്നാക്കാനെത്തി. ജോലിക്കിടയിൽ സൈലന്റ് നൈറ്റിന്റെ ഒരു മൂലകൈയെഴുത്തുപ്രതി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അതു പകർത്തിയെടുത്ത് അദ്ദേഹം തന്റെ ഗ്രാമവാസികളായ ചില നാടോടിഗായകരെ പരിശീലിപ്പിച്ചു. പ്രസ്തുത ഗായകർ ക്രിസ്മസ് കാലങ്ങളിൽ ഉത്തരയൂറോപ്പിലെങ്ങും സഞ്ചരിച്ച് ഈ കരോളിനു വൻപ്രചാരം നൽകി. കാലക്രമേണ പ്രഷ്യൻ രാജാക്കന്മാരായ ഫ്രഡറിക് വില്യം മൂന്നാമൻ, ഫ്രഡറിക് വില്യം നാലാമൻ ഓസ്ട്രിയൻ ചക്രവർത്തിയായ ഫ്രാൻസ് ജോസഫ് ഒന്നാമൻ തുടങ്ങിയവരുടെ രാജസദസ്സുകളിൽ സൈലന്റ് നൈറ്റ് അവതരിപ്പിക്കപ്പെട്ടു. ഫ്രഡറിക് വില്യം നാലാമന്റെ ഏറ്റവും പ്രിയപ്പെട്ട ക്രിസ്മസ് കരോൾ ഇതുതന്നെയായിരുന്നു. ക്രിസ്മസ് കാലത്ത് എല്ലാ വർഷവും ഇത് ആലപിക്കണമെന്ന് കത്തീഡ്രൽ ഗായകസംഘത്തോട് അദ്ദേഹം ആജ്ഞാപിച്ചു.


സൈലന്റ് നൈറ്റിന്റെ സംഗീതക്രമീകരണത്തിലും ഗാനത്തിന്റെ വരികളിലും കാലക്രമേണ ചില്ലറ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. അമേരിക്കയിൽ ക്രിസ്മസിനു മുമ്പുള്ള ഒരു മാസക്കാലം അസംഖ്യം ക്രൈസ്തവദൈവാലയങ്ങളിലും ഒട്ടുമിക്ക സാംസ്കാരികകേന്ദ്രങ്ങളിലും ക്രിസ്മസ് കരോളുകൾ അവതരിപ്പിക്കുന്നത് നൂറ്റാണ്ടുകളായി അനുവർത്തിച്ചുവരുന്ന ഒരു പതിവു ചടങ്ങാണ്. തിരഞ്ഞെടുക്കാൻ നൂറുകണക്കിനു കരോൾഗാനങ്ങളുണ്ടെങ്കിലും അത്തരം ഒരു പ്രോഗ്രാമിലും 'സൈലന്റ് നൈറ്റ്' ഒഴിവാക്കപ്പെടാറില്ല എന്നതാണു സത്യം. □



# മഹാഗുരുവിന്റെ പാദങ്ങളിൽ

**ശാന്തിയുടെയും സമാധാനത്തിന്റെയും പ്രതീകമാണ് ക്രിസ്മസ്. ലോകനന്മയ്ക്കായി ദൈവം ഭൂമിയിലവതരിച്ചതിന്റെ ഓർമദിനം. പുതിയ പ്രതീക്ഷകളുടെയും ആഘോഷങ്ങളുടെയും സുദിനമാണ് ക്രിസ്മസ്.**

**തിരക്കഥാകൃത്ത്, എഴുത്തുകാരൻ, സിനിമാസംവിധായകൻ, ഗാനരചയിതാവ് എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീകുമാരൻതമ്പി തന്റെ ക്രിസ്മസ് ചിന്തകൾ ദീപനാളം വായനക്കാർക്കായി പങ്കുവയ്ക്കുന്നു:**



**ബൈബിൾപഠനം ജീവിതത്തെ സ്വാധീനിച്ചത്**

ഞാൻ ഹിന്ദുവായി ജനിച്ച് ഹിന്ദുവായി ജീവിക്കുന്ന ഒരാളാണെങ്കിലും ബൈബിൾ നന്നായി പഠിച്ചയാളാണ്. എന്റെ 'കുട്ടനാട്' എന്ന നോവൽ കുട്ടനാട്ടിലെ ക്രിസ്ത്യാനികളുടെ കഥയാണ്. അതിൽ ഓരോ അധ്യായവും ആരംഭിക്കുന്നത് ഓരോ ബൈബിൾ വചനം ഉദ്ധരിച്ചുകൊണ്ടാണ്.

**രചനകളിലെ ക്രിസ്തുദേവൻ**

യേശുദേവനെക്കുറിച്ച് എന്തെങ്കിലും എഴുതാൻ ഇരിക്കുംമുൻപ് ബൈബിളിലെ വരികൾ ഞാൻ ഓടിച്ചുനോക്കാറുണ്ട്. ആ നിമിഷം മനസിൽ ഒരു വെളിച്ചം ജ്വലിക്കുന്നതായി തോന്നാറുണ്ട്. ബൈബിളിലെ യേശുദേവനെ ആഴത്തിൽ പഠിക്കാനായതുകൊണ്ടുമാത്രമാണ് 'സത്യനായകാ മുക്തിദായകാ, പുൽത്തൊഴുത്തിൻ പുളകമായ സ്നേഹഗായകാ' എന്ന ഗാനം എനിക്ക് എഴുതാനായത്. ബൈബിളിന്റെ സന്ദേശം പൂർണ്ണമായും ഉൾപ്പെടുത്തിയാണ് ആ ഗാനം രചിച്ചിട്ടുള്ളത്. ഇത്തരത്തിൽ ഇരുപതോളം ക്രിസ്തീയഭക്തിഗാനങ്ങൾ ഞാൻ രചിച്ചിട്ടുണ്ട്.

**ശ്രീകുമാരൻ തമ്പിയെന്ന എഴുത്തുകാരൻ ക്രിസ്മസിനെ നോക്കിക്കാണുന്നത്**

ലോകനന്മയ്ക്കായി ഭൂമിയലവതരിച്ച ദൈവപുത്രനാണ് യേശുദേവൻ. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തു സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമാണ്. ലോകം കണ്ട ഏറ്റവും വലിയ ഗുരുവാണ് യേശുക്രിസ്തുവെന്ന് ഞാൻ പറയും. യേശുക്രിസ്തുവിനെക്കാൾ വലിയൊരു ഗുരു ഈ ലോകത്തിൽ വേറെ ഉണ്ടായിട്ടില്ല. ശ്രീകൃഷ്ണനെയും കുചേലനെയും പഠിപ്പിച്ച സാന്ദീപനി മഹർഷി, അർജ്ജുനനെയും ദുര്യോധനനെയും പഠിപ്പിച്ച ദ്രോണാചാര്യർ തുടങ്ങി അനവധി ഗുരുക്കന്മാരെക്കുറിച്ചു നമ്മൾ കേട്ടിട്ടുണ്ട്. ഇവർക്കൊക്കെ ഗുരുദക്ഷിണ വാങ്ങിയാണ് ശീലം. എന്നാൽ, ശിഷ്യന്റെ പാദം കഴുകിയ ഗുരു വേറെയാരുമില്ല, അത് യേശുദേവൻ മാത്രമാണ്. എളിമയുടെ പ്രതീകമായിരുന്നു ക്രിസ്തു. യേശു ലോകനന്മയ്ക്കായി മണ്ണിൽ അവതരിച്ചതാണല്ലോ ക്രിസ്മസ്. മണ്ണിൽ പിറന്നവരാരും ഇത്രയേറെ വിനയം കാട്ടിയതായി അറിയില്ല. ഇന്ന് ഒരു പഞ്ചായത്തു മെമ്പർപോലും രാജാവിനെപ്പോലെ നടക്കുന്ന കാലമാണെന്നോർക്കണം.

**സിനിമയിൽ ബൈബിളിന്റെ സ്വാധീനം**

ഞാൻതന്നെ കഥയും തിരക്കഥയുമെഴുതി സംവിധാനം ചെയ്ത 'ജീവിതമൊരു ഗാന'മെന്ന ചിത്രത്തിൽ ക്രിസ്ത്യാനികളുടെ കഥയാണ് പറയുന്നത്. റാന്നി കോലഞ്ചേരി ഭാഗത്തുള്ള ഇടനാട്ടുകാരായ ക്രിസ്ത്യാനികളുടെ കഥയാണത്. യേശുവിന്റെ വചനവും കാഴ്ചപ്പാടുകളുമെല്ലാം ആ ചിത്രത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രിസ്ത്യൻ കഥാപാത്രങ്ങളെ മാത്രം ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്നു പടം പൂർത്തീകരിച്ചത്. ആദ്യകാല ക്രിസ്ത്യാനികൾ മരച്ചീനിക്കൃഷിയിൽനിന്ന് റബർകൃഷിയിലേക്കു വളർന്ന കഥയാണ് ചിത്രം പറയുന്നത്. ഇത്തരത്തിൽ ക്രിസ്ത്യൻജീവിതവും കാഴ്ചപ്പാടുകളും സിനിമയിലേക്കും രചനയിലേക്കും പകർത്താൻ എനിക്കു കഴിഞ്ഞത് യേശുവിന്റെ കാഴ്ചപ്പാടുകൾ ഉൾക്കൊള്ളാനായതാണ്.

**മറക്കാനാവാത്ത ക്രിസ്മസ് ഓർമ്മ**

ഞാൻ മദ്രാസിൽ എഞ്ചിനീയറിംഗിനു പഠിക്കുന്ന കാലം. അന്നെനിക്ക് 20 വയസ്സാണു. കൃത്യമായി പറഞ്ഞാൽ, 1967-ലെ ഒരു ക്രിസ്മസ് ദിനം. പഠനാവശ്യവുമായി ബന്ധപ്പെട്ട് തിരക്കുള്ളതിനാൽ ആ ക്രിസ്മസിന് ഞാൻ നാട്ടിൽ പോയില്ല. അന്ന് എവിടെയും ക്രിസ്മസിന്റെ ആഘോഷങ്ങളാണ്. തിരക്കുകൾക്കിടയിലൂടെ നടന്ന ഞാൻ ഉച്ചഭക്ഷണം കഴിക്കാൻ ഒരു ഹോട്ടലിൽ കയറി. അന്ന് അമ്പതു പൈസയാണ് ഊണിന്. ഞാൻ ഭക്ഷണം കഴിച്ചുകൊണ്ടിരിക്കേ ഒരു അച്ഛനും മകളും ആഹാരം കഴിക്കാൻ വന്നു. നാല്പതു വയസ്സു പ്രായം തോന്നിക്കുന്ന പിതാവും പത്തു വയസ്സുകാരി മകളും. അവരുടെ വേഷവിധാനത്തിൽനിന്നുതന്നെ അവർ ക്രിസ്ത്യാനികളാണെന്ന് എനിക്കു മനസിലായി. അച്ഛൻ ഒരു ഊണുവാങ്ങിയശേഷം സപ്ലയറോട് ഒരു പ്ളേറ്റ്കൂടെ തരാൻ ആവശ്യപ്പെട്ടു. ആ അച്ഛനും മകളും ആ ഊണു പകുത്തു കഴിക്കുന്നത് ഞാൻ കണ്ടു. പകുതിച്ചോറായതുകൊണ്ടുതന്നെ അവൾ അതു പെട്ടെന്നു കഴിച്ചു. ഞാൻ അവളുടെ മുഖത്തേക്കു നോക്കി. ഭക്ഷണം അവൾക്കു മതിയായില്ലായെന്നു മനസിലാക്കിയ ഞാൻ അവളോടു ചോദിച്ചു, നിനക്കു ചോറു വേണോ? മൗനമായിരുന്നു അവളുടെ മറുപടി. ഞാൻ സപ്ലയറെ വിളിച്ച് 'ഒരു ഊണുകൂടി ഇവർക്കു നല്കൂ, ഞാൻ പണം തരാ'മെന്നു പറഞ്ഞു. രണ്ടാമതും സപ്ലയർ ചോറ് കൊണ്ടുവന്നു. പക്ഷേ, അവൾ ആ ചോറു കഴിക്കാതെ എഴുന്നേറ്റു പോകുന്നതാണ് ഞാൻ കണ്ടത്. എനിക്ക് ആശ്ചര്യവും സങ്കടവും തോന്നി. പെട്ടെന്നാണ് മറ്റൊരു പയ്യനുമായി അവൾ വീണ്ടും കയറി വന്നത്. അന്വേഷിച്ചപ്പോൾ അത് അവളുടെ സഹോദരനാണെന്നും അവനും ഒന്നും കഴിച്ചിരുന്നില്ലയെന്നും എനിക്കു മനസിലായി. വലിയ സന്തോഷത്തോടെ അവൻ ആ ചോറു വാരി കഴിച്ചത് ഞാൻ ഇന്നും ഓർക്കുന്നു. ഉള്ളവൻ ഇല്ലാത്തവനു നൽകണമെന്ന ക്രിസ്തുവചനത്തിന്റെ മഹത്ത്വം അന്നാണ് എനിക്കു മനസിലായത്.


ശ്രീകുമാരൻ തമ്പി

**ക്രിസ്മസ് സന്ദേശം**

ഭൂമിയിലുള്ള മുഴുവൻ മനുഷ്യരും ശാന്തിയോടെയും സമാധാനത്തോടെയും ഇരിക്കണമെന്നതാണ് യേശുക്രിസ്തുവിന്റെ ആഗ്രഹം. അതാണല്ലോ ക്രിസ്മസ് മുന്നോട്ടു വയ്ക്കുന്ന ആശയവും. പരസ്പരം സ്നേഹിച്ചും പങ്കുവച്ചും ദൈവത്തെ അനുസരിച്ചും ജീവിക്കാൻ എല്ലാവരും തയ്യാറാകണം. അക്രമങ്ങളും അഹങ്കാരവുമെല്ലാം വെടിയാൻ നാം ശ്രമിക്കണം. ശത്രുവിനെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തു ലോകനന്മയ്ക്കായാണ് ഈ മണ്ണിൽ മനുഷ്യനായി ജീവിച്ചത്. അദ്ദേഹത്തിന്റെ വചനങ്ങൾ അനുസരിച്ചു ജീവിക്കാൻ എല്ലാവർക്കും കഴിയട്ടേയെന്നാശംസിക്കുന്നു. ദീപനാളത്തിന്റെ മാന്യവായനക്കാർക്ക് ശാന്തിയുടെയും സമാധാനത്തിന്റെയും ക്രിസ്മസ് ആശംസകൾ. ■

---

**ശ്രേഷ്ഠമലയാളം**
**ഡോ. ഡേവിസ് സേവ്യർ**

## തിരുപ്പിറവി

നിലവിലുള്ള നിയമങ്ങളെ ശിഥിലമാക്കുന്ന പ്രവണതകൾ ദ്വിത്വസന്ധിയിൽ ഏറെയുണ്ട്. വിധിയെക്കാൾ അപവാദങ്ങൾ മുന്നിട്ടുനിൽക്കുന്നു. അപവാദങ്ങൾക്ക് നിയമം ചെയ്യേണ്ട അവസ്ഥ വന്നുചേർന്നിരിക്കുകയാണ്. അത്രമേൽ പ്രമാണങ്ങൾ തകിടംമറിഞ്ഞിരിക്കുന്നു. ജീവൽഭാഷയിൽ ഇവയൊക്കെ സ്വാഭാവികമാകാം. എന്നാൽ, അത്തരം മാറ്റങ്ങളെ കണ്ടില്ലെന്നു നടിക്കാനാവില്ല.

"വിശേഷണവിശേഷ്യങ്ങൾ/ പൂർവ്വോത്തരപദങ്ങളായ്/ സമാസിച്ചാലിരട്ടിപ്പു/ ദൃഢംപരപദാദിഗം" (കാരിക 13)* എന്നു കേരളപാണിനി ദ്വിത്വത്തെ ഉത്സർഗ്ഗവിധിയായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ, ഇതിന് ഒട്ടേറെ അപവാദങ്ങളുണ്ട്.

കേവലധാതുവോ ശുദ്ധഭേദകമോ പൂർവ്വപദമായാൽ പ്രായേണ സമാസത്തിൽ ദ്വിത്വമില്ല*. മുൻപറഞ്ഞ സാമാന്യനിയമത്തിനു വിരുദ്ധമായ നിലപാടാണിത്. ധാതു: ഉടുതുണി, ചുടുകട്ട, വറചട്ടി, നിറകുടം, ഭേദകം: ചെറുകഥ, മറുചെവി, ചെറുതേൻ, ചെറുതൊട്ടിൽ എന്നിങ്ങനെ ഉത്തരപദാദിയിലെ ദൃഢവർണ്ണം ഇരട്ടിക്കാത്തതിന് ഒട്ടേറെ ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിക്കാനാകും.

ഇവയ്ക്കും പ്രത്യുദാഹരണങ്ങൾ ധാരാളമായി ഉണ്ട്. പുതുക്കാലം, കളിപ്പാട്ടം, ചിരിക്കുടുക്ക, തിരുപ്പിറവി എന്നിങ്ങനെ. ഇവയൊക്കെ അപവാദത്തിന്റെ അപവാദങ്ങളാണല്ലോ. തന്നെയുമല്ല ഉത്സർഗ്ഗവിധിയോട് ചേർന്നു നിൽക്കുന്ന പ്രവണതയും കാണിക്കുന്നു. പ്രയോഗംതന്നെ പ്രമാണം എന്നു പറയാവുന്ന സ്ഥിതിവിശേഷം ഇവിടെക്കാണാം. ഈ രൂപങ്ങളെല്ലാം പ്രമുഖ നിഘണ്ടുകാരന്മാർ അംഗീകരിച്ചിട്ടുമുണ്ട്. ഇനി ഇവയെ തള്ളിക്കളയാനാവില്ല.

'തിരു' എന്നത് 'തൃ' ആകുന്ന പ്രത്യേകതയും ദ്വിത്വസന്ധിയിലുണ്ട്. തിരു+കൈ=തൃക്കൈ, തിരു+പാദം=തൃപ്പാദം. തിരുവിതാംകൂറും കൊച്ചിയും ചേർന്നു രൂപപ്പെട്ട സംസ്ഥാനം തിരുകൊച്ചിയാണ് 'തിരുക്കൊച്ചി'യല്ല. കൊച്ചിയുടെ വിശേഷണമല്ല 'തിരു' എന്നു ന്യായം. 'തിരുക്കൊച്ചി' അപവാദരൂപംതന്നെ; എങ്കിലും പ്രചരിച്ചിരിക്കുന്നു!

* രാജരാജവർമ്മ, എ.ആർ., കേരളപാണിനീയം, എൻ.ബി.എസ്., കോട്ടയം, 1988, പുറം: 130

* രാമചന്ദ്രപൈ, കെ.വി., വ്യാകരണപഠനങ്ങൾ, ലില്ലി പബ്ലിഷിങ് ഹൗസ്, ചങ്ങനാശ്ശേരി, 2009, പുറം: 50

**മികച്ച സംരംഭകയും പാചകവിദഗ്ധയുമായ പാലാ ഞാവള്ളിമംഗലത്തിൽ ആൻസി മാത്യു ക്രിസ്മസ് ഓർമകൾക്കൊപ്പം അനേകർക്കു പ്രചോദനമായ തന്റെ കർമമണ്ഡലത്തിലെ ജീവിതാനുഭവങ്ങളും വായനക്കാരുമായി പങ്കുവയ്ക്കുന്നു:**

# പഠിക്കാനും പണം നേടാനും മധുരിക്കുമീ പാചകം



ആൻസി മാത്യുവും മകൾ ലിറ്റിൽ ഷെഫ് മീര മാത്യുവും ഓൺലൈൻ ക്ലാസിൽ

ക്രിസ്മസ്, ആഘോഷങ്ങളുടെ കാലമാണ്. രക്ഷകൻ മനുഷ്യനായി മണ്ണിലവതരിച്ച സുദിനം. പ്രാർത്ഥനയും നന്ദിപറച്ചിലും ആഹ്ലാദാരവങ്ങളുമൊക്കെയായി നാം തിരുപ്പിറവി ആഘോഷിക്കുന്നു.

ക്രിസ്മസ്, കേക്കുകളുടെ ഉത്സവകാലംകൂടിയാണ്. വിവിധ നിറത്തിലും തരത്തിലുമുള്ള കേക്കുകൾ ബേക്കറികളിലും വീടുകളിലും നിറയുന്ന കാലം.

കുട്ടിക്കാലത്തെ ക്രിസ്മസ് ആഘോഷങ്ങളിൽ കേക്ക് കഴിച്ച ഓർമകളൊന്നുമില്ല. കടകളിലൊക്കെ ചില്ലുകൂട്ടിൽ ഇരിക്കുന്നതു കാണുന്നതല്ലാതെ വീട്ടിൽ വാങ്ങുന്ന പതിവൊന്നുമില്ല. അഞ്ചാംക്ലാസിലെ ക്രിസ്മസ് കാലത്താണ് അമ്മവീട്ടിൽവച്ച് കേക്കുണ്ടാക്കുന്നത് ആദ്യമായി കാണുന്നത്. അന്നു കഴിച്ച ആ കേക്കിന്റെ സ്വാദ് ഇന്നും എന്റെ നാവിൻതുമ്പിലുണ്ട്. അന്ന് അവിടെയുണ്ടാക്കിയ കേക്കിന്റെ പാചകവിധി ചോദിച്ചു മനസ്സിലാക്കി. എന്റെ വീട്ടിൽവന്ന് ഞാൻ കേക്കുണ്ടാക്കി.

ഇന്നത്തെപ്പോലെ ആധുനിക പാചകസംവിധാനങ്ങളൊന്നുമില്ലാത്ത കാലം. മണലിലായിരുന്നു ബേക്ക് ചെയ്യുന്നതിനുള്ള അടുപ്പ് തയ്യാറാക്കിയിരുന്നത്. വലിയ പാത്രത്തിൽ മണൽ നിറച്ച് ചൂടാക്കും. കേക്കിന്റെ മാവ് തയ്യാറാക്കിയത് ഒരു അലുമിനിയം പാത്രത്തിലൊഴിച്ച് നന്നായി അടച്ച് ചുട്ടുപഴുത്ത മണലിൽ ഇറക്കിവയ്ക്കും. മീതേ ചകിരി കത്തിച്ച കനൽ നിരത്തും. അതാണ് അന്നത്തെ ഓവൻ. നിശ്ചിതസമയത്തിനുള്ളിൽ കേക്ക് പാകമാകും. പുറത്തെടുക്കുമ്പോൾ കടകളിൽ കാണുന്നതുപോലെയുള്ള കേക്ക്! വളരെ അദ്ഭുതം തോന്നിയിട്ടുണ്ട്. ആ അദ്ഭുതമാണ് പാചകലോകത്തേക്ക് എന്നെ കൈപിടിച്ചു നടത്തിയത്.

2010 ലെ ഒരു ക്രിസ്മസ് കേക്ക് മത്സരത്തിൽ പങ്കെടുക്കാൻ സാധിച്ചതോടെയാണ് പാചകരംഗം ഒരു തൊഴിൽമേഖലയായി തിരഞ്ഞെടുക്കാനുള്ള തീരുമാനമെടുത്തത്. ആ മത്സരത്തിനുവേണ്ടി പരമ്പരാഗത കേക്കുനിർമ്മാണരീതികളിൽ നിന്നു മാറിച്ചിന്തിച്ചു. കേരളത്തിൽ സുലഭമായ ചക്കയായിരുന്നു അന്നു ഞാൻ വ്യത്യസ്തതയ്ക്കുവേണ്ടി തിരഞ്ഞെടുത്തത്. ചക്കയും ചക്കക്കുരുവും ഉണക്കിപ്പൊടിച്ച് മൈദയ്ക്കു പകരം ഉപയോഗിച്ചു. അതു വളരെ വിജയകരമായിരുന്നു. അന്നത്തെ വിജയം ചക്ക ഉപയോഗിച്ച് ഉണ്ടാക്കാവുന്ന വിവിധ ആഹാര സാധനങ്ങളെക്കുറിച്ചും ചക്കയുടെ മൂല്യവർധിതോത്പന്നങ്ങളെക്കുറിച്ചുമുള്ള ഗവേഷണത്തിലേക്ക് എന്നെ നയിച്ചു.

ലോക്ഡൗൺ കാലത്ത് വീടുകളിൽനിന്നു പുറത്തിറങ്ങാനാവാതെ, വരുമാനമൊന്നുമില്ലാതെ നിരാശയിലകപ്പെട്ടിരുന്ന നിരവധി ആളുകൾക്ക് പുതിയ തൊഴിൽ വഴികൾ കണ്ടെത്തുന്നതിനു സഹായകമായ ക്ലാസുകൾ സംഘടിപ്പിച്ചു. അങ്ങനെ തുടങ്ങിയതാണ് ഫ്ളേവേഴ്സ് ഓഫ് ആൻസി എന്ന യൂട്യൂബ് ചാനൽ. പഴങ്ങളും പച്ചക്കറികളും മൂല്യവർധിതോത്പന്നങ്ങളാക്കി മാറ്റുന്നതിനും പുതിയ പാചകവിധികൾ കണ്ടെത്തുന്നതിനും പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും ഇതുവഴി സാധിക്കുന്നു. അതുകൂടാതെ വ്യവസായവകുപ്പ്, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ തുടങ്ങിയ സർക്കാർ ഏജൻസികൾക്കും റെസിഡൻഷ്യൽ അസോസിയേഷനുകൾ, മഹിളാസമാജങ്ങൾ, പള്ളിവക സ്വാശ്രയസംഘങ്ങൾ, കുടുംബശ്രീയൂണിറ്റുകൾ തുടങ്ങി പല സ്ഥാപനങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുംവേണ്ടി പഴങ്ങളുടെയും പച്ചക്കറികളുടെയും, പ്രത്യേകിച്ച് ചക്കയുടെ മൂല്യവർധിതോത്പന്നങ്ങളെക്കുറിച്ച് ക്ലാസുകൾ നടത്താറുണ്ട്. കേരളത്തിലങ്ങോളമിങ്ങോളം ഇത്തരം ക്ലാസുകൾ നടത്താൻ സാധിച്ചിട്ടുണ്ട്.

2018 ലെ ഷാർജ ഇന്റർനാഷണൽ ബുക്ക് ഫെയറിൽ 'One day for Jack fruit' എന്ന പേരിൽ ഒരു ലൈവ് കുക്കറി ഷോ അവതരിപ്പിക്കാൻ സാധിച്ചു. ഏഷ്യയിലെ ഏറ്റവും വലിയ പുസ്തകമേളയാണിത്. വിവിധ രാജ്യങ്ങളിൽനിന്നായി ഇരുപതു ലക്ഷത്തിലേറെ ആളുകൾ സന്ദർശിക്കുന്ന ഒരു മഹാമേള. 'ചക്കവിഭവങ്ങൾ' എന്ന പേരിൽ ഒരു പുസ്തകം ഡി സിബുക്സ് പുറത്തിറക്കിയിട്ടുണ്ട്. വളരെയധികം ആളുകൾക്കു വിവിധ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ ഈ പുസ്തകം പ്രചോദനമായിട്ടുണ്ട്.

ഈ ക്രിസ്മസിനോടനുബന്ധിച്ച് ഞാൻ തയ്യാറാക്കിയിട്ടുള്ളത് കറ്റാർവാഴ അടിസ്ഥാനമാക്കിയിട്ടുള്ള കേക്കാണ്. ആരോഗ്യത്തിനും സൗന്ദര്യത്തിനും വളരെ ഗുണപ്രദമായ ഒരു ഔഷധസസ്യമാണ് കറ്റാർവാഴ. പലതരം പഴവർഗ്ഗങ്ങളും ഡ്രൈ ഫ്രൂട്സും ഉപയോഗിച്ചുള്ള കേക്കും ഈ വർഷത്തെ പ്രത്യേകതയാണ്.

ലോക്ഡൗൺ തീരാൻ കാത്തിരുന്നിട്ടും അവസാനമില്ലാതെ നീണ്ടുപോകുന്ന ഒരവസരത്തിലാണ് ഞാൻ ഓൺലൈൻ ക്ലാസുകൾ ആരംഭിച്ചത്. ധാരാളം ആളുകൾ തൊഴിലും വരുമാനവും നഷ്ടപ്പെട്ട് വീട്ടിലിരുന്നപ്പോൾ നടത്തിയ ഈ ക്ലാസുകൾ പലർക്കും വരുമാനവർദ്ധനയ്ക്കുതകിയെന്നത് സന്തോഷമുളവാക്കുന്ന കാര്യമാണ്. ഇത് ഒരു ബേക്കിംഗ് ക്ലാസ് മാത്രമായിരുന്നില്ല. പച്ചക്കറി, ഫലവർഗ്ഗങ്ങൾ മുതലായവയുടെ മൂല്യവർധിതോത്പന്നങ്ങൾ നിർമിക്കുന്ന ഒരു ക്ലാസായിരുന്നു അത്.

നാലുമണിക്കൂർ നീളുന്ന ഒരു ക്ലാസാണ് ഒരു ദിവസം കൊടുക്കുന്നത്. അതിൽ നാലോ അഞ്ചോ കേക്കുകളുടെ പാചകരീതി ഉണ്ടായിരിക്കും. അത്രയും കേക്കുകൾ ലൈവായി ഉണ്ടാക്കിക്കാണിക്കുകയാണു ചെയ്യുന്നത്. ക്ലാസിനുശേഷം നടത്തുന്ന ഒരു ഇന്ററാക്ഷൻ സെഷനിലൂടെ സംശയങ്ങൾ പരിഹരിക്കാൻ സാധിക്കും. മാത്രമല്ല, ഈ ക്ലാസുകളുടെ വീഡിയോയും പഠിതാക്കൾക്കു കൊടുക്കുന്നുണ്ട്. ആഴ്ചയിൽ പതിനായിരം രൂപയിലധികം വീട്ടിലിരുന്ന് സമ്പാദിക്കുന്ന വനിതകൾ ഈ ഗ്രൂപ്പിലുണ്ട്.

കേക്കുകൾ മാത്രമല്ല, ചോക്ലേറ്റിന്റെയും കുക്കീസിന്റെയും വിവിധയിനങ്ങൾ തുടങ്ങി പലതരം വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം ഓൺലൈൻ ക്ലാസുകളിലൂടെ നൽകിവരുന്നു.

---

പ്രണയപാഠാവലി 65



**ഡോ. ആന്റണി ജോസ്**

# ചാരം മൂടിയ കനലുകൾ

മനസ്സിന്റെ നിരവധിയായ പ്രതിരോധതന്ത്രങ്ങളിൽക്കൂടി കടന്നുപോകുകയാണല്ലോ. ഇനിയുള്ള ഒന്ന് 'സ്വയംനിന്ദന'മാണ്.

വീട്ടുകാരനും ഭാര്യയും തമ്മിൽ തർക്കം മൂത്തപ്പോൾ ഭാര്യ പറഞ്ഞു: "എനിക്കു പണോം പ്രതാപോമൊന്നുമില്ലന്നേ... പാവപ്പെട്ടോരാ എന്റെ കാർന്നോന്മാര്..."

ഒരു പ്രത്യേകതരം സുല്ലിടീലാണിത്. ഭർത്താവിന്റെയടുത്ത് വാദിച്ചു നേടാമെന്നു കരുതിയെങ്കിലും നടന്നില്ല. അപ്പോഴാണ് സ്വന്തം ബലഹീനതയെ അല്പം സെന്റിമെന്റ്സ് ചേർത്ത് അവതരിപ്പിച്ചുനോക്കിയത്. അങ്ങനെയെങ്കിലും പ്രശ്നം തീർന്നുകിട്ടുമല്ലോ. അതിന് സ്വയം തോറ്റുകൊടുക്കുക; അതാണ് തന്ത്രം.

ഇതേ രൂപത്തിൽ ഭർത്താവും പെരുമാറിയെന്നിരിക്കും.

"അതേടീ, ഞാൻ മൊരടനാടീ... എനിക്കു പെരുമാറാനറിയത്തില്ല. സംസാരിച്ചാൽ കുഴപ്പം, സംസാരിച്ചില്ലേൽ കുഴപ്പം..." അയാൾ മടുത്തുകഴിഞ്ഞു. നിവൃത്തികേടിന്റെ പുറത്ത് അവജ്ഞകൊണ്ട് സ്വയം കുപ്പായം തുന്നുകയാണ്.

ചിലർക്കത് 'ഇനിയുമുപദ്രവിക്കരുതേ...' എന്ന യാചനയാണ്.

ഭീഷണിയായിട്ടെടുക്കുന്നവരുമുണ്ട്. അതായത്, തന്നെ ഇരുത്താനാണു ഭാവമെങ്കിൽ ഏതറ്റംവരെയും പോയിരിക്കുമെന്ന്.

ഒട്ടും ആരോഗ്യകരമായ നടപടിയല്ല സ്വയംനിന്ദനം. പങ്കാളി സ്വയം ഇടുങ്ങിപ്പോകുന്നത് ഇണയ്ക്ക് (പ്രത്യേകിച്ച് ഭാര്യയ്ക്ക്) ഉൾക്കൊള്ളാനായില്ല. എത്ര കലഹിച്ചാലും ഭാര്യയ്ക്ക് ഭർത്തൃസ്ഥാനം വലുതുതന്നെയാണ്.

നിർവാഹക്കേടുമൂലം കാട്ടിക്കൂട്ടുന്നതായതുകൊണ്ട്, പ്രശ്നങ്ങൾ ഒരിക്കലും തീരുന്നില്ല. വിദ്വേഷവും പ്രതികാരബുദ്ധിയും ചാരംമൂടിയ കനൽകണക്കെ മനസ്സിൽ കൊണ്ടുനടക്കാം. അനുകൂലസാഹചര്യങ്ങളിൽ പൊട്ടിത്തെറിക്കുകയും ചെയ്യും.

തന്റെ ബലഹീനതയ്ക്ക് സ്വയം കല്പിച്ചുനൽകിയ ശിക്ഷയായും സ്വയംനിന്ദനം കടന്നുവരാറുണ്ട്. ഇത് കൂടുതൽ ഗുരുതരമായ സ്ഥിതിവിശേഷമാണ്. നിരവധി ശാരീരിക - മാനസികരോഗങ്ങൾ ഉണ്ടാകുന്നതിനു കാരണവുമാണ്.

---

**കവിത**

**ഫാ. ജോസഫ് ചിറ്റിലപ്പിള്ളി**

## കൂടെയിരിക്കുവാൻ

കൂട്ടുപിരിഞ്ഞതിൻ നൊമ്പരം പോക്കുവാൻ
കൂട്ടുപിരിഞ്ഞു നീ വന്നിതല്ലോ
കൂട്ടമായ് ഞങ്ങളിന്നാരാധിച്ചീടട്ടെ
കാലിത്തൊഴുത്തല്ലോ ജന്മഗേഹം.
ആഗോളമാധ്യമ ബന്ധങ്ങൾ നീളുന്നു
ആമോദമത്രയും ശുഷ്കമത്രേ
ആഘോഷവേളയോ തെല്ലും കുറവില്ല
ആത്മാവിൻ ശൂന്യത ശേഷിക്കുന്നു.
കൂടെയിരിക്കാനും ധൈര്യം പകരാനും
കൂടെ വസിക്കും നീ ഇമ്മാനുവേൽ
കൂട്ടിയിണക്കണേ അറ്റുപോം ബന്ധങ്ങൾ
കൂട്ടായ്മ ഞങ്ങൾ പുലർത്തിടട്ടെ.
കൂടും കുടുംബങ്ങൾ സ്വാർത്ഥകൂടാരങ്ങൾ
കൂട്ടായ്മയില്ലാത്ത പൊയ്മുഖങ്ങൾ
കൂടെ നടന്നാലും ക്രോധം പുലർത്തുന്ന
കൂട്ടുകാരല്ലയോ ചുറ്റുപാടും.
പുൽക്കൂട്ടിൽ ജാതനാം പൊന്നുണ്ണിയേശുവേ
പോരായ്മയെത്രയോ നീ സഹിച്ചു
പട്ടിണി ദാരിദ്ര്യം ഏറെയലട്ടുമ്പോൾ
പുൽക്കൂട്ടിൽ ജാതനെ ഓർത്തിടട്ടെ.
സദ്വാർത്ത ഘോഷണം ഞങ്ങൾതൻ ദൗത്യവും
സന്തോഷത്തോടെന്നും അർപ്പിച്ചീടാം
സൗഹൃദക്കൂട്ടായ്മ എങ്ങും വിടരട്ടെ
സാമോദം നേരുന്നു ആശംസകൾ.

# ദൈവത്തിന്റെ കരംപിടിച്ച് പതിതരുടെ പക്ഷംചേർന്ന്

**ദൈവവചനം അതേപടി ജീവിതത്തിൽ പകർത്തി, അശരണർക്കും ആലംബഹീനർക്കും താങ്ങും തണലുമായി നിൽക്കുന്ന പി. യു. തോമസ് മാനവരാശിക്കു മുഴുവനും മാതൃകയാണ്. വിശന്നു കരയുന്നവനിൽ ദൈവത്തെ കണ്ടുമുട്ടിയ പുണ്യജന്മമാണ് പി. യു. തോമസിന്റേത്. ദരിദ്രരുടെ പക്ഷം ചേരുന്നതാണ് തന്റെ ആനന്ദമെന്ന് ലോകത്തോടു വിളിച്ചുപറഞ്ഞ പി. യു. തോമസ് ചേട്ടൻ തന്റെ ക്രിസ്മസ് വിശേഷങ്ങൾ ദീപനാളം വായനക്കാർക്കായി പങ്കുവയ്ക്കുകയാണ്:**

**തയ്യാറാക്കിയത് : കെ. ജി. രഞ്ജിത്ത്**

**ക്രിസ്മസിനെക്കുറിച്ച്**

ലോകനന്മയ്ക്കായി ദൈവപുത്രൻ ഭൂമിയിലവതരിച്ചതിന്റെ ഓർമ്മദിനമാണ് ക്രിസ്മസ്. ശാന്തിയും സമാധാനവുമാണ് ക്രിസ്മസ് മുന്നോട്ടുവയ്ക്കുന്ന സന്ദേശം. ക്രിസ്മസ് എന്നാൽ ആഘോഷത്തിന്റെ മാത്രമല്ല, ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയുംകൂടിയുള്ള സമയമാണ്.

സന്തോഷമെന്നാൽ നമ്മുടെ സന്തോഷം മാത്രമല്ല, നമ്മുടെ ചുറ്റുപാടുള്ളവരുടെയും, നമ്മോടു ചേർന്നു നിൽക്കുന്നവരുടെയും, നമ്മുടെ ശത്രുക്കളുടെയുമെല്ലാം സന്തോഷമാകണം. ഇല്ലാത്തവന് ഉള്ളവൻ സ്നേഹവും സന്തോഷവും പങ്കുവയ്ക്കുന്ന പുണ്യമാകണം ഓരോ ക്രിസ്മസും. നമ്മുടെ വീട്ടിൽ വിഭവസമൃദ്ധമായ ഭക്ഷണം ഉണ്ടാക്കുമ്പോൾ അടുത്ത വീട്ടിൽ അടുപ്പു പുകയുന്നുണ്ടോയെന്ന് അന്വേഷിക്കാനുള്ള മനസ്സുണ്ടാകുമ്പോഴാണ് ക്രിസ്മസിന്റെ സന്ദേശം അർത്ഥവത്താകുന്നത്.



**മനസിൽനിന്നു മായാത്ത ക്രിസ്മസ് ഓർമകൾ**

പഴയകാലത്തെ ക്രിസ്മസ്ദിനങ്ങൾ മനസിൽ മഞ്ഞുപെയ്യുന്ന ഓർമകളാണ്. ഡിസംബർ മാസം പിറക്കുമ്പോഴേ ക്രിസ്മസ് സ്വപ്നങ്ങളായിരുന്നു മനസിൽ. വർണ്ണങ്ങളുടെയും സന്തോഷത്തിന്റെയും ദിനങ്ങളാണ് ക്രിസ്മസ് ഓർമകൾ. അന്നൊക്കെ ഇന്നത്തേതുപോലെ റെഡിമെയ്ഡ് നക്ഷത്രങ്ങളോ പുൽക്കൂടുകളോ ഇല്ല. തെങ്ങോല വെട്ടി മടലെടുത്ത് അതു കീറി നക്ഷത്രമാക്കി, പിന്നീട് വർണക്കടലാസുകൾ ഒട്ടിച്ച് ഉള്ളിൽ വിളക്കോ മെഴുകുതിരിയോ കത്തിച്ചുവച്ചാണ് നക്ഷത്രം തൂക്കുന്നത്. വലിയൊരാവേശമാണ് ഇന്ന് അതൊക്കെ ഓർക്കുമ്പോൾ.

പുൽക്കൂടു നിർമിക്കുമ്പോൾ അതിലും ആവേശവും ആഘോഷവുമാണ്. മറ്റുള്ളവരെക്കാളും നല്ല പുൽക്കൂടു നിർമിക്കുകയെന്നതാവും ആഗ്രഹം. റെഡിമെയ്ഡ് പുൽക്കൂട് അന്നില്ല. ഒറിജിനൽ കാലിത്തൊഴുത്തിന്റെ ചെറുമാതൃകയാണു നിർമിക്കുക. ഓല മെടഞ്ഞ് മേൽക്കൂര മേഞ്ഞ്, പുൽത്തകിടിയുണ്ടാക്കി കിണറും വേലിക്കെട്ടുമെല്ലാമായി അസൽ കാലിത്തൊഴുത്തുകളാണ് അന്നുണ്ടാക്കിയിരുന്നത്.

കൂട്ടുകാരോടൊപ്പം ക്രിസ്മസ് ട്രീയ്ക്കായി വലിയ മരത്തിൽ കയറി ഇലയോടുകൂടിയ കമ്പു മുറിച്ച് ചുമന്നു കൊണ്ടുവരുന്നത് ഇന്നും മായാത്ത ഓർമയാണ്.

**ക്രിസ്മസ് അന്നും ഇന്നും**

പണ്ടത്തെ ക്രിസ്മസ് കൂടിച്ചേരലിന്റെയും പങ്കുവയ്ക്കലിന്റെയും ആഘോഷമായിരുന്നു. മക്കളും കൊച്ചുമക്കളും ഒന്നിച്ചെത്തുന്ന ആഘോഷം. പിണക്കങ്ങളും ഇണക്കങ്ങളും മറന്ന് എല്ലാവരും തിരുപ്പിറവി ആഘോഷിക്കുന്ന സമയം. അന്ന് ക്രിസ്മസ് കൂടാനും മാതാപിതാക്കളോടൊപ്പം ഇരിക്കാനും അവരുടെ സന്തോഷത്തിൽ പങ്കുചേരാനുമൊക്കെ എല്ലാവർക്കും സമയമുണ്ടായിരുന്നു. ഇന്നത്തെ സ്ഥിതി അങ്ങനെയല്ല. ക്രിസ്മസ് ആഘോഷങ്ങളൊക്കെ ഓൺലൈനിലാക്കി, വിദേശത്തിരിക്കുന്ന മകനും കൊച്ചുമക്കളും വീഡിയോ കോൺഫറൻസിലൂടെ മാതാപിതാക്കൾക്കു കേക്കു നൽക്കുന്ന തരത്തിലായി കാര്യങ്ങൾ.

നാട്ടിലാവട്ടെ, എല്ലാവരും തിരക്കിലാണ്. ഒന്നിച്ചു കൂടാനുള്ള സമയമില്ല അഥവാ ഉണ്ടെങ്കിൽ ഒരു ചടങ്ങിനെന്നപോലെ വരും. വന്നപാടേ പോകും. പണ്ട് കുടുംബാംഗങ്ങളെല്ലാം ചേർന്ന് പാതിരാക്കുർബാനയ്ക്കു പോകുന്ന ശീലമുണ്ട്. മഞ്ഞുപെയ്യുന്ന രാത്രിയിൽ കരിമ്പടമൊക്കെ പുതച്ച് അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും കൈയിൽ പിടിച്ച് ചൂട്ടുകറ്റയും കത്തിച്ച് പള്ളിലേക്കുപോകുന്ന ആ അനുഭവം. അതൊക്കെ ഓർക്കുമ്പോൾത്തന്നെ മനസ്സിനു കുളിരാണ്. ഇന്ന് കുർബാനയ്ക്കു പോകുമെങ്കിലും പള്ളിമൈതാനംവരെ കാറിലാണ് യാത്ര.


**ആതുരസേവനരംഗത്തെക്കുറിച്ച്**

സാധാരണക്കാരിൽ സാധാരണക്കാരാണ് കോട്ടയം മെഡിക്കൽ കോളജിലെത്തുന്നവർ. ഭക്ഷണത്തിനും മരുന്നിനും വകയില്ലാത്തവർ, ബന്ധുമിത്രാദികളില്ലാത്തവർ, ബന്ധുക്കൾ ആശുപത്രിവളപ്പിൽ ഉപേക്ഷിച്ചവർ, മക്കൾക്കു വേണ്ടാത്ത അച്ഛനമ്മമാർ തുടങ്ങി കരളലിയിപ്പിക്കുന്ന കാഴ്ചകളുടെ കടലാണ് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രി. വിധിയെ പഴിച്ചുകൊണ്ട് ഈ ജീവിതമൊന്നവസാനിച്ചാൽ മതിയെന്നു പ്രാർത്ഥിക്കുന്ന നിരവധിയാളുകളെ ആ വരാന്തകളിൽ നമുക്കു കാണാനാകും. നൊന്തുപെറ്റ മക്കൾ ഉപേക്ഷിച്ചുപോയെന്ന സത്യം വിശ്വസിക്കാതെ കാത്തിരിക്കുന്ന മാതാപിതാക്കൾ. പട്ടിണിമൂലം തളർന്നുവീണവർ, മരണം മുന്നിൽക്കണ്ട് ദിവസങ്ങൾ എണ്ണിക്കഴിയുന്നവർ... അങ്ങനെ വേദനിക്കുന്നവരുടെ നീണ്ട നിരയാണ് അവിടെ കണ്ടത്. ഒരുതരത്തിൽ പറഞ്ഞാൽ, ആതുരാലയങ്ങളെല്ലാം ആരാധനാലയങ്ങളാണെന്നും പറയാം. പ്രതീക്ഷകളെല്ലാം മങ്ങുമ്പോൾ ഇരുകൈകളും കൂപ്പി, എന്റെ ഈശോയേ എന്റെ കർത്താവേ... എന്നു വിളിക്കാത്തവരായി ആരുമുണ്ടാവില്ല. അങ്ങനെ ആയിരങ്ങളാണ് ഓരോ നിമിഷവും ദൈവത്തെ സ്മരിക്കുന്നത്, അവിടുത്തെ കാരുണ്യത്തിനായി കേഴുന്നത്. ദൈവനാമം മുഴങ്ങുന്ന സ്ഥലത്ത് അദ്ഭുതങ്ങൾ പ്രവർത്തിക്കാൻ അവിടുന്ന് എത്തും. അങ്ങനെയൊരു ദേവാലയത്തിൽ അശരണർക്കു ശുശ്രൂഷ ചെയ്യാനായാണ് ദൈവം എന്നെ തിരഞ്ഞെടുത്തത്. അതുകൊണ്ടുതന്നെയാവും കോട്ടയം മെഡിക്കൽ കോളജിൽ പണ്ട് ഒരു അറ്റൻഡറായി ഈശോ എന്നെ നിയമിച്ചതും. അതൊരു നിയോഗമായാണ് ഞാനിന്നും കാണുന്നത്. ഞാൻ ചെയ്യുന്നു എന്നേ യുള്ളൂ. എന്റെ പിന്നിൽ അവിടുത്തെ കരങ്ങളാണ്. ദിനംപ്രതി ആയിരങ്ങൾ വന്നുപോകുന്ന ആശുപത്രിയിൽ ഈശോ എന്നെ കാണിച്ചത് ഒരു നേരത്തെ ആഹാരത്തിനുപോലും നിവൃത്തിയില്ലാതെ അലയുന്ന ആളുകളെയാണ്. സഹായിക്കാനാരുമില്ലാതെ വിഷമിക്കുന്നവരെ, മരുന്നുവാങ്ങാൻ കാശില്ലാത്തവരെ ഈശോ എനിക്കു കാണിച്ചുതന്നു. അവരെ സഹായിക്കാൻ അവിടുന്ന് എന്നോടു കല്പിച്ചു. ഒരു നീക്കിയിരിപ്പും കൈവശമില്ലാത്ത ഞാൻ അവരെ സഹായിക്കാനായി ഇറങ്ങിയപ്പോൾ പലരും എന്നെ പരിഹസിച്ചു. പക്ഷേ, സർവശക്തനായ ദൈവം എന്നെ കൈപിടിച്ചുനടത്തി. ഞാനത് ഇന്നും ചെയ്യുന്നു. ദൈവം എന്നെ തിരിച്ചുവിളിക്കുന്ന കാലത്തോളം എന്റെ കടമ നിർവഹിക്കുകതന്നെ ചെയ്യും.

**ക്രിസ്മസ് സന്ദേശം**

അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വവും ഭൂമിയിൽ സന്മനസുള്ളവർക്കു സമാധാനവും ആശംസിച്ചുകൊണ്ടാണ് ലോകം ക്രിസ്മസിനെ വരവേൽക്കുന്നത്. സ്നേഹജീവിതമാണ് കർത്താവ് നമ്മളെകൊണ്ട് ആഗ്രഹിക്കുന്നത്. സ്നേഹമുള്ളിടത്തേ സമാധാനമുണ്ടാകു, എളിമയും കരുണയും വിനയവുമുള്ള ജീവിതം നയിക്കുന്നവരാണ് ദൈവത്തിനു പ്രിയപ്പെട്ടവർ. നമുക്കുള്ളത് ഇല്ലാത്തവനു കൊടുക്കാൻ കഴിയണം. ഓരോ മനുഷ്യനും ദൈവം അനുഗ്രഹങ്ങൾ വാരിക്കോരി തന്നിട്ടുണ്ട്. ആ അനുഗ്രഹങ്ങളിൽ നാം അഹങ്കരിക്കരുത്. നമ്മളെക്കാൾ ദുഃഖം അനുഭവിക്കുന്നവരെ വേണം നാം കാണാൻ. നമുക്ക് ദൈവം തന്ന അനുഗ്രഹങ്ങൾ മറ്റുള്ളവർക്കും പങ്കുവയ്ക്കാൻ നാം തയ്യാറാകണം. മറ്റൊരാളുടെ ഒരു സഹായവുമില്ലാതെ തനിച്ചു ജീവിക്കാനാവുമെന്ന് ആരും കരുതരുത്. ഒരു അസുഖം വന്നാൽ തീരാവുന്നതേയുള്ളൂ നമ്മുടെ അഹങ്കാരമെന്നു മനസ്സിലാക്കണം. പ്രാർത്ഥന ഒരു ചടങ്ങു മാത്രമാക്കരുത്. സർവ്വശക്തനായ ഈശോ കാണിച്ചു തന്ന സഹനത്തിന്റെയും സ്നേഹത്തിന്റെയും പാത പിന്തുടരാൻ ഏവർക്കും കഴിയട്ടെ. എല്ലാ വായനക്കാർക്കും ശാന്തിയുടെയും സമാധാനത്തിന്റെയും ക്രിസ്മസ് ആശംസകൾ...

□

കൊറ്റത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

അയർക്കുന്നം, കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com
- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

1-ാംപേജ് തുടർച്ച

# തിരുപ്പിറവിയുടെ പ്രകൃതിപാഠങ്ങൾ

ഇന്നത്തെ മനുഷ്യന്റെ സുഖഭോഗങ്ങൾ നാളത്തെ മനുഷ്യന്റെ ചെലവിലാണെന്നത് ഇനിയും തിരിച്ചറിഞ്ഞിട്ടില്ല. അല്ലെങ്കിൽ ആ വസ്തുത മുഖവിലയ്ക്കെടുക്കാൻ തയ്യാറായിട്ടില്ലെന്നു വ്യക്തം.

ലോകരക്ഷകനായ, സർവത്തിന്റെയും സ്രഷ്ടാവായ ദൈവപുത്രൻ ഭൗതികതയുടെ ആവരണമണിയാൻ കൂട്ടാക്കാതെ പ്രകൃതിയുടെ മടിത്തട്ടായ പുൽക്കൂട്ടിൽ ജനിക്കുന്നതിലൂടെ വെളിപ്പെടുന്ന പ്രപഞ്ചദർശനം ഇനിയും മനുഷ്യരാശി സ്വന്തമാക്കിയിട്ടില്ലെന്നത് ഈ ക്രിസ്മസ്ദിനത്തിൽ നമ്മെ ചിന്തിപ്പിക്കാൻ കാരണമാകണം. ബാബേൽഗോപുരങ്ങളുടെ പിറകേയുള്ള പ്രയാണത്തിൽ നിന്നു പുൽക്കൂടിന്റെ ഔന്നിത്യമാകുന്ന മഹാമാനവികതയിലേക്കുള്ള അകലം കുറയ്ക്കാനുള്ള പദ്ധതികളാവണം മനുഷ്യൻ ആവിഷ്കരിക്കേണ്ടത്.

ദൈവപുത്രന്റെ ജനനം മനുഷ്യകുലത്തോടുള്ള ദൈവസ്നേഹത്തിന്റെ ഉദാത്തമായ ദർശനമായിരുന്നു. ദൈവത്തിന്റെ സ്നേഹമാണ് മനുഷ്യനായി അവതരിച്ചത്. അതായത്, ദൈവം സ്നേഹമാകുന്നുവെന്നത് വെളിപ്പെട്ടു. ദൈവത്തിന്റെ ഈ സ്നേഹദർശനത്തിൽനിന്നു മനുഷ്യൻ ഇന്ന് ഏറെ ദൂരെയാണ്. സ്നേഹത്തിന്റെ നേർരൂപങ്ങളാവേണ്ട മതങ്ങൾതന്നെ ആട്ടിൻതോലണിഞ്ഞ ചെന്നായ്ക്കളെപ്പോലെ പെരുമാറുന്നു. വിവാഹംപോലുള്ള പവിത്രസങ്കല്പങ്ങളെ കേവലം മതാത്മകമായ മേല്ക്കോയ്മയ്ക്കുള്ള ഉപകരണമാക്കുന്ന അപകടകരമായ സ്ഥിതിവിശേഷം നിലനിൽക്കുന്നു. ദുർബലരോടുള്ള ഒരു സമൂഹത്തിന്റെ സമീപനത്തിൽനിന്ന് ഒരു ജനതയുടെ സംസ്കാരം നിർണ്ണയിക്കുവാനാകും. നാം ജീവിക്കുന്ന നാട്ടിൽത്തന്നെ ദുർബലജനവിഭാഗത്തിൽനിന്നുള്ള ഒരു പെൺകുട്ടിയെ ക്രൂരമായി കൊലപ്പെടുത്തുകയും സ്വന്തം അച്ഛനമ്മമാർക്കും കൂടെപ്പിറന്നവർക്കുംപോലും ശവശരീരം കാണാനുവദിക്കാതെ കത്തിക്കുകയും ചെയ്ത സംഭവം നമ്മുടെ സമൂഹത്തിന്റെ സംസ്കാരത്തിന്റെ വികലമായ സൂചനയാണ്. പുരുഷനും സ്ത്രീയും സ്നേഹത്തിന്റെ ലയത്തിൽ തൊട്ടുണർത്തേണ്ട ഓരോ പ്രഭാതവും സ്ത്രീകളുടെയും പെൺകുട്ടികളുടെയും കണ്ണീർകൊണ്ടു നനയുമ്പോൾ എവിടെയാണ് സ്നേഹം എന്ന് അലറിച്ചോദിക്കുന്നവരുണ്ടാകുന്നു. ഭൂമിയിൽ ആർക്കും സ്വസ്ഥത ജനിപ്പിക്കാതെ, എല്ലാവർക്കും സമാധാനം ഉറപ്പിച്ച തിരുപ്പിറവിയിൽ മനുഷ്യൻ അവന്റെ തന്മ വീണ്ടെടുക്കാനാവശ്യമായ തിരുത്തലുകൾക്കു തയ്യാറാവണം.

> **ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ആധുനികജീവിതസാഹചര്യങ്ങളെ മനുഷ്യഗന്ധിയാക്കുക എന്ന ഭഗീരഥപ്രയത്നം നമ്മിൽ നിന്നുണ്ടാവണം. ക്രിസ്മസ് നൽകുന്ന പ്രതീക്ഷയും ശാന്തിയും ഉറപ്പിക്കേണ്ടത് മനുഷ്യന്റെ കരങ്ങളിലൂടെത്തന്നെയാകണം. അതാണ് മനുഷ്യാവതാരം അർത്ഥമാക്കുന്നത്.**

എല്ലാ മനുഷ്യർക്കും ദൈവം ഉറപ്പാക്കുന്ന പ്രത്യാശയുടെ അടയാളമാണ് മനുഷ്യാവതാരം. പ്രത്യാശ കൈമോശം വരുന്ന സാഹചര്യങ്ങളുടെ പ്രളയമാണ് നാം കാണുന്നത്. സാമൂഹികമായും സാമ്പത്തികമായും വെല്ലുവിളി നേരിടുന്ന സമൂഹത്തിൽ പ്രത്യാശ നഷ്ടപ്പെട്ടുവെന്നത് അപകടകരമാണ്. ഭൂമിയിൽ അദ്ധ്വാനിച്ച് ലോകത്തിന്റെ വിശപ്പടക്കുന്ന കർഷകരുടെ രോദനം എത്രനാൾ മനുഷ്യനു വിസ്മരിക്കാനാവും? പാർപ്പിടമില്ലാത്തവർ, കിടപ്പാടം നഷ്ടപ്പെട്ടവർ, അഭയാർത്ഥികൾ, പരദേശികൾ, അശരണർ, വയോധികർ, രോഗികൾ എന്നിവരെയെല്ലാം ചേർത്തുനിർത്തുന്ന സ്നേഹത്തിന്റെ മനോഹരമായ ദിനചര്യയിലേക്കു പ്രവേശിക്കുന്നതിൽ ഇനിയും അമാന്തമരുതെന്ന് 2020 കാലം നമ്മെ ഓർമ്മിപ്പിക്കുന്നു.

പുൽക്കൂടിന്റെ സ്വാഭാവികതയും ചാരുതയും ആർജവത്വവും തെളിച്ചവുമെല്ലാം ജീവിതത്തിന്റെ ഭാഗമാക്കുവാൻ മനുഷ്യൻ കൂടുതലായി വിജയിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ഭൂമിയിൽ സമാധാനവും ശാന്തിയും ഉറപ്പാക്കാനാവൂ. ഒരിക്കലും തൃപ്തി തരാത്ത ആർത്തിയുടെ സംസ്കാരം മനുഷ്യനെ അന്യവൽക്കരിക്കും. മാത്രമല്ല അതു സമൂഹത്തെ വിഭജിക്കുകയും മുറിവേല്പിക്കുകയും ചെയ്യും. ഈശോയുടെ തിരുപ്പിറവി ഈ കാലഘട്ടത്തിൽ വസ്തുതാപരമായ ഒരു പുനർവായനയ്ക്കു നമ്മെ പ്രേരിപ്പിക്കുന്നു. ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ആധുനികജീവിതസാഹചര്യങ്ങളെ മനുഷ്യഗന്ധിയാക്കുക എന്ന ഭഗീരഥപ്രയത്നം നമ്മിൽനിന്നുണ്ടാവണം. ക്രിസ്മസ് നൽകുന്ന പ്രതീക്ഷയും ശാന്തിയും ഉറപ്പിക്കേണ്ടത് മനുഷ്യന്റെ കരങ്ങളിലൂടെത്തന്നെയാകണം. അതാണ് മനുഷ്യാവതാരം അർത്ഥമാക്കുന്നത്. സ്രഷ്ടാവായ ദൈവത്തിന്റെ ഹിതപ്രകാരമുള്ള ജീവിതചര്യയുടെ വീണ്ടെടുപ്പുവഴി പുൽക്കൂട്ടിലെ ദൈവം നൽകുന്ന മാനവികതയിലേക്കു നമുക്കു പ്രവേശിക്കാം. അതിനുള്ള ഒരു വാതിലാണ് കൊറോണ വൈറസ്ബാധ നമ്മുടെ മുൻപിൽ തുറന്നിരിക്കുന്നത്. അനുഗ്രഹദായകമായ ഒരു ക്രിസ്മസ് വരുംകാലങ്ങളിൽ ഉറപ്പിക്കാനുള്ള പുതിയ ചുവടുകൾക്ക് 2020 ലെ ക്രിസ്മസ് നിമിത്തമാകട്ടെ.




**ജോർജുകുട്ടി താവളം**

1

രാജാധിരാജൻ പിറന്നു
സർവ്വാധിനാഥൻ കനിഞ്ഞു
മന്നിൽ പ്രകാശം നിറഞ്ഞു
ശോകങ്ങളെല്ലാമകന്നു
(രാജാധിരാജൻ...)
പാപാന്ധകാരത്തിൽ മുങ്ങിയ മർത്യനു
പാതയും ദീപവുമായി
പാരിലിറങ്ങി വചനം ശരീരമായ്
പാടി നമിക്കുന്നു ഞങ്ങൾ - ഒന്നായ്
പാടി നമിക്കുന്നു ഞങ്ങൾ
(രാജാധിരാജൻ...)
മോക്ഷകവാടം തുറന്നുതന്നീടുവാൻ
മോദമനന്തമായ്ത്തീരാൻ
നിത്യപിതാവിന്റെ പുത്രനണഞ്ഞിതാ
പാടി നമിക്കുന്നു ഞങ്ങൾ - ഒന്നായ്
പാടി നമിക്കുന്നു ഞങ്ങൾ
(രാജാധിരാജൻ...)

2

മലരണിക്കാടുറങ്ങി
മലനിരകൾ മയങ്ങി
കുളിർമഞ്ഞു പെയ്തിറങ്ങി
കാലിത്തൊഴുത്തൊരുങ്ങി
രാക്കിളിക്കൂട്ടമെല്ലാം രാഗം മറന്നുറങ്ങി
കാലം കാതോർത്തിരുന്നു ഗാനം
മാലാഖമാർ വാനിലാലപിച്ചു
കുളർകോരി മണ്ണും വിണ്ണും ജഗത്തിൻ
നാഥൻ പിറന്നു നരനായി മന്നിൽ
വൈക്കോൽക്കിടക്കയിൽ ഉണ്ണികിടന്നു
കാലിത്തൊഴുത്തിൽ ഗീതത്തിൽ മുങ്ങി
താരകൾ വാനിൽത്തിളങ്ങിനിന്നു
താരിളം കുഞ്ഞിനെ നോക്കി നോക്കി

# ഡോ. ജോസ് കോയിക്കൽ എസ്.ഡി.ബി. പ്രൊവിൻഷ്യൽ



ബംഗളൂരു: സലേഷ്യൻസ് ഓഫ് ഡോൺ ബോസ്കോ(എസ്.ഡി.ബി.) സന്ന്യാസസമൂഹത്തിന്റെ കേരളവും കർണാടകയും ഉൾപ്പെടുന്ന ബംഗളൂരു തിരുഹൃദയപ്രവിശ്യയുടെ പ്രൊവിൻഷ്യാളായി ഫാദർ ഡോ. ജോസ് കോയിക്കൽ തിരഞ്ഞെടുക്കപ്പെട്ടു. നിലവിൽ വൈസ് പ്രൊവിൻഷ്യലായി പ്രവർത്തിച്ചുവരികയായിരുന്നു.

മണ്ണുത്തി ഡോൺ ബോസ്കോ കോളജ് അധ്യാപകൻ, അങ്ങാടിക്കടവ് ഡോൺ ബോസ്കോ കോളജ് റെക്ടർ, സോഷ്യൽ സർവ്വീസ് വിഭാഗം മേധാവി എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

പാലാ മൂഴൂർ കോയിക്കൽ തോമസ് അന്നമ്മ ദമ്പതികളുടെ മകനാണ്.

# കർഷകരുടെ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കരുത്

## കെ.സി.ബി.സി. ഐക്യജാഗ്രത കമ്മീഷൻ

കൊച്ചി: രാഷ്ട്രത്തിന്റെ നട്ടെല്ലായ കർഷകരോടുള്ള പ്രതിബദ്ധതയിൽനിന്ന് സർക്കാരുകൾ ഒഴിഞ്ഞുമാറരുതെന്ന് കെസിബിസി ഐക്യജാഗ്രത കമ്മീഷൻ. ഇതുവരെയുണ്ടായിട്ടില്ലാത്ത ഒരു കർഷക പ്രക്ഷോഭത്തിനാണ് ഈ ദിവസങ്ങളിൽ രാജ്യതലസ്ഥാനം സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ചില മാസങ്ങളായി ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലെ കർഷകർക്കിടയിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന വിവിധ ആശങ്കകളാണ് ഇത്തരമൊരു പ്രക്ഷോഭത്തിനു കാരണമായി മാറിയിരിക്കുന്നത്. തങ്ങളുടെ ആശങ്കകളും അഭിപ്രായങ്ങളും പരിഗണിക്കാതെ നിയമനിർമ്മാണങ്ങൾ നടത്തുകയും ചില നിയമങ്ങൾ അടിച്ചേല്പിക്കുകയും ചെയ്യുന്നതുവഴി, ജീവിതം കൂടുതൽ ദുഷ്കരമാകുമെന്ന ഭയം കർഷകകുടുംബങ്ങളിലും ഗ്രാമങ്ങളിലും വളരുകയാണെന്ന് കെസിബിസി ജാഗ്രത കമ്മീഷൻ പ്രസ്താവനയിൽ കുറിച്ചു.

ഇന്ത്യയിൽ ബഹുഭൂരിപക്ഷംവരുന്ന, കാർഷികമേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന സാധാരണക്കാരുടെ ജീവിതപ്രശ്നങ്ങളെ സർക്കാരുകൾ കണ്ടില്ലെന്നു നടിക്കാൻ പാടില്ല. ഏകപക്ഷീയമായെടുത്ത തീരുമാനങ്ങളെ പുനഃപരിശോധിക്കാനും ആവശ്യമെങ്കിൽ തിരുത്താനും കേന്ദ്രസർക്കാർ തയ്യാറാകണം. അതേസമയം, ഇക്കാലങ്ങളിൽ ഉയർന്നുവരുന്ന കർഷകപ്രതിഷേധങ്ങളെ രാഷ്ട്രീയ കരുനീക്കങ്ങളായി ചിത്രീകരിച്ച് തമസ്കരിക്കാനുള്ള പ്രവണത ഉപേക്ഷിക്കണം.

കേരളത്തിന്റെ പശ്ചാത്തലത്തിലും കർഷകസൗഹൃദനിലപാടുകളും നയങ്ങളും കൈക്കൊള്ളാൻ കേന്ദ്ര-സംസ്ഥാനസർക്കാരുകൾ തയ്യാറാകണം. ഇവിടെ തീരദേശവും മലയോരമേഖലകളുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗങ്ങൾ കണ്ടെത്തിയിരിക്കുന്ന ഭൂരിപക്ഷം കർഷകരും ഇക്കാലങ്ങളിൽ വിവിധ പ്രതിസന്ധികളെ നേരിടുകയാണ്. രാജ്യത്തെയും സംസ്ഥാനത്തെയും ബഹുഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളെ അനുദിനം കൂടുതൽ ആശങ്കകളിൽ അകപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഇത്തരം വിഷയങ്ങളിൽ യുക്തമായ ഇടപെടലുകൾ നടത്താൻ ഉത്തരവാദിത്വപ്പെട്ടവർ മുന്നോട്ടുവരണം. ഈ വിഷയങ്ങളിൽ കേരളകത്തോലിക്കാസഭയുടെ ആശങ്ക അറിയിക്കുന്നതോടൊപ്പം, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ അടിയന്തരശ്രദ്ധ ആവശ്യപ്പെടുകയും ചെയ്യുന്നുവെന്നും കെസിബിസി പ്രസ്താവനയിൽ രേഖപ്പെടുത്തി.

# മിഷണറിയായി വന്നു കവിയായി മാറിയ അർണോസ് പാതിരി



ഡോ. കുര്യാസ് കുമ്പളക്കുഴി

## മഹാകവി അർണോസ് പാതിരി ഇന്ത്യയിലെത്തിയിട്ട് ഡിസംബർ 13 ന് 320 വർഷം തികഞ്ഞു

**മി**ഷണറിയായി വന്നു മഹാകവിയായി മാറുക എന്ന സാഹിത്യവിസ്മയം മലയാളത്തിനും മലയാളിക്കും സമ്മാനിച്ച പ്രതിഭാശാലിയാണ് അർണോസ് പാതിരി. ഒരർത്ഥത്തിൽ രണ്ടാമത്തേതും ഒരു ദൈവവിളിതന്നെ.

അദ്ദേഹത്തിന്റെ പേരിനുമുണ്ടായി ഇങ്ങനെയൊരു മാറ്റം. മാതാപിതാക്കൾ ഇട്ടപേര് ജോൺ ഏണസ്റ്റ് ഹാൻക്സ്‌ലേഡൻ. കേരളത്തിലെത്തിയപ്പോൾ നമ്മൾ അതൊന്നു മാറ്റി അർണോസ് പാതിരി എന്നാക്കി.

ഇന്നു മലയാളസാഹിത്യപ്രേമികൾക്കു സുപരിചിതനാണ് അർണോസ് പാതിരി. കർമ്മംകൊണ്ട് അദ്ദേഹം മലയാളിയാണ്; ജന്മംകൊണ്ട് ജർമ്മൻകാരനും. ജനിച്ചുവളർന്നതു ജർമ്മനിയിലെ യാസ്റ്റെർ കാപ്ളെൻ ഗ്രാമത്തിൽ. പഠിച്ചുവളർന്നതു സമീപസ്ഥമായ ഓസ്നാബ്രൂക്ക് പട്ടണത്തിൽ.

ഒരു മിഷണറിയാകാൻ കൊതിച്ച അർണോസ് ഈശോസഭയിൽ ചേർന്ന് കേരളത്തിലേക്കു പോന്നു. അന്നദ്ദേഹത്തിനു വയസ്സ് 18. ജർമ്മനിയിലെ പല വിദ്യാഭ്യാസസ്ഥാപനങ്ങളും ധിഷണാശാലിയായ ആ യുവാവിനെ അധ്യാപകനായിരിക്കാൻ ക്ഷണിച്ചു. ഉള്ളിൽ സുവിശേഷവേലയ്ക്കുള്ള ദാഹം അതിതീക്ഷ്ണമായിരുന്നതുകൊണ്ട് അതൊന്നും സ്വീകരിക്കാൻ അർണോസിനു കഴിയുമായിരുന്നില്ല. അങ്ങനെ അദ്ദേഹം അന്ന് മലബാർ മിഷന്റെ ചുമതലക്കാരായിരുന്ന ഫാദർ വില്യം വെബ്ബർ, ഫാദർ വില്യം മേയർ എന്നിവരോടൊപ്പം ഇറ്റലിയിലെ ലിവെർണോ തുറമുഖത്തുനിന്ന് യാത്ര ആരംഭിച്ചു. ഫ്രാൻസ് കാസ്പർ ഷില്ലിംഗർ എന്ന യുവാവും ഒപ്പമുണ്ടായിരുന്നു.


മനുഷ്യജീവിതം മരണത്തിന്റെ താഴ്‌വരയിലൂടെയുള്ള ഒരു സഞ്ചാരമാണെന്ന ദാർശനികസങ്കല്പം അവതരിപ്പിക്കുന്നതു സങ്കീർത്തകനാണ്. ജീവിതത്തെക്കുറിച്ചുള്ള ക്രൈസ്തവദർശനം ഈ ചിന്തയിൽനിന്നു രൂപപ്പെട്ടതാണെന്നു പറയാം.

ഈ വസ്തുത അക്ഷരാർത്ഥത്തിൽ അനുഭവപ്പെടുന്നതായിരുന്നു അർണോസിന്റെ യാത്ര. ഇന്നത്തേതുപോലെ വാർത്താവിനിമയസൗകര്യങ്ങളോ സുരക്ഷിത യാത്രാസംവിധാനങ്ങളോ ഇല്ലാതിരുന്ന അക്കാലത്ത് സമുദ്രത്തിലൂടെയുള്ള യാത്ര എത്രയോ സാഹസികമായിരുന്നു. കാറ്റിന്റെയും കടലിന്റെയും കരുണയില്ലാത്ത വിക്രിയകൾക്കിടയിൽ കപ്പൽ തകരാം, യാത്രക്കാരൊന്നടങ്കം മത്സ്യങ്ങൾക്കു ഭക്ഷണമാകാം, മാരകരോഗങ്ങൾ പിടിപെട്ടെന്നും വരാം. ജീവൻ കൈയിലെടുത്തുകൊണ്ടുള്ള യാത്രതന്നെ. ലക്ഷ്യസ്ഥാനത്തു കരയ്ക്കിറങ്ങാൻ കഴിഞ്ഞാൽ ഭാഗ്യം.

അവർ ആദ്യം എത്തിച്ചേർന്നത് സിറിയയിലെ അലെക്സാൻഡ്രാ തുറമുഖത്താണ്. അവിടെനിന്ന് ടർക്കിയും കടന്ന് പേർഷ്യ(ഇറാൻ)യിലെ ബണ്ടർ അബ്ബാസ് തുറമുഖത്തുനിന്നു വീണ്ടും കപ്പൽകയറി. പേർഷ്യൻ ഉൾക്കടലിലൂടെ സഞ്ചരിച്ച് ഇന്ത്യാസമുദ്രത്തിലെ അറബിക്കടൽ ഭാഗത്തുകൂടി ഗുജറാത്തിലെ സൂറ്റ് തുറമുഖത്ത് കരയ്ക്കിറങ്ങി – 1700 ഡിസംബർ 13 ന്.

കരയ്ക്കിറങ്ങാൻ നാലംഗസംഘത്തിൽ രണ്ടുപേരേ ഉണ്ടായിരുന്നുള്ളൂ. അർണോസും ഷില്ലിംഗറും. ഫാദർ വെബ്ബറും ഫാദർ മേയറും യാത്രയ്ക്കിടയിൽ കപ്പലിൽ മരണമടഞ്ഞു. വെബ്ബറിനു 36-ഉം, മേയർക്കു 39-ഉം മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. നിറയൗവനത്തിൽ നിന്നാണു ദുർവിധി അവരെ നിർദയം തട്ടിയെടുത്തത്. മാരകരോഗബാധയായിരുന്നു കാരണം. ഇരുവരുടെയും മൃതദേഹങ്ങൾ പേർഷ്യൻ ഉൾക്കടൽ ഏറ്റുവാങ്ങുന്നത് നെഞ്ചു തകർന്നു കണ്ടുനില്ക്കാനായിരുന്നു അർണോസിന്റെ വിധി.

ശേഷം 13-ാം പേജിൽ



# കേരളത്തിന്റെ അപ്പസ്തോലൻ



ഡോ. ജെയിംസ് പുലിയുറുമ്പിൽ

**അ**ർണോസ് പാതിരി എന്ന് മലയാളികൾ സ്നേഹപൂർവ്വം വിളിക്കുന്ന ജോൺ ഏണസ്റ്റ് ഹാൻക്സ്‌ലേഡൻ 1681 ൽ ജർമ്മനിയിലാണ് ജനിച്ചത്. 1699 ൽ പതിനെട്ടാം വയസ്സിൽ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ ഉടനെ, നാടും വീടും ഉപേക്ഷിച്ച് പ്രേഷിതപ്രവർത്തനത്തിനായി അദ്ദേഹം കേരളത്തിലെത്തി. കവി, മിഷനറി, ബഹുഭാഷാപണ്ഡിതൻ, ആദ്യ സംസ്കൃത വ്യാകരണകർത്താവ്, ഇന്ത്യാവിജ്ഞാനീയത്തിന്റെ പ്രാരംഭകൻ എന്നീ നിലകളിലെല്ലാം കേരളചരിത്രത്തിലും മലയാളികളുടെ മനസ്സിലും അദ്ദേഹം ഇന്നും ജീവിക്കുന്നു.

മലയാളവും സംസ്കൃതവും ഒരുപോലെ ആഴത്തിൽ പഠിച്ച് രണ്ടിലും അനേകം ഗ്രന്ഥങ്ങൾ രചിച്ചയാളാണ് അർണോസ് പാതിരി. സംസ്കൃതം പഠിച്ച യൂറോപ്യൻമാരിൽ അഗ്രഗണ്യനായിരുന്നു അദ്ദേഹം.

**കേരളയാത്ര**

ജർമ്മനിയിലെ ഓസ്നാബ്രൂക്കിലെ വളരെ പ്രശസ്തമായ കരോലീനും എന്ന സ്കൂളിലായിരുന്നു 1692 മുതൽ 1699 വരെ ജോൺ ഏണസ്റ്റിന്റെ ഹൈസ്കൂൾ വിദ്യാഭ്യാസം. 1699 സെപ്റ്റംബറിൽ പഠനം പൂർത്തിയാക്കി ജോൺ ഏണസ്റ്റ് ഒക്ടോബറിൽത്തന്നെ, കോഴിക്കോട് കേന്ദ്രമാക്കിയുള്ള ഈശോസഭയുടെ മലബാർ പ്രോവിൻസിലേക്ക് ഫാ. വില്യം വേബ്ബറോടൊപ്പം മിഷൻപ്രവർത്തനത്തിനായി യാത്രതിരിക്കുകയായിരുന്നു. 1700 ഡിസംബർ 13 ന് ഗുജറാത്തിലെ സൂറ്റിൽ കപ്പലിറങ്ങി, തുടർന്ന് റോഡുമാർഗമാണ് കേരളത്തിലെത്തിയത്. യൂറോപ്പിലെ ഏതു സർവകലാശാലയിലും തുടർപഠനത്തിന് അവസരമുണ്ടായിരുന്ന ആളാണ് അതു ത്യജിച്ച്, കേരളത്തിൽ സഭാസേവനം ചെയ്യാൻ തീരുമാനിച്ചിറങ്ങുന്നത്.

**കേരളത്തിന്റെ സ്വന്തമാകുന്നു**

1701 മുതൽ 1707 വരെയുള്ള കാലത്ത് അമ്പഴക്കാട്ടെ ഈശോസഭാ സെമിനാരിയിൽ വൈദികപഠനം നടത്തിയ സമയത്തുതന്നെ അദ്ദേഹം മലയാളഭാഷയും കേരളസംസ്കാരവും പഠിച്ചുതുടങ്ങി. കേരളമാഹാത്മ്യവും മാർത്തോമ്മാക്രിസ്ത്യാനികളുടെ ക്രൈസ്തവപാരമ്പര്യവും നന്നായി മനസ്സിലാക്കാൻ, ഗ്രീക്കും ലത്തീനും നന്നായറിയാവുന്ന അദ്ദേഹം ഇന്ത്യയുടെ വേദഭാഷയായ സംസ്കൃതവുംകൂടി പഠിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി. സംസ്കൃതപഠനം എളുപ്പത്തിൽ സാധ്യമാക്കുവാൻ അദ്ദേഹം അമ്പഴക്കാട്ടുനിന്നു സംസ്കൃതകേന്ദ്രമായ തൃശൂർ അടുത്തുള്ള വേലൂരിൽ താമസിച്ച് ഹിന്ദുപണ്ഡിതന്മാരിൽനിന്നു നേരിട്ട് സംസ്കൃതം പഠിച്ചു. വാസുദേവകവിയുടെ 'യുധിഷ്ഠിരവിജയ'ത്തിന് ഒരു വ്യാഖ്യാനമാണ് അദ്ദേഹത്തിന്റെ സംസ്കൃതത്തിലെ ആദ്യകൃതി. 1717 ൽ പൂർത്തിയാക്കിയ 'സിദ്ധരൂപ'ത്തെ ആസ്പദമാക്കിയുള്ള 'സംസ്കൃതവ്യാകരണ'മാണ് അദ്ദേഹത്തിന്റെ ഏറ്റവും അറിയപ്പെടുന്ന സംസ്കൃതകൃതി. പൗളീനോസ് പാതിരി 1790 ൽ റോമിൽനിന്ന് Gramatica Grandonica Seu Samscrademica എന്ന പേരിൽ പ്രസിദ്ധീകരിച്ചതോടെയാണ് ഈ ഗ്രന്ഥം യൂറോപ്പിൽ അറിയപ്പെട്ടത്. 'ഒരു മനുഷ്യബുദ്ധിക്ക് അതീതമായൊരു ഗ്രന്ഥമാണ് ഇത്' എന്നാണ് പൗളീനോസ് ഇതിനെ വിശേഷിപ്പിക്കുന്നത്. മലയാളം – പോർച്ചുഗീസ് വ്യാകരണം, സംസ്കൃത-പോർച്ചുഗീസ് വ്യാകരണം, മലയാള-സംസ്കൃതനിഘണ്ടു, മലയാള-പോർച്ചുഗീസ്-സംസ്കൃതനിഘണ്ടു എന്നിവയാണ് ഈ രംഗത്തെ അദ്ദേഹത്തിന്റെ മറ്റു കൃതികൾ.

**കേരളത്തിന്റെ അപ്പസ്തോലൻ**

മലയാളത്തിലുള്ള പാതിരിയുടെ പ്രധാനകൃതികളായ പുത്തൻപാന, ചതുരന്ത്യം, ഉമ്മായുടെ ദുഃഖം, വ്യാകുലപ്രബന്ധം, ജനോവപർവം, ആത്മാനുതാപം, നിഷിദ്ധപാപം എന്നിവ ക്രൈസ്തവവിശ്വാസവും ഭക്തിയും പ്രകടിപ്പിക്കുന്നവയാണ്. ഇവയിൽ 'പുത്തൻപാന'യാണ് അദ്ദേഹത്തെ കേരളസഭയിൽ അനശ്വരനാക്കിത്തീർത്തത്. സൃഷ്ടിമുതൽ അപ്പസ്തോലന്മാരെ മിഷൻപ്രവർത്തനത്തിനായി വിവിധ രാജ്യങ്ങളിലേക്ക് അയയ്ക്കുന്നതുവരെയുള്ള ബൈബിളിലെ പ്രധാന സംഭവങ്ങളാണ് ഇതിലെ പ്രതിപാദ്യം. ആധുനികമലയാളത്തിന്റെ പിതാവെന്നറിയപ്പെടുന്ന എഴുത്തച്ഛന്റെ 'രാമായണം' ഹിന്ദുക്കൾ സന്ധ്യാസമയത്ത് കുടുംബങ്ങളിൽ ഭക്തിപൂർവ്വം പാരായണം ചെയ്യുന്നതു മനസ്സിലാക്കിയ പാതിരി നാടിന്റെ പരമ്പരാഗതശൈലിയെ ക്രൈസ്തവവത്കരിക്കുകയാണു ചെയ്തത്. അങ്ങനെ ഹൈന്ദവപാനയുടെ സ്ഥാനത്ത് ക്രിസ്തീയ 'പുത്തൻപാന' നിലവിൽവന്നു. 1905 ലാണ് ആദ്യകത്തോലിക്കാ ബൈബിൾ മലയാളത്തിൽ പ്രസിദ്ധീകൃതമായതെങ്കിൽ അതിനും രണ്ടു നൂറ്റാണ്ടുമുമ്പേ അർണോസ് പാതിരി ബൈബിൾ മലയാളത്തിനു പരിചിതമാക്കി. സ്ഥല, പ്രാദേശിക, കാലാനുസൃതമായ ക്രൈസ്തവമതപ്രഘോഷണം എങ്ങനെ സാധ്യമാക്കാമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിലിനു രണ്ടര നൂറ്റാണ്ടുമുമ്പ് അർണോസ് പാതിരി സമൂഹത്തിനു കാണിച്ചുകൊടുത്തു.

പഠനത്തിനും എഴുത്തിനുമിടയിലും അദ്ദേഹം തന്റെ അജപാലനദൗത്യം കൃത്യമായി നിർവഹിച്ചു. ജോൺ റിബേറോ മെത്രാപ്പോലീത്തായുടെ സെക്രട്ടറിയായും അമ്പഴക്കാട്ട് സെമിനാരി അധ്യാപകനായും ചിലയിടങ്ങളിൽ വികാരിയായും സേവനമനുഷ്ഠിച്ചു. വേലൂർ ഫ്രാൻസീസ് സേവ്യർ ഇടവക തുടങ്ങുന്നത് അദ്ദേഹമാണ്. 1732 മാർച്ച് 21 ന് തൃശൂരിലെ പഴുവിൽവച്ച് അദ്ദേഹം മരിച്ചു. അർണോസ് പാതിരിയെ നന്നായി മനസ്സിലാക്കിയ കർമ്മലീത്താക്കാരനായ പൗളിനോസ് പാതിരി 1799 ൽ തന്റെ ഒരു സഹസന്യാസിനിക്ക് എഴുതി: "മഹാനായ അർണോസ് പാതിരി അദ്ദേഹത്തിന്റെ കൃതികളിലൂടെ മലയാളിയുടെ മനസ്സിലും കേരളചരിത്രത്തിലും ജീവിക്കുന്നു. എനിക്ക് അദ്ദേഹത്തിനുവേണ്ടി പണിയാൻ കഴിയുന്ന സ്മാരകം അദ്ദേഹത്തെ എന്റെ ഗുരുവായി പ്രതിഷ്ഠിക്കുക എന്നതാണ്."

# ലോകസമാധാനത്തിനും മനുഷ്യസാഹോദര്യത്തിനും

## ഇസ്ലാംമതം രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ



ഡോ. ഡൊമിനിക് വെച്ചൂർ

*(രണ്ടാം ഭാഗം)*

**ഇസ്ലാംമതത്തെക്കുറിച്ചുള്ള കൗൺസിലനന്തരപഠനങ്ങൾ**

ഇസ്ലാംമതത്തിന്റെ പേര് പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും കൗൺസിലനന്തരപഠനങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട സവിശേഷശ്രദ്ധയർഹിക്കുന്ന ഒന്നാണ് 'കർത്താവായ ഈശോ' (Dominus Jesus) എന്ന രേഖ. റോമിലെ വിശ്വാസതിരുസംഘം 2000-ാമാണ്ടിൽ പ്രസിദ്ധീകരിച്ചതാണ് ഈ പ്രഖ്യാപനം. ആമുഖവും ഉപസംഹാരവും കൂടാതെ ആറ് അദ്ധ്യായങ്ങൾ ഉള്ള ഈ രേഖയുടെ 21-22 ഖണ്ഡികകളിൽ അക്രൈസ്തവമതങ്ങളുമായുള്ള ബന്ധത്തെക്കുറിച്ചു വ്യക്തമായി പഠിപ്പിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ വിവിധ മതങ്ങളുമായുള്ള ബന്ധത്തെ സംബന്ധിച്ച പ്രബോധനങ്ങളെ പൂർണ്ണമായും ശരിവയ്ക്കുന്നതാണ് ഈ പ്രഖ്യാപനവും. തിരുസ്സഭയെ മറ്റു മതങ്ങൾപോലെ രക്ഷയ്ക്കുള്ള പല ഉപാധികളിലൊന്നായി കാണുന്നത് സത്യവിശ്വാസത്തിനു വിരുദ്ധമാണെന്ന് ഈ രേഖ പഠിപ്പിക്കുന്നു (നമ്പർ 21). തിരുസ്സഭയാണ് രക്ഷയുടെ മാർഗ്ഗങ്ങളുടെ പൂർണ്ണത (നമ്പർ 22). ഇത് മനുഷ്യന്റെ യോഗ്യതകളുടെ ഫലമല്ല; മറിച്ച് ഈശോയിലൂടെ കരഗതമായ ഒരു അമൂല്യദാനമാണെന്നും ഈ രേഖ നമ്മെ അനുസ്മരിപ്പിക്കുന്നു. മതാന്തര സംവാദങ്ങളുടെ അടിസ്ഥാനം മതദർശനങ്ങളിലെ സമത്വമല്ല, മറിച്ച്, സംഭാഷണത്തിൽ ഏർപ്പെടുന്ന വ്യക്തികളുടെ അന്തസ്സിലുള്ള സമത്വമാണ് (n. 22). അതുകൊണ്ട് തിരുസ്സഭയും മറ്റു മതങ്ങളും ഒരുപോലെയാണെന്നു പറയുന്നതും ക്രൈസ്തവരും മുസ്ലീംകളും ഒരേ ഏകദൈവത്തെയാണ് ആരാധിക്കുന്നത് എന്നുപറയുന്നതും തീർത്തും തെറ്റായ വ്യാഖ്യാനമാണ്.

ഇസ്ലാംമതവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ പ്രത്യേകപരിഗണന അർഹിക്കുന്ന ഒരു പഠനമാണ് 2006 സെപ്റ്റംബർ 12 ന് ജർമ്മനിയിലെ റേഗൻസ്ബുർഗ് സർവ്വകലാശാലയിൽ ബനഡിക്ട് പതിനാറാമൻ മാർപാപ്പ നടത്തിയ പ്രഭാഷണം. വിശ്വാസവും യുക്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചാണ് ഈ പ്രഭാഷണത്തിൽ മാർപാപ്പാ ഊന്നിപ്പറഞ്ഞത്. യുക്തിയോടു തുറവില്ലാത്ത വിശ്വാസബോധ്യങ്ങളും ജീവിതവും അന്ധവിശ്വാസങ്ങളിലേക്കും അബദ്ധപ്രബോധനങ്ങളിലേക്കും കേവലം വൈകാരികതയിലേക്കും തീവ്രവാദസമീപനങ്ങളിലേക്കും അക്രമത്തിലേക്കും വഴിമാറുന്നു. വിശ്വാസത്തിന്റെ യുക്തിപരതയിലേക്കു നിരന്തരമായ അന്വേഷണം ഉണ്ടാകണമെന്ന് പ്രസ്തുത പ്രസംഗത്തിൽ മാർപാപ്പാ ആവർത്തിച്ചാവശ്യപ്പെടുന്നുണ്ട്.

2019 ഫെബ്രുവരി മൂന്നുമുതൽ അഞ്ചുവരെ യുഎഇയിൽ ഫ്രാൻസിസ് മാർപാപ്പ നടത്തിയ അജപാലനസന്ദർശനവേളയിൽ അബുദാബി നഗരത്തിൽ അർപ്പിച്ച പരി. കുർബാനമധ്യേ നടത്തിയ സുവിശേഷപ്രസംഗത്തിൽ ഏകരക്ഷകനായ മിശിഹായിൽ വിശ്വസിക്കുന്നതിന്റെ നന്മകളും ഉത്തരവാദിത്വവും കത്തോലിക്കാവിശ്വാസികളെ ഓർമ്മിപ്പിച്ചു. ഒപ്പം അബുദാബിയിലെ വലിയ ഇമാം അഹമ്മദ് അൽതയ്യെബും ഫ്രാൻസിസ് മാർപാപ്പായും തമ്മിൽ ലോകസമാധാനത്തിനും പരസ്പരസഹവർത്തിത്വത്തിനുംവേണ്ടിയുള്ള മാനവസാഹോദര്യത്തിന്റെ ഒരു രേഖയിൽ പരസ്പരം ഒപ്പുവച്ചു. പ്രസ്തുത ഉടമ്പടി ഒരു വിശ്വാസധാരണാ ഉടമ്പടി ഒന്നുമായിരുന്നില്ല. പ്രത്യുത, ദൈവത്തിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഒരുമിച്ചു പ്രവർത്തിക്കുവാനും സാമൂഹിക-ധാർമ്മിക തിന്മകൾക്കെതിരേ പൊരുതുവാനും മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുവാനുമുള്ള ഒരു പൊതു ആഹ്വാനമായിരുന്നു അത്.

ഏറ്റവും ഒടുവിൽ പുറത്തിറങ്ങിയ ഫ്രാൻസിസ് പാപ്പായുടെ ചാക്രികലേഖനമായ 'എല്ലാവരും സഹോദരർ' (03 ഒക്ടോബർ 2020) എന്ന പ്രബോധനത്തിൽ ഇസ്ലാംമതത്തിന്റെ പേര് പ്രത്യേകമായി പരാമർശിക്കുന്നില്ലെങ്കിലും രണ്ടാം വത്തിക്കാൻ കൗൺസിൽ അക്രൈസ്തവമതങ്ങളെക്കുറിച്ചു പഠിപ്പിച്ച പ്രബോധനംതന്നെയാണ് എടുത്തുപറയുന്നത്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'അക്രൈസ്തവമതങ്ങൾ' എന്ന പ്രഖ്യാപനത്തിന്റെ രണ്ടാം ഖണ്ഡിക ഉദ്ധരിച്ചുകൊണ്ട് മറ്റു മതങ്ങളിലെ സത്യവും വിശുദ്ധവുമായ അംശങ്ങളൊന്നും തിരുസ്സഭ തള്ളിക്കളയുന്നില്ലെന്നും അവയുടെ ശരിയായ ജീവിതശൈലിയും പ്രബോധനങ്ങളും പഠനങ്ങളും ആദരവോടെ കാണുന്നുവെന്നും മനുഷ്യരെ പ്രകാശിപ്പിക്കുന്ന യഥാർത്ഥസത്യത്തിന്റെ കിരണങ്ങളുടെ പ്രതിഫലനം അവയിൽ കാണുന്നുവെന്നും ഈ പ്രബോധനവും അടിവരയിട്ട് ഉറപ്പിക്കുന്നു (നമ്പർ 277). എന്നാൽ, ഈശോയുടെ സുവിശേഷത്തിന്റെ അനന്യത ഫ്രാൻസിസ് പാപ്പാ പ്രത്യേകം എടുത്തുപറയുന്നുമുണ്ട്. മറ്റു മതസ്ഥർ മറ്റ് ഉറവിടങ്ങളിൽനിന്ന് പാനം ചെയ്യുമ്പോൾ ക്രൈസ്തവരെ സംബന്ധിച്ച് മനുഷ്യമഹത്വത്തിന്റെയും സാഹോദര്യത്തിന്റെയും ഉറവ ഈശോയുടെ സുവിശേഷംതന്നെയാണ് (നമ്പർ 277). വിവിധ മതങ്ങൾ മാനവസാഹോദര്യം പരിപോഷിപ്പിക്കുവാൻ ഏറെ സഹായിക്കുന്നു (അദ്ധ്യായം 8). എല്ലാവരും ഒരു ദൈവത്തിന്റെ മക്കളും (നമ്പർ 279) ഒരു സ്രഷ്ടാവിന്റെ സൃഷ്ടികളും (നമ്പർ 58) ഒരേ മണ്ണിന്റെ മക്കളും (നമ്പർ 8) ആകയാൽ മനുഷ്യരെല്ലാവരും



സഹോദരീസഹോദരന്മാരാണ്. ഏകദൈവം നമ്മുടെയെല്ലാം പൊതുപിതാവാണ് (നമ്പർ 272). അതുകൊണ്ട് മനുഷ്യരെല്ലാവരും സഹയാത്രികരാണ് (നമ്പർ 8; 274). മതങ്ങൾ തമ്മിൽ സഹകരണവും സാഹോദര്യവും സംവാദവും വളർത്തണം. വിവിധ മതങ്ങൾ നൂറ്റാണ്ടുകളുടെ അനുഭവങ്ങളുടെയും ജ്ഞാനത്തിന്റെയും നിധിശേഖരങ്ങളാണ്. വിവിധ മതഗ്രന്ഥങ്ങൾ എല്ലാ കാലഘട്ടങ്ങൾക്കും നവമായ ചക്രവാളങ്ങൾ നൽകുന്നു. പക്ഷേ, യുക്തിചിന്തയുടെ ഹ്രസ്വവീക്ഷണം കൊണ്ട് പലപ്പോഴും മതഗ്രന്ഥങ്ങൾ സംശയദൃഷ്ടിയോടെ വീക്ഷിക്കപ്പെടുന്നു (നമ്പർ 275). മനുഷ്യരുടെ മൗലികാവകാശമായ മനഃസാക്ഷിയുടെ മതസ്വാതന്ത്ര്യത്തെയും ഈ പ്രബോധനരേഖ എടുത്തുപറയുന്നുണ്ട് (നമ്പർ 279). ശരിയായ മതവിശ്വാസത്തിൽ അക്രമത്തിനും തീവ്രവാദത്തിനും ഭീകരതയ്ക്കും സ്ഥാനമില്ലെന്നും അപഭ്രംശം സംഭവിക്കുന്ന മതവിശ്വാസത്തിലാണ് അക്രമവും ഭീകരതയും ഉണ്ടാകുന്നതെന്നും പാപ്പാ പഠിപ്പിക്കുന്നു (നമ്പർ 282). ഭീകരതയെയും മതതീവ്രവാദങ്ങളെയും ഈ പ്രബോധനം ശക്തമായി അപലപിക്കുന്നു. മതഗ്രന്ഥങ്ങളുടെ തെറ്റായ വ്യാഖ്യാനവും ദാരിദ്ര്യം, വിശപ്പ്, അടിമത്തം, അഹങ്കാരം തുടങ്ങിയവയോടുള്ള നിലപാടുകളുമാണ് ഭീകരപ്രവർത്തനങ്ങളിലേക്കു നയിക്കുന്നത് (നമ്പർ 283). അവിടെയൊക്കെ സമാധാനത്തിന്റെ ശില്പികളും സംവാദത്തിന്റെ മനുഷ്യരുമാകുവാനാണ് ഫ്രാൻസിസ് പാപ്പാ നമ്മെ ക്ഷണിക്കുന്നത് (നമ്പർ 284). മതങ്ങൾ ഒരിക്കലും വെറുപ്പിനും വിദ്വേഷത്തിനും തീവ്രവാദത്തിനും യുദ്ധത്തിനും രക്തച്ചൊരിച്ചിലിനും കാരണമാകരുതെന്ന് പാപ്പാ പഠിപ്പിക്കുന്നു (നമ്പർ 285).

**നമുക്കു വേണ്ടത് ഉറച്ച ബോധ്യങ്ങളും നിതാന്തജാഗ്രതയും**

വഴിതെറ്റിക്കുന്ന പ്രബോധനങ്ങൾ വ്യാപകമാകുന്ന ഇക്കാലത്ത് കത്തോലിക്കാവിശ്വാസികളായ നമുക്കു വേണ്ടത് ആഴത്തിൽ വേരൂന്നിയ ഉറച്ച വിശ്വാസബോധ്യങ്ങളും നിതാന്തജാഗ്രതയും തീക്ഷ്ണതയുള്ള പ്രേഷിതചൈതന്യവുമാണ്. സത്യവിശ്വാസത്തിനുവേണ്ടി അവസാനശ്വാസം വരെ നിലകൊള്ളുവാനുള്ള ധീരതയും കരുത്തും നമുക്കു വേണം. ഒപ്പം മാനവസാഹോദര്യചിന്തയും ആരോടും സംവദിക്കാനുമുള്ള തുറവും ഉണ്ടാകണം.

വേദപുസ്തകവും സഭാപിതാക്കന്മാരും ദൈവശാസ്ത്രപഠനങ്ങളും രണ്ടാം വത്തിക്കാൻ കൗൺസിലും കൗൺസിലനന്തരപഠനങ്ങളും വ്യക്തമായി പഠിപ്പിക്കുന്ന മനുഷ്യകുലം മുഴുവന്റെയും ഏകരക്ഷകനായ ഈശോയുടെ അനന്യതയെക്കുറിച്ചുള്ള ബോധ്യം നമ്മിൽ ആഴപ്പെടണം. 'ഈശോമിശിഹാ ഏതാനും പേരുടെ കുത്തകയല്ല; മറിച്ച്, എല്ലാ മനുഷ്യമക്കളുടെയും ആനുകൂല്യമാണെന്ന' വി. പോൾ ആറാമന്റെ വാക്കുകൾ നമുക്ക് ഓർക്കാം. ഈ ബോധ്യം നമ്മുടെ ദൈവാരാധനയിലും ആത്മീയതയിലും അനുദിന ക്രൈസ്തവജീവിതത്തിലും പ്രതിഫലിക്കുകയും വേണം.

ഏകസത്യദൈവത്തിലുള്ള വിശ്വാസം ദൈവം തരുന്ന ഒരു കൃപയും (നടപടി 16,14) വരദാനവും (മത്താ. 13, 16-17) ആണെന്നു നാം തിരിച്ചറിയണം. ഈശോ പ്രാർത്ഥിച്ചതുപോലെ, "ഏകസത്യദൈവമായ അങ്ങയെയും അങ്ങ് അയച്ച ഈശോമിശിഹായെയും അറിയുക എന്നതാണ് നിത്യജീവൻ" (യോഹ. 17,3). ബനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിക്കുന്നു: "മുഴുവൻ സഭയും സഭയുടെ എല്ലാ അജപാലകരും മിശിഹായെപ്പോലെ, ജനത്തെ മരുഭൂമിയിൽനിന്ന് ജീവന്റെ സ്ഥലത്തേക്കു നയിക്കുവാൻ പുറപ്പെടണം. ദൈവപുത്രനുമായുള്ള സൗഹൃദത്തിലേക്ക്, ജീവൻ നല്കുന്നവനിലേക്ക്, ജീവൻ സമൃദ്ധമായി നല്കുന്നവനിലേക്കു നയിക്കുവാൻ പുറപ്പെടണം" (വിശ്വാസത്തിന്റെ വാതിൽ, 2). അബദ്ധപ്രബോധനങ്ങളുടെയും വികലമായ വിശ്വാസവ്യാഖ്യാനങ്ങളുടെയും കലക്കവെള്ളത്തിൽനിന്ന് കുടിക്കുവാൻ പരിശ്രമിക്കാതെ ശുദ്ധപ്രബോധനമാകുന്ന തെളിമയുള്ള ഉറവയിൽനിന്ന് നാം ആവോളം പാനം ചെയ്യണം (വിശ്വാസത്തിന്റെ വാതിൽ, 3). വിശ്വാസത്തിൽ പക്വതയുള്ളവരും സംശുദ്ധമായ പ്രേഷിതജീവിതസാക്ഷ്യം നല്കുന്നവരുമായി ദൈവജനസമൂഹം മാറണം. വിശുദ്ധിയാണ് തിരുസ്സഭയുടെ ഏറ്റവും ആകർഷകമായ മുഖമെന്ന് ഫ്രാൻസിസ് പാപ്പായും പഠിപ്പിക്കുന്നു (ആനന്ദിക്കുവിൻ, ആഹ്ലാദിക്കുവിൻ, 9). വിശുദ്ധരാകുവാൻ കഴിയാതെപോകുന്നതാണ് ഏറ്റവും വലിയ ആത്മീയദുരന്തം എന്നും മാർപാപ്പാ അനുസ്മരിപ്പിക്കുന്നു.

തുടർച്ചയായ ജാഗ്രതയും തുറവുള്ള വിശ്വാസപഠനങ്ങളും ദൈവജനത്തിന്റെ ഭാഗത്തുനിന്ന് എന്നുമുണ്ടാകണം. അറിവില്ലായ്മയും അല്പജ്ഞാനവും അപകടകരമാണ്. ഇന്ന് ആഗോളതലത്തിൽ വളർന്നുവരുന്ന ഇസ്ലാമികമതതീവ്രവാദ നിലപാടുകളും ഭീകരപ്രവർത്തനങ്ങളും കുടിയേറ്റങ്ങൾക്കിടയിലെ നിയമവിരുദ്ധനുഴഞ്ഞുകയറ്റങ്ങളും നിർബന്ധിത മതപരിവർത്തനങ്ങളും നിർബന്ധിത വിവാഹങ്ങളും ജിഹാദിന്റെ പിന്നിലെ പ്രണയക്കെണികളും ക്രൈസ്തവപീഡനങ്ങളും നമ്മിൽ വലിയ ആശങ്കയും ഭീതിയും ഉളവാക്കുന്നു. ക്രൈസ്തവ ദൈവാലയങ്ങളായിരുന്ന തുർക്കിയിലെ ഹാഗിയ സോഫിയാ, കോറാ എന്നിവിടങ്ങളിൽ അടുത്ത നാളുകളിൽ നടന്ന സംഭവങ്ങളും നൈജീരിയ പോലുള്ള സ്ഥലങ്ങളിലെ ക്രൈസ്തവപീഡനങ്ങളും പാക്കിസ്ഥാനിലെ മരിയാ ഷഹബാസ് എന്ന പെൺകുട്ടിക്കുണ്ടായ അനുഭവങ്ങളും ക്രൈസ്തവലോകത്തിൽ വേദനയും അസ്വസ്ഥതയും ഉളവാക്കുന്നു. ഇവിടെ ഏറ്റവും ആവശ്യമായിരിക്കുന്നത് ദൈവപുത്രനായ ഈശോയിൽ നങ്കൂരമുറപ്പിക്കപ്പെട്ട ക്രൈസ്തവപ്രത്യാശയും നിതാന്തജാഗ്രതയുമാണ്.

# അർണോസ് പാതിരിയെന്ന സാഹിത്യവിസ്മയം

11-ാം പേജ് തുടർച്ച

കടലിൽ മാത്രമല്ല കരയിലുമുണ്ട് യാത്രാസംഘങ്ങളുടെ സമ്പത്തു തട്ടിയെടുക്കാൻ ആയുധസജ്ജരായി നടക്കുന്ന കൊള്ളക്കാർ. സമ്പത്തുമാത്രമല്ല ജീവൻ കൂടി ചിലപ്പോൾ നഷ്ടപ്പെട്ടെന്നുവരാം. തുർക്കിയിലൂടെയുള്ള കരയാത്രയും ആപത്തു നിറഞ്ഞതായിരുന്നു.

എങ്കിലും ഒരപകടം മാത്രമേ അവർക്കുണ്ടായുള്ളൂ. ചെറുപ്പക്കാരായ അർണോസും ഷില്ലിംഗറും യജമാനന്മാരെ കബളിപ്പിച്ചു പേർഷ്യയിലേക്ക് ഓടി രക്ഷപ്പെടുന്ന അടിമക്കുട്ടികളാണെന്ന ധാരണയിൽ അധികാരികൾ അവരെ പിടികൂടി ബന്ധനസ്ഥരാക്കി. വസ്തുതകൾ എത്ര വിശദീകരിച്ചിട്ടും അധികാരികൾ വഴങ്ങിയില്ല. ഒടുവിൽ ഒപ്പമുണ്ടായിരുന്ന ഒരു വാണിജ്യസംഘത്തലവൻ നല്ലൊരു കൈക്കൂലികൊടുത്ത് അർണോസിനെയും ഷില്ലിംഗറെയും രക്ഷപ്പെടുത്തുകയായിരുന്നു.

പേർഷ്യയിൽവച്ച് അർണോസിനും ഷില്ലിംഗർക്കും മാരകമായ പനി പിടിപെട്ടു. വിദഗ്ധചികിത്സ ലഭ്യമായതുകൊണ്ടു മാത്രമാണു മരണത്തിന്റെ പിടിയിൽനിന്നു രക്ഷപ്പെട്ടത്. ഈശ്വരാനുഗ്രഹംകൊണ്ടു പ്രതിബന്ധങ്ങളെ തരണം ചെയ്തു സൂററ്റിലെ മണ്ണിൽ കാലുകുത്തിയപ്പോൾ ആ യുവാക്കൾ സാഷ്ടാംഗനമസ്കാരം ചെയ്തു ദൈവത്തിനു നന്ദി പറഞ്ഞിട്ടുണ്ടാകും.

പാമ്പിന്റെ വായിലിരിക്കുന്ന തവള ഭക്ഷണത്തിനു കൊതിക്കുന്നതുപോലെ എന്നൊരു സാദൃശ്യകല്പന എഴുത്തച്ഛന്റെ രാമായണം കിളിപ്പാട്ടിലൂടെ കേരളീയർക്കു സുപരിചിതമാണല്ലോ. അത് അന്വർത്ഥമാക്കുന്ന ഒരു സന്ദർഭവും കപ്പൽയാത്രയ്ക്കിടയിലുണ്ടായി. ഫാദർ വെബ്ബറും ഫാദർ മേയറും മരണമടഞ്ഞു കഴിഞ്ഞപ്പോൾ അവരുടെ വസ്ത്രങ്ങളും പണവും മറ്റുസാധനങ്ങളും കപ്പൽജോലിക്കാർ പിടിച്ചുപറിച്ചുകൊണ്ടുപോയത്രേ! യാത്രയ്ക്കിടയിൽ മരണം പിടികൂടിയ പല യാത്രികർക്കും അവർ അന്ത്യകൂദാശ നല്കുന്നതിനു സാക്ഷ്യം വഹിച്ച ജോലിക്കാർതന്നെയാണ് ഇതു ചെയ്തതെന്നോർക്കുക.

അർണോസും ഷില്ലിംഗറും സൂററ്റിലെ ഈശോസഭക്കാരുടെ ആശ്രമത്തിലെത്തിയ ശേഷം വഴിപിരിഞ്ഞു. അർണോസ് തുടർന്നു ഗോവയിലേക്കും അവിടെനിന്നു കപ്പൽമാർഗം കൊച്ചിയിലേക്കും തുടർന്ന് തൃശൂരിനു സമീപം അമ്പഴക്കാട്ടുണ്ടായിരുന്ന ഈശോസഭാസെമിനാരിയിലേക്കും പോന്നു. അവിടെ വൈദികവിദ്യാഭ്യാസം പൂർത്തിയാക്കി 1707 അവസാനം പൗരോഹിത്യം സ്വീകരിച്ചു.

വൈദികനായശേഷം കുറെക്കാലം മധ്യകേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ച് അർണോസ് പാതിരി സുവിശേഷപ്രചാരണത്തിൽ ഏർപ്പെട്ടതായി അദ്ദേഹത്തിന്റെതന്നെ ചില കത്തുകളിൽനിന്നു വ്യക്തമാകുന്നുണ്ട്. 1712 ൽ അദ്ദേഹം വേലൂരിൽ ഒരു പള്ളി പണിയിച്ച് അവിടെ വികാരിയായി സേവനം അനുഷ്ഠിച്ചു തുടങ്ങി. ഇക്കാലത്ത് അദ്ദേഹം സംസ്കൃതത്തിലും മലയാളത്തിലും കൂടുതൽ പഠനങ്ങൾ നടത്തുകയും കാവ്യരചന ആരംഭിക്കുകയും ചെയ്തു എന്നു കരുതേണ്ടിയിരിക്കുന്നു. അവിടെവച്ചാവണം അദ്ദേഹത്തിന്റെ പ്രശസ്തകൃതികളൊക്കെത്തന്നെ എഴുതപ്പെട്ടത്. എങ്കിലും അവിടെനിന്നദ്ദേഹത്തിനു പഴുവിൽപള്ളിയിലേക്കു സ്ഥലം മാറിപ്പോകേണ്ടിവന്നു. അവിടെ വച്ച് 1732 മാർച്ച് 20ന് ആ മഹാപ്രതിഭാശാലി ഇഹലോകവാസം വെടിഞ്ഞു.

മലയാളസാഹിത്യത്തിൽ അർണോസ് പാതിരി ചിരപ്രതിഷ്ഠ നേടുന്നത് കാവ്യരചനകളിലൂടെയാണ്. ചതുരന്ത്യം, പുത്തൻപാന, ഉമ്മാടെ ദുഃഖം, ദേവമാതാവിന്റെ വ്യാകുലപ്രബന്ധം, ഉമ്മാപർവം, ജനോവാപർവം എന്നിവയാണ് കണ്ടുകിട്ടിയിട്ടുള്ള അർണോസ്കാവ്യങ്ങൾ. അവയിൽ പലതും മലയാളകവിതയിൽ പുതിയ കാവ്യശാഖകൾക്കു തുടക്കം കുറിച്ചു എന്നതാണ് വിസ്മയജനകമായ വസ്തുത. അതാണു പാതിരിയുടെ മഹത്ത്വത്തിനു മാറ്റുകൂട്ടുന്നതും.

ജർമ്മനിയിൽനിന്ന് ഇന്ത്യയിലേക്കുള്ള അർണോസിന്റെ യാത്ര മരണത്തിന്റെ താഴ്‌വരയിലൂടെയുള്ള സാഹസികസഞ്ചാരമായിരുന്നു എന്നു സൂചിപ്പിച്ചുവല്ലോ. എത്രയോ തവണയാണദ്ദേഹം മരണത്തെ മുഖാമുഖം കണ്ടത്. ഇതുകൊണ്ടാവണം അദ്ദേഹത്തിന്റെ ആദ്യരചന മരണത്തെക്കുറിച്ചുതന്നെയായത്.

ചതുരന്ത്യത്തിലെ ആദ്യഭാഗമായ മരണപർവമാണ് ആ രചന. മരണാസന്നനായ ഒരു വ്യക്തി തന്റെ ജീവിതത്തിലേക്കു പിന്തിരിഞ്ഞു നോക്കി സ്വയം വിലയിരുത്തി മരണത്തിലേക്കു കടന്നുപോവുകയാണ്. മലയാളത്തിൽ ഇത്തരനുഭവം പില്ക്കാലത്തു കാര്യവിഷയമാകുന്നത് 1894 ൽ മാത്രമാണ്. ആ വർഷം ഭാഷാപോഷിണിസഭയുടെ കാവ്യരചനാമത്സരത്തിനു നല്കിയ വിഷയം മരണാസസന്നനായ ഒരു വ്യക്തിയുടെ ചിന്തകൾ നൂറു പദ്യങ്ങളിൽ ആവിഷ്കരിക്കുക എന്നതായിരുന്നു. അതിന് ഏകദേശം രണ്ടു നൂറ്റാണ്ടുമുമ്പാണ് മരണപർവം എഴുതപ്പെട്ടത്.

മാതൃഭാഷയിൽ മലയാളികൾക്ക് ആദ്യം ബൈബിൾ വായിക്കാൻ കഴിഞ്ഞത് അർണോസുപാതിരിയുടെ പുത്തൻപാനയിലൂടെയാണ്. ലോകസൃഷ്ടിയുടെ കഥ ചുരുക്കിപ്പറഞ്ഞ് യേശുവിന്റെ ജീവിതവും പ്രബോധനങ്ങളും വിശദമായി അവതരിപ്പിക്കുന്ന അക്കാവ്യം തിരുസ്സഭയുടെ സമാരംഭം കൂടി ആഖ്യാനം ചെയ്തുകൊണ്ടാണ് അവസാനിക്കുന്നത്. മലയാളത്തിൽ ആദ്യ ബൈബിൾപരിഭാഷ ഉണ്ടാകുന്നത് 1811 ൽ മാത്രമാണല്ലോ.

ഉമ്മാടെ ദുഃഖം മലയാളത്തിലെ ആദ്യവിലാപകാവ്യമാണ്. സാഹിത്യചരിത്രങ്ങൾ പറയുന്നത് 1902 ലുണ്ടായ, സി.എസ്. സുബ്രഹ്മണ്യൻ പോറ്റിയുടെ ഒരു വിലാപമാണ് ആദ്യവിലാപകാവ്യം എന്നാണ്. ഉമ്മാടെ ദുഃഖം ശ്രദ്ധയോടെ വായിച്ചവർ, ചരിത്രപരമായ ഈ അബദ്ധം സമ്മതിച്ചുകൊടുക്കാൻ ഇടയില്ല.

ഉമ്മാപർവം ദൈവമാതാവിന്റെ ജീവിതകഥ ആഖ്യാനം ചെയ്യുന്ന ജീവചരിത്രകാവ്യമാണ്. പാതിരിയുടെ വിസ്മയകരമായ ഭാഷാസ്വാധീനം അതിന്റെ പൂർണതയിൽ ഈ കാവ്യത്തിൽ വെളിപ്പെടുന്നു. ഉമ്മാപർവത്തിനുമുമ്പ് അത്തരത്തിലൊരു കാവ്യം മലയാളത്തിൽ ഉണ്ടായിട്ടില്ല. അതുപോലെയാണ് ജനോവാപർവവും. മനോഹരമായ ഒരു ഖണ്ഡകാവ്യമാണത്. കാവ്യം വായിക്കുന്നവർ അതൊരു വിദേശമിഷണറിയുടെ രചനയാണോ എന്നു സംശയിച്ചു പോകും. അത്രയും മനോഹരമാണ് ജനോവാപർവത്തിലെ ഭാഷയും ആഖ്യാനരീതിയും.

ഇവിടെ പറഞ്ഞ കാവ്യങ്ങൾക്കു പുറമേ, മലയാളം-പോർച്ചുഗീസ് നിഘണ്ടു, മലയാളം-പോർച്ചുഗീസ് വ്യാകരണം, മലയാളം-സംസ്കൃത നിഘണ്ടു, സംസ്കൃതവ്യാകരണം എന്നീ വൈജ്ഞാനികരചനകളും പാതിരി നമുക്കു സമ്മാനിച്ചിട്ടുണ്ട്.

അർണോസ് പാതിരിയുടേത് ഒരു നിയോഗമായിരുന്നു. മിഷണറിയായി വന്ന അദ്ദേഹം ആ ദൗത്യത്തിനു യാതൊരു ഭംഗവും വരുത്താതെ, അക്ഷരോപാസനയിലൂടെ ഒരു മഹാകവിയായി മാറി. ഈ പരിണാമത്തെ ഒരു സാഹിത്യവിസ്മയം എന്നല്ലാതെ മറ്റെങ്ങനെയാണു വിശേഷിപ്പിക്കുക?

# 2021 വിശുദ്ധ യൗസേപ്പിതാവിന്

വത്തിക്കാൻ സിറ്റി: വിശുദ്ധ യൗസേപ്പിതാവിനെ ആഗോളസഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചതിന്റെ നൂറ്റിയൻപതാമതു വാർഷികാഘോഷത്തിന്റെ ഭാഗമായി 2020 ഡിസംബർ എട്ടുമുതൽ 2021 ഡിസംബർ എട്ടുവരെ വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി ഫ്രാൻസിസ് പാപ്പ പ്രഖ്യാപിച്ചു. ഓരോ വിശ്വാസിയും വിശുദ്ധന്റെ മാതൃക പിന്തുടർന്നുകൊണ്ട് ദൈവേഷ്ടത്തിന്റെ പൂർത്തീകരണത്തിനായി ദിനംപ്രതി അവരുടെ വിശ്വാസജീവിതം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് വിശുദ്ധ യൗസേപ്പിതാവിന്റെ വർഷം പ്രഖ്യാപിച്ചിരിക്കുന്നതെന്നു റോമൻ കൂരിയയുടെ അപ്പസ്തോലിക പെനിറ്റെൻഷ്യറി ഡിക്കാസ്റ്ററി പുറത്തുവിട്ട ഡിക്രിയിൽ പറയുന്നു.



വിശുദ്ധ യൗസേപ്പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ച് പ്രത്യേക ദണ്ഡവിമോചനം ലഭ്യമാണെന്നും ഡിക്രിയിൽ പറയുന്നുണ്ട്. യൗസേപ്പിതാവിൽ ഒരു മധ്യസ്ഥനെയും സഹായിയെയും കഷ്ടതകൾ നിറഞ്ഞ സമയത്ത് നമ്മളെ നയിക്കുന്ന ഒരു മാർഗദർശിയെയും നമുക്കു ദർശിക്കാനാവുമെന്ന് 'പാട്രിസ് കോർഡെ' (പിതാവിന്റെ ഹൃദയത്തോടെ) എന്ന് പേരിട്ടിരിക്കുന്ന ഒരു അപ്പസ്തോലിക ലേഖനവും ഫ്രാൻസീസ് പാപ്പാ പുറത്തുവിട്ടിട്ടുണ്ട്.

1870 ഡിസംബർ എട്ടിനാണ് പയസ് ഒമ്പതാമൻ മാർപാപ്പാ വിശുദ്ധ യൗസേപ്പിതാവിനെ ആഗോളസഭയുടെ മധ്യസ്ഥനായി പ്രഖ്യാപിച്ചത്.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ക്രിസ്മസ് പ്രമാണിച്ച് ഓഫീസ് അവധിയായതിനാൽ അടുത്ത ലക്കം ദീപനാളം പ്രസിദ്ധീകരിക്കുന്നതല്ല.

പത്രാധിപർ

കവിത

ളാക്കാട്ടൂർ പൊന്നപ്പൻ

## മെറി ക്രിസ്മസ്

ആഹാ വീണ്ടും ക്രിസ്മസ് നമ്മെ
ആകെയുണർത്തുന്നു.
മേലേ വാനിലുദിച്ചു ചിരിച്ചു
നല്ലൊരു നക്ഷത്രം!
വിണ്ണിൽനിന്നു വെളിച്ചം മെല്ലെ
മണ്ണിൽ വീശുന്നു
മന്ദസമീരൻ ചന്ദനശീതള
ചാമരമേന്തുന്നു.
താഴെ ഭൂമിയുണർന്നു ചിരിച്ചു
താഴം പൂപോലെ
വാനവനിരയുടെ മംഗളഗീതിയിൽ
മാനവനുണരുന്നു
“നാഥനു സ്തോത്രം നാകതലത്തിൽ
ശാന്തി മനുഷ്യന്നായ്”
നിന്നു മുഴങ്ങിയ സന്ദേശത്തിൽ
ചിത്തമുണർന്നെങ്ങും!
മന്ദ്രമനോഹരസംഗീതം ഹായ്
കർണമനോഹരമായ്
അഴലിൻചുമടുകൾ ദൂരെയെറിഞ്ഞിനി
അരികിൽ സാനന്ദം-
പുണരാൻ നമ്മൾക്കീശൻ നല്കി
പുതിയൊരു സമ്മാനം!
നാഥനണഞ്ഞു! നമ്മുടെ നാളുകൾ
ശോഭനമിനിയെന്നും
കണ്ണിനു കണ്ണാമീശോകാലി-
ക്കൂട്ടിൽ ജനിച്ചല്ലോ!
കൈയിൽ സ്വർണം, മീറാ സർവം
കാഴ്ചയൊരുക്കേണം.
നാഥനണഞ്ഞോരീ സുദിനത്തെ
വാഴ്ത്തിപ്പാടേണം.
വാനവനിരയോടു ചേർന്നുമദിക്കാം
മെറി-ക്രിസ്മസ് ഹായ്!



മേരി സെബാസ്റ്റ്യൻ

# ഗ്രേച്ചിയോയിലെ ക്രിസ്മസ് ക്രിബ്

വിശ്വമഹോത്സവമായ ക്രിസ്മസിന്റെ കാതൽ ദൈവം മനുഷ്യരൂപമണിഞ്ഞ് വിണ്ണിൽനിന്നു മണ്ണിലേക്കിറങ്ങിവന്നു എന്നുള്ളതാണ്. ഭൂമുഖത്ത് ക്രിസ്മസ്പോലെ ആഹ്ലാദം അലതല്ലുന്ന മറ്റൊരാഘോഷവുമില്ലെന്നുള്ളതാണ് പരമാർത്ഥം. കാരണം, സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്തയാണ് ക്രിസ്മസ്. അതുകൊണ്ടുതന്നെ ഒരു നിശ്ചിത കാലയളവിലുള്ളവർക്കോ, ഒരു പ്രത്യേക ദേശത്തിനോ വംശത്തിനോ ഗോത്രത്തിനോവേണ്ടി മാറ്റിയിട്ടിരിക്കുന്ന ഒരാഘോഷമല്ല ക്രിസ്മസ്. ബൈബിൾ പഠിപ്പിക്കുന്നു: "യേശു ഇന്നലെയും ഇന്നും എന്നും ഒരുവൻതന്നെ."

രണ്ടായിരം വർഷംമുമ്പ് 'ദൈവം ഇമ്മാനുവേലായി' എന്ന ചരിത്രയാഥാർത്ഥ്യം നിറവേറിയത് ബത്‌ലഹേം മലഞ്ചെരിവിലെ ഒരു പുൽക്കൂട്ടിലാണ്. 12-ാം നൂറ്റാണ്ടുവരെ ക്രൈസ്തവാരാധനക്രമങ്ങളോടു ചേർന്നുള്ള ആചാരാനുഷ്ഠാനങ്ങളായിട്ടാണ് ക്രിസ്മസ് കൊണ്ടാടിയിരുന്നത്. എന്നാൽ, സകല സൃഷ്ടിജാലങ്ങളിലും ദൈവമഹത്ത്വം ദർശിച്ച പ്രകൃതിസ്നേഹിയായ അസ്സീസിയിലെ വി. ഫ്രാൻസീസിന്റെ മനതാരിൽ മനോഹരവും അർത്ഥസംപുഷ്ടവുമായ ഒരു സ്വപ്നം പൊട്ടിവിരിഞ്ഞു. രക്ഷാകരചരിത്രത്തിലെ സുപ്രധാനസംഭവമായ ഉണ്ണിയേശുവിന്റെ തിരുപ്പിറവി എന്ന മഹാസംഭവത്തെ പുനരവതരിപ്പിച്ചുകൊണ്ട് അദൃശ്യനായ ദൈവത്തെ ദൃശ്യവത്കരിക്കണം. അതുവഴി മാനവരാശി എക്കാലവും ദൈവത്തിന്റെ രക്ഷാകരരഹസ്യം അറിയുകയും അനുഭവിക്കുകയും ചെയ്യണം എന്നതായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം.

1223 ലെ ഡിസംബർ മാസം. വി. ഫ്രാൻസീസ് തന്റെ സ്നേഹിതനായ ജോൺ വെലീത്തയോടു പറഞ്ഞു: "ഈ വർഷത്തെ ക്രിസ്മസ് നമുക്കു ഗ്രേച്ചിയോയിൽ ആഘോഷിക്കാം. അതിനായി ഉണ്ണിക്കു പിറക്കുവാൻ ഒരു കാലിത്തൊഴുത്തും പുൽക്കൂടും നിർമ്മിക്കണം. എല്ലാം സഫലമാവാൻ പ്രാർത്ഥിച്ച് ഒരുങ്ങുകയും വേണം." ഫ്രാൻസീസിന്റെ ഹിതമനുസരിച്ച് ജോൺ ഒരുക്കങ്ങളാരംഭിച്ചു. ക്രിസ്മസ് തലേന്ന് ജോൺ വെലീത്ത കാലിത്തൊഴുത്തിന്റെ സമീപം മൃഗങ്ങളെ നിരത്തി. അവയ്ക്കു തീറ്റിയും വെള്ളവും കരുതി. ഫ്രാൻസിസിന്റെ സഹസന്ന്യാസികളും ഗ്രേച്ചിയോയിലെത്തി.

ഹിമസാന്ദ്രമായ സന്ധ്യാസമയം. ഫ്രാൻസീസുമെത്തി. പരിസരവാസികളെല്ലാം വിസ്മയഭരിതരായി ഓടിയണഞ്ഞു. പുൽത്തൊട്ടിയിൽ കച്ചി നിരത്തി. പിള്ളക്കച്ചയും വിരിച്ചു. ഒരു മാതാവും പിതാവും തങ്ങളുടെ ശിശുവുമായി സമീപത്തു നിന്നിരുന്നു. ഫ്രാൻസീസ് കുഞ്ഞിനെ കരങ്ങളിൽ വഹിച്ച് ഭക്ത്യാദരവോടെ പുൽത്തൊട്ടിയിൽ കിടത്തി. കുഞ്ഞ് തന്റെ കൈകാലുകൾ കുടഞ്ഞ് പ്രതികരിച്ചു. മനുഷ്യർ മാത്രമല്ല, മൃഗങ്ങളും ശിശുവിനെത്തന്നെ നോക്കിനിന്നു. ജീവന്റെ തുടിപ്പുള്ള പുൽക്കൂടും പരിസരവും! ചുറ്റും നിന്നവർ കരഘോഷം മുഴക്കി. ആനന്ദനൃത്തമാടി സ്തുതിഗീതങ്ങളുയർത്തി. സമയം പാതിരാവോടടുത്തു. ദിവ്യബലിയാരംഭിച്ചു. സമാപനത്തോടുകൂടി വി. ഫ്രാൻസീസ് അസ്സീസി ഹൃദയസ്പർശിയായ സന്ദേശവും നൽകി. അങ്ങനെ അന്നുമുതൽ തിരുപ്പിറവിത്തിരുനാളാചരണത്തിന് പുതിയൊരു രൂപവും ഭാവവും കൈവന്നു. മാത്രമല്ല, പിന്നീടങ്ങോട്ട് ഉണ്ണിയേശുവിനെ വരവേൽക്കുവാൻ ലോകമാസകലം ക്രിസ്മസ് ക്രിബുകൾ നിർമ്മിക്കുവാനും തുടങ്ങി. വി. ഫ്രാൻസീസ് ആരംഭംകുറിച്ച ക്രിസ്മസിന്റെ പുനരാവർത്തനം ദൈവസന്നിധിയിൽ സ്വീകാര്യമായിരുന്നുവെന്നതിന്റെ അടയാളമായി ഗ്രേച്ചിയോമലയിലെ പുല്ലും പൂവും കായ്കനികളുമെല്ലാം രോഗാതുരരായ പക്ഷിമൃഗാദികൾക്ക് സിദ്ധൗഷമായി ഇന്നും ഉപയോഗിച്ചുവരുന്നുവെന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നു.



ദ്വിതീയക്രിസ്തുവായ വി. ഫ്രാൻസീസിന്റെ ജനനവും ക്രിസ്തുവിന്റെ ജനനവുമായി ഏറെ സമാനതകളുണ്ടെന്ന് ചരിത്രകാരന്മാർ അവകാശപ്പെടുന്നു. ഫ്രാൻസീസിന്റെ അമ്മ പീക്കാ ദിവസങ്ങളായുള്ള പ്രസവവേദനയാൽ ക്ലേശിച്ചിരിക്കവേ ഒരു വൃദ്ധൻ അവിടേക്കു കടന്നുവന്ന് പീക്കായോടു പറഞ്ഞു: "നീ കാലിത്തൊഴുത്തിലേക്കു കടന്നുപോകുക. നിന്റെ പ്രസവം അനായാസമാകും." അതനുസരിച്ച് അവൾ തൊഴുത്തിൽ പ്രവേശിക്കുകയും വൃദ്ധൻ അപ്രത്യക്ഷനാകുകയും ഒരാൺകുഞ്ഞ് ജനിക്കുകയും ചെയ്തു. ഇത്രമാത്രം ഈശോയുമായി താദാത്മ്യം പ്രാപിക്കുവാൻ കഴിഞ്ഞ മറ്റൊരു വ്യക്തിപോലും ഈ ഭൂമുഖത്ത് ജന്മം കൊണ്ടിട്ടില്ല എന്നത് നിസംശയം ആവ്ർത്തിക്കാം.

സുവിശേഷത്തിലധിഷ്ഠിതമായ ജീവിതംകൊണ്ട് യേശുവിനെ അനുകരിച്ച് വിജയകിരീടമണിഞ്ഞ മഹാവിശുദ്ധനാണ് വി. ഫ്രാൻസീസ്. പുൽക്കൂട്ടിൽ പിറന്ന ദൈവപുത്രന്റെ ചെറുതാകലിന്റെയും ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും ശൂന്യവത്കരണത്തിന്റെയും തനിമയാർന്ന പ്രകാശനമാണ് ലോകമനഃസാക്ഷിയെ തൊട്ടുണർത്തുവാൻ പര്യാപ്തമായ വി. ഫ്രാൻസീസിന്റെ സമാധാനപ്രാർത്ഥനയുടെ അന്തഃസ്സത്ത. ക്രൈസ്തവലോകമിന്ന് ക്രിസ്മസ് ക്രിബുകൾക്കു മുമ്പിൽ നമ്രശിരസ്കരായി നിൽക്കുമ്പോൾ അതിന് തുടക്കംകുറിച്ച വി. ഫ്രാൻസീസിനോടുള്ള കടപ്പാടും മറക്കാതിരിക്കാം. ■


## ക്രിസ്തുരാജ് സ്കൂൾ ഓഫ് സൈക്കോ സ്പിരിച്വൽ കൗൺസലിംഗ്

**മൂന്നാനി-പാലാ**

1. Individual Councelling
2. Family Councelling
3. Diploma Course in Councelling
4. Certificate Course in Councelling

Mob:9496115252, 9747497367

## സെന്റ് ജോർജ് കണ്ണാശുപത്രി

**ന്യൂ ബസാർ റോഡ്, പാലാ**

**PH : 04822 200038, Mob : 94462 49124**

എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച രാവിലെ 9.00 മുതൽ ഉച്ചയ്ക്ക് 12.30 വരെ Dr. DHRUMIL C. KHIRSARIYA (Cataract and Vitreo Retina Surgeon, Medical Director, New Vision Eye Hospital, Mundakkayam) യുടെ സേവനം പാലാ സെന്റ് ജോർജ് കണ്ണാശുപത്രിയിൽ ലഭ്യമാണ്.

തിമിര, റെറ്റിന സംബന്ധമായ എല്ലാ ചികിത്സകളും മിതമായ നിരക്കിലും ബിപിഎൽ കാർഡുകാർക്ക് പ്രത്യേക ഡിസ്കൗണ്ടും ഉണ്ടായിരിക്കുന്നതാണ്.

തിങ്കൾ, ചൊവ്വ, വ്യാഴം, ശനി
(10 am - 1.30 pm)
Dr. Pooja S. MBBS, MS, DO
Consultant Opthalmologist-ന്റെ സേവനം ഉണ്ടായിരിക്കുന്നതാണ്.

ക്രിസ്മസ്-ന്യൂ ഇയർ പ്രമാണിച്ച് എല്ലാ ലെൻസുകൾക്കും 20 ശതമാനം ഡിസ്കൗണ്ടും ഉണ്ടായിരിക്കുന്നതാണ്.



നോവൽ

ജോർജ് പുളിക്കാട്

# ഇടം

## അധ്യായം 17

**ക**ടുത്ത നിരാശയും വൈരാഗ്യവും ഉറക്കച്ചടവും മദ്യലഹരിയുമെല്ലാം ചേർന്ന് ഭ്രാന്തമായ മാനസികനിലയോടെയാണ് പുഴക്കരവക്കച്ചൻ കായലോരത്തെ തന്റെ തകർക്കപ്പെട്ട വീടു കാണാൻ പോയത്. ചീറിയെത്തുന്ന ബെൻസ് കാർ കണ്ട് സംഭവസ്ഥലത്ത് കൂട്ടംകൂടിനിന്ന പ്രദേശവാസികൾ ഓടി മാറി. വക്കച്ചൻ കാർ ബ്രേക്കിട്ടു നിർത്തി. ഉദ്വോഗത്തോടെ നോക്കി. തന്റെ മനോഹരമായ വീടും പരിസരവും ഇപ്പോൾ ഒരു മൈതാനമായി മാറിയിരിക്കുന്നു! വീടിന്റെ യാതൊരവശിഷ്ടങ്ങളും അവിടെ കാണുന്നില്ല. വക്കച്ചൻ പുറത്തിറങ്ങി.



"ഹെന്റെ... ദൈവമേ..." അയാളുടെയുള്ളിൽനിന്നും ഒരു വിലാപശബ്ദം പുറത്തുവന്നു.

മിനിറ്റുകളോളം വക്കച്ചൻ തന്റെ വീടിരുന്ന സ്ഥലത്തേക്കു നോക്കിനിന്നു. ഏതോ ഉൾപ്രേരണയാൽ തന്റെ മുണ്ടിന്റെ കോന്തലിൽനിന്ന് ഒരു ഭാഗം അയാൾ കീറിയെടുത്തു. പിന്നെ കുനിഞ്ഞ് വലതുകൈകൊണ്ട് തറയിൽനിന്ന് ഒരുപിടി മണ്ണുവാരി. അതു നെഞ്ചോടു ചേർത്തുപിടിച്ച് അസ്പഷ്ടമായി എന്തൊക്കെയോ പുലമ്പി. കൈയിലെടുത്ത മണ്ണ് തുണിക്കഷണത്തിൽ കിഴിപോലെ കെട്ടി ജൂബയുടെ പോക്കറ്റിലിട്ടു. പിന്നെ തിരികെച്ചെന്ന്, കാറിൽക്കയറി വീട്ടിലേക്കു കുതിച്ചു. തറവാട്ടുവീടിന്റെ മുറ്റത്ത് കാറിൽച്ചെന്നിറങ്ങിയപ്പോൾ വരാന്തയിൽ ഭാര്യയും മകളുമുണ്ടായിരുന്നു.

"ഇച്ചായാ, ഇതെവിടെപ്പോയി രാവിലെ? ഞങ്ങളെ പേടിപ്പിച്ചല്ലോ?" ഫിലോമിന വിഷമത്തോടെ പറഞ്ഞു.

"ഞാനെന്റെ വീടൊന്നു കാണാൻ പോയതാ. കണ്ടില്ല. ഇനിയൊരിക്കലും ആരും കാണില്ലത്." ഉമ്മറത്തേക്കു കയറുമ്പോൾ വക്കച്ചൻ പറഞ്ഞു.

"ഇന്നല്ലേ തകർക്കുമെന്നു പറഞ്ഞത്?"

"അതെ. രാത്രിയിലേ അവര് പണിതീർത്തു. ഒന്നും... ഒന്നും ശേഷിച്ചിട്ടില്ലവിടെയിപ്പോൾ. ഇതാ... ഇതുമാത്രം ഞാൻ കൊണ്ടുപോന്നു." ജൂബാപോക്കറ്റിൽനിന്നു മൺകിഴിയെടുത്ത് ഉയർത്തിക്കാട്ടി വക്കച്ചൻ പറഞ്ഞു.

''അതെന്താ, അച്ചായാ?'' ഫിലോമിന ചോദിച്ചു.

"പുരത്തറയിൽനിന്ന് ഒരുപിടി മണ്ണ്."

"അതെന്തിനാ."

"ആവശ്യമുണ്ട്. ഞാനിതൊരിടത്തു സൂക്ഷിക്കും. ആവശ്യം വരുന്ന ദിവസമെടുക്കും." വക്കച്ചൻ അകത്തേക്കു കയറിപ്പോയി.

വീൽച്ചെയറിലിരുന്ന മീരയുടെ കണ്ണുകൾ നിറഞ്ഞൊഴുകുന്നുണ്ടായിരുന്നു. ഫിലോമിന അടുത്തുചെന്ന് മകളുടെ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണീർ തുടച്ചു.

"കരയാതെടീ. പപ്പയിങ്ങു വന്നല്ലോ. രാവിലെ നമ്മളോടൊന്നും പറയാതെ, ഫോണുമിവിടെ വച്ചിട്ട് വണ്ടിയുമെടുത്തു പോയതല്ലേ. വല്ലാതെ പേടിച്ചു, ഞാൻ."

"പപ്പാ എന്തുമാത്രം മോഹിച്ച്, കഷ്ടപ്പെട്ട്, ഒത്തിരിപ്പണം മുടക്കി ഉണ്ടാക്കിയതല്ലേ? മകളോടുള്ള സ്നേഹം കാണിക്കാൻ. ലോകത്തിൽ വേറൊരപ്പനും ഇങ്ങനെയൊന്നു ചെയ്തിട്ടുണ്ടാവില്ല. ഷാജഹാൻ ചക്രവർത്തി ഭാര്യയോടുള്ള സ്നേഹം കാട്ടാൻ ഒരു ശവകുടീരമല്ലേ പണിതത്." ഇടറിയ സ്വരത്തിൽ മീരപറഞ്ഞു.

"നമുക്ക് ഇതിലും മനോഹരമായ മറ്റൊരു വീടുണ്ടാക്കാം മോളേ. പണമുണ്ടല്ലോ ഇഷ്ടംപോലെ. മീരമോള് സങ്കടപ്പെടാതെ." ഫിലോമിന മകളുടെ നെറുകയിൽ തലോടിക്കൊണ്ടു പറഞ്ഞു.

"വേണ്ട. ഇനിയൊരു വീടൊന്നും വേണ്ട. എന്തിനാ നമുക്കു വീട്? പപ്പയും മമ്മിയും ഞാനും മരിക്കുന്നതോടെ നമ്മുടെ കുടുംബം തീരും. മമ്മിയും പപ്പയും ജീവിച്ചിടത്തോളം ഞാനുണ്ടാവില്ല. നിങ്ങൾക്കുമുമ്പേ കടന്നുപോകണോന്നാ എന്റെയാഗ്രഹം. എനിക്കീലോകത്തിൽ വേറേ ആരുണ്ട്?"

"പറയാതെ മോളെ അങ്ങനെയൊക്കെ. എന്തിനാ ഇങ്ങനെ വിഷമിപ്പിക്കുന്നെ?"

"ഞാൻ പറഞ്ഞത് ആലോചിക്കേണ്ട കാര്യമല്ലേ?" മീര അമ്മയെ ഉറ്റുനോക്കി.

"പപ്പയുടെയും എന്റെയും മനസ്സിൽ വേവലാതിയുണ്ട് മോളേ. ഏതെങ്കിലും നല്ല സ്ഥാപനത്തിൽ സുരക്ഷിതമായ ഒരു സ്ഥലത്ത് നിന്നെ ഏല്പിച്ചിട്ടേ ഞങ്ങള് പോകൂ."

"ബന്ധുക്കളായി ആരുമില്ലാത്ത, സ്നേഹിക്കാനാരുമില്ലാത്ത ഒരു ലോകത്ത് ജീവിച്ചിരിക്കുന്നതിനേക്കാൾ എത്ര നല്ലതാ മരണം."

"നീയെപ്പഴും മരണത്തെപ്പറ്റി ഇങ്ങനെ പറയാതെ. അത് എല്ലാ മനുഷ്യർക്കുമുള്ളതാ. സമയം ദൈവം തീരുമാനിക്കും. നീയെത്ര ചെറുപ്പമാണ്. ഞങ്ങൾ പ്രായമായവരാണ്, മരണത്തെക്കുറിച്ചു കൂടുതൽ ചിന്തിക്കേണ്ടത്.'' ഫിലോമിന പറഞ്ഞു.

"അമ്മേ, അമ്മയെപ്പഴെങ്കിലും ചിന്തിച്ചിട്ടുണ്ടോ നമ്മുടെ കുടുംബത്തിനുണ്ടാകുന്ന തുടർച്ചയായ ദുരന്തങ്ങളെക്കുറിച്ച്? പപ്പയുടെ ഷാപ്പിലേക്ക് പാലക്കാട്ടുനിന്ന് കള്ളുകൊണ്ടുവന്നിരുന്നയാളല്ലേ കാലൻ മാത്തൻ? പപ്പയുടെ ഗുണ്ടയായിട്ടും കഴിഞ്ഞു. അയാളെ ഇടവഴിയിലിട്ട് കുറേപ്പേർ ചേർന്ന് വെട്ടിക്കൊന്ന സംഭവമൊക്കെ ഞാൻ കുഞ്ഞുന്നാളിൽ കേട്ടിട്ടുണ്ട്. ആളെ കണ്ടിട്ടുള്ളതായിട്ടും ചെറിയ ഓർമ്മയുണ്ട്. ആ ഗുണ്ടയുടെ മകള് ഇന്ന് നമ്മുടെ ജില്ലയുടെ കളക്ടറായിരിക്കുന്നു! എന്തൊരു ഭാഗ്യമാ സലോമിക്കുണ്ടായത്. ഇവിടെ നമ്മൾക്കാണെങ്കിൽ ബെഡ്ഡിലും വീൽച്ചെയറിലും ഒതുങ്ങുന്ന ജീവിതം!"

"മീരാ, നിന്റെ ചോദ്യത്തിന്റെ ഉത്തരം പറയാനെനിക്കു കഴിയില്ല. പണം ഒത്തിരിയുണ്ടാക്കുന്നത് ഒരിക്കലും നേരിന്റെ മാർഗ്ഗത്തിലായിരിക്കില്ല. അതുപോലെ പണം അധികമായിക്കഴിഞ്ഞാൽ പിന്നെ സകല സുഖങ്ങൾക്കും ആഡംബരത്തിനും പിന്നാലെയുള്ള പരക്കം പാച്ചിലിലാകും മനുഷ്യൻ. ഞാൻ പറഞ്ഞതിൽ ചിലപ്പോൾ നിന്റെ ചോദ്യത്തിനുത്തരവും കാണും. നിന്റെ പപ്പായിപ്പോൾ വലിയ വിഷമത്തിലാ. ഞാനടുത്തേക്കൊന്നു ചെല്ലട്ടെ." അങ്ങനെ പറഞ്ഞിട്ട് ഫിലോമിന അകത്തേക്കു കയറിപ്പോയി.

കുന്നിൻനെറുകയിലുള്ള തറവാട്ടുവീടിന്റെ ഉമ്മറത്തിണ്ണയിൽ വീൽച്ചെയറിലിരുന്നുകൊണ്ട് മീര കിഴക്കൻ മലനിരകളിലേക്കു കണ്ണയച്ചു. അവിടെ ചെറിയ ചെറിയ വീടുകളും അതിനോടിണങ്ങിയ മനുഷ്യജീവിതങ്ങളും ശ്രദ്ധയിൽപ്പെട്ടു. കായൽക്കരയിലെ ആധുനികരീതിയിലുള്ള ബംഗ്ലാവും നൂറ്റാണ്ടുപഴക്കമുള്ള ഈ തറവാടുവീടും തമ്മിൽ വലിയ അന്തരമുണ്ടെന്ന് മീരയ്ക്കു തോന്നി. അപ്പോൾ അകത്തു മുറിയിൽനിന്നു മീരയുടെ മൊബൈൽ ഫോൺ ശബ്ദിച്ചു. അത് ഓടിച്ചെന്നെടുക്കാൻ അവൾക്കു കഴിവില്ല. കൈയിലെടുത്ത് ഓൺ ചെയ്യാനും ചെവിയോടു ചേർക്കാനും ശേഷിയില്ല. അമ്മ ഫോണുമായി ഓടിയെത്തി. അവളുടെ ചെവിയോടു ചേർത്തുപിടിച്ചു.

"ഹലോ... മീര..."

"ഈ ശബ്ദം കേട്ടിട്ടുണ്ട്. ആരാണെന്നു പിടികിട്ടുന്നില്ല."

"ഞാൻ സലോമിയാ."

"കളക്ടർ?"

"അതെ."

"ദൗത്യം വളരെ ഭംഗിയായി നിർവഹിച്ചതിന് അഭിനന്ദനങ്ങൾ സലോമി."

''വളരെ വിഷമത്തോടെയാണ് ഞാനതു ചെയ്തത്. ഇപ്പോൾ സങ്കടം കൂടിക്കൂടി വരുന്നതുപോലെ. മീരയ്ക്ക് ആ വീടിനോടുള്ള താത്പര്യം കണ്ട് ഞാൻ അതിശയിച്ചിരുന്നു. വീട് പൊളിച്ചുനീക്കാൻ തീരുമാനമെടുത്തത് മനഃപൂർവ്വമല്ല വൈരാഗ്യംകൊണ്ടുമല്ല."

''എനിക്കറിയാം. കഴിഞ്ഞ ദിവസം സലോമി അതു പറഞ്ഞതാണല്ലോ."

''നിങ്ങളിപ്പോൾ എവിടെയാണ് താമസിക്കുന്നത്?"

''അവിടെനിന്നു കുറയെകലെ. തറവാട്ടുവീട്ടിൽ. എല്ലാം പഴയത്. ഭംഗിയെക്കാൾ പാരമ്പര്യവും പഴക്കവുമാണിതിന്റെ മേന്മ."

"മീരയ്ക്കതുമായി പൊരുത്തപ്പെടാൻ കഴിഞ്ഞില്ലായിരിക്കും."

''ഇവിടുന്നു മാറണമെന്ന് നിർബന്ധം പിടിച്ചതു ഞാനാ. എന്റെ സന്തോഷത്തിനാ പപ്പാ കോടികൾ മുടക്കി ആ വീടു പണിതത്. അത് സർക്കാരിലേക്ക് കണ്ടുകെട്ടിയിരുന്നെങ്കിൽ എനിക്കു സങ്കടമില്ലായിരുന്നു. ആർക്കുമില്ലാതെ നശിപ്പിച്ചുകളഞ്ഞല്ലോ."

"കോടതിയുത്തരവ് പൊളിച്ചുനീക്കണമെന്നുതന്നെയായിരുന്നു."

"എനിക്കിത്തരം ഉത്തരവുകളോടു യോജിപ്പില്ല. ഞങ്ങളുടെ വീട് സർക്കാരിന്റെ ബംഗ്ലാവായി ഉപയോഗിക്കാമായിരുന്നില്ലേ? വിശിഷ്ടവ്യക്തികൾ സന്ദർശനത്തിനു വരുമ്പോൾ അവരെ താമസിപ്പിക്കാമായിരുന്നു. ഇന്നിപ്പോൾ ആർക്കും പ്രയോജനമില്ലാതെ നശിപ്പിക്കുകയായിരുന്നില്ലേ."

"മീരാ, പുഴയും കായലുമൊക്കെ ഒതുക്കപ്പെടുകയാണ്. അത് ഭാവിയിൽ വലിയ പരിസ്ഥിതി പ്രശ്നങ്ങൾക്കു കാരണമാകും. തീർത്തും ദുർബലരായ കുറെ പരിസ്ഥിതിപ്രവർത്തകർ മാത്രമുണ്ടെതിർക്കാൻ. നൂറുകണക്കിനു പരാതികൾ ഉയർന്നുവരുന്നുണ്ട്. സമരങ്ങൾ ഉണ്ടാകുന്നുണ്ട്. വിരലിലെണ്ണാവുന്നവപോലും വിജയിക്കാറില്ല."

"ഞങ്ങളുടെ വീട് പരിസ്ഥിതിക്ക് ഒരു ദ്രോഹവുമുണ്ടാക്കിയെന്നു ഞാൻ വിശ്വസിക്കുന്നില്ല."

"നിയമവിരുദ്ധമായ കയ്യേറ്റമവിടെ നടന്നു."

"ഇവിടെ നടക്കുന്ന കയ്യേറ്റങ്ങളെല്ലാം ഒഴിപ്പിക്കാൻ നിങ്ങൾക്കു കഴിയുന്നുണ്ടോ?"

"ഇല്ല. ഞാൻ എന്റെ അധികാരപരിധിയിലുള്ളത് ഒഴിപ്പിക്കാൻ നോക്കും. എല്ലാം ഭംഗിയാക്കാൻ എനിക്കു കഴിയില്ല."

"മോളേ. നിർത്ത്. എന്തിനാ ആ വൃത്തികെട്ടവളുടെ വായിലിരിക്കുന്നതു മുഴുവൻ കേൾക്കുന്നെ." അങ്ങനെ പറഞ്ഞ് എലിസബത്ത് ഫോൺ മീരയുടെ ചെവിയോരത്തുനിന്നു മാറ്റി.

മീര ഷോക്കേറ്റതുപോലെയായി. അവൾ പൊട്ടിക്കരഞ്ഞു. സ്വന്തമായി ഒരു ഫോൺ ഡയൽ ചെയ്യാനോ, ചെവിയരുകിൽ പിടിച്ചു കേൾക്കാനോ, ഓഫാക്കാനോപോലും കഴിയാത്ത അവൾക്ക് താൻ അപമാനിതയായതുപോലെ തോന്നി.

''അമ്മേ... എന്തിനാ ഞാൻ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ഫോൺ മാറ്റിയത്?" വിങ്ങിപ്പൊട്ടിക്കൊണ്ട് മീര ചോദിച്ചു.

''മോളേ, അവള് നമ്മുടെ ഏറ്റവും വലിയ ശത്രുവല്ലേ? വലിയ ദ്രോഹം ചെയ്തവളല്ലേ? എന്നിട്ടും നീയവളോടു മിണ്ടുന്നത് സഹിക്കാൻ പറ്റാഞ്ഞിട്ടാ അമ്മ ഫോൺ മാറ്റിയത്. നിനക്കത്ര താത്പര്യമാണെങ്കിൽ ഞാൻ നമ്പർ ഡയൽ ചെയ്തു തരാം."

''വേണ്ട. ഇനിയൊരിക്കലും ഞാനാരോടും ഫോണിൽ സംസാരിക്കുന്നില്ല. സലോമി എന്റെ എനിമിയല്ല. ഫ്രണ്ടാണ്. സലോമിയല്ല നമ്മോടു ദ്രോഹം ചെയ്തത്. അത് വേറേ ചിലരാ." മീര പരിഭവത്തോടെ പറഞ്ഞു.

"പിണങ്ങാതെ പൊന്നുമോളേ. ഇതാ ഞാൻ സലോമീടെ നമ്പർ ഡയൽ ചെയ്തിട്ടുണ്ട്. നീ സംസാരിക്ക്.'' ഫിലോമിന, സലോമിയുടെ നമ്പർ ഡയൽ ചെയ്തിട്ട് റിങ്ങുചെയ്യാൻ തുടങ്ങിയപ്പോൾ ഫോൺ മീരയുടെ ചെവിയോടു ചേർത്തു.

''വേണ്ട... കൊണ്ടുപോ... കൊണ്ടുപോ... എനിക്കൊന്നും വേണ്ട."

മീര അവൾക്കാവുംവിധം എതിർത്തു.

(തുടരും)

# മാനവരാശിയുടെ മാസ്ക്



ഫാ. തോമസ് പാട്ടത്തിൽചിറ CMF





ദൈവസുതനായ ക്രിസ്തുവിന്റെ ജനനവാർത്ത സകലർക്കുംവേണ്ടിയുള്ള സദ്വാർത്തയായിരുന്നു. അതുകൊണ്ടുതന്നെ ക്രിസ്തു എല്ലാവർക്കുംവേണ്ടിയുള്ളവനാണ്. സനാതനമൂല്യങ്ങളെ മുറുകെപ്പിടിക്കാനും ശൈശവത്തിലെ നൈർമല്യങ്ങളിലേക്കു തിരികെപ്പോകാനുമുള്ള മനഃസാക്ഷിയുടെ മർമരങ്ങൾക്കു കാതോർക്കുന്ന ഏതൊരാൾക്കും കാലിത്തൊഴുത്തിലെ കുഞ്ഞിന്റെ കരച്ചിൽ ഒരു സുവിശേഷംതന്നെയാണ്. ക്രിസ്തുമതത്തിന്റെ പശ്ചാത്തലമാണ് ക്രിസ്മസിനുള്ളതെങ്കിലും, ആരുടെയും ആഘോഷമായി മാറാനുള്ള ഒരു സാർവത്രികസ്വഭാവം അതിനുണ്ട്. കാരണം, കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന കാതലുള്ളവയുടെയൊക്കെ പുനർജനിയുടെ സ്മരണകളാൽ സമ്പന്നമാണത്.

കൊറോണപകർച്ചവ്യാധി പാരാകെ പരത്തുന്ന ഭീകരതയുടെയും മൃതിഭയത്തിന്റെയും മധ്യേയാണ് ഇക്കുറി നാം ഒരു ജനനത്തിന്റെ ആനന്ദം ആഘോഷിക്കുന്നത്. 'മാസ്ക്' മനുഷ്യജീവിതത്തിന്റെ സാധാരണഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. ഒരു 'മാസ്ക് സംസ്കാര'ത്തിലൂടെയാണ് ലോകമൊന്നാകെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. എല്ലാവരുംതന്നെ ഇന്നു മുഖാവരണധാരികളാണ്. കാലവർഷക്കാലത്ത് കുടയെന്നപോലെ മനുഷ്യൻ മറക്കാതെ കൂടെയെടുക്കുന്ന ഒന്നാണത്. വീട്ടിൽനിന്നു വെളിയിലേക്കിറങ്ങുന്നതിനുമുമ്പ്, 'എന്റെ മാസ്കെവിടെയാ?' എന്ന് അന്വേഷിക്കാത്തവരും, പുറത്തുപോകുന്നവരോട്, 'മാസ്കെടുത്തോ?' എന്നു ചോദിക്കാത്തവരും ചുരുക്കം. ശസ്ത്രക്രിയ ചെയ്യുന്നവർക്കും അപായകരമായ സാഹചര്യങ്ങളിലെ ജോലിക്കാർക്കും മാത്രം ശീലമുണ്ടായിരുന്ന മാസ്ക് ഇത്രവേഗം സകല മനുഷ്യരുടെയും ജീവിതശൈലിയായി മാറുമെന്ന് ആരുംതന്നെ കരുതിയിട്ടുണ്ടാവില്ല. തങ്ങളുടെ ആയുസ്സിന്റെ മുഴം ഒന്നുകൂടി നീട്ടാനായി മുഴമൊന്നുപോലും നീളമില്ലാത്ത ഒരു മാസ്കിനെ മനുഷ്യൻ ഇന്നു വല്ലാതെ ആശ്രയിക്കുന്നു. രോഗപ്രതിരോധത്തിന്റെ ഏറ്റവും പ്രകടമായ അടയാളമായി അതു മാറിക്കഴിഞ്ഞു. മാസ്കണിഞ്ഞ മനുഷ്യരാശിയാണ് ഈ നൂറ്റാണ്ടിന്റെ മുഖമുദ്ര!

കൊറോണക്കാലത്ത് സൗഖ്യത്തിന്റെയും സംരക്ഷണത്തിന്റെയും അടിസ്ഥാനപരമായ ആവരണമാണ് ക്രിസ്തു. ഭയം ഭൂമിയെ മൂടി നില്ക്കുന്ന മഹാമാരിയുടെ ഈ നാളുകളിൽ 'ഭയപ്പെടേണ്ടാ' (ഏശയ്യാ 41:10; മത്താ 14:27) എന്നുള്ള ദൈവികസ്വരമാണ് തൊഴുത്തിൽ പിറന്നവൻ. മാനവകുലം ആത്യന്തികമായി 'ക്രിസ്തുമാസ്ക്' ആണു ധരിക്കേണ്ടത് എന്ന ഓർമ്മപ്പെടുത്തൽ ക്രിസ്മസ് നല്കുന്നുണ്ട്. മനുഷ്യർ തങ്ങളുടെ ആത്മീയരക്ഷ ഉറപ്പുവരുത്താനായി സ്വന്തം ചിന്തകളുടെയും ചെയ്തികളുടെയും വാക്കുകളുടെയും മീതേ ആത്യന്തികമായും ക്രിസ്തുവെന്ന ധാർമികാവരണം ധരിക്കണം. അതാവശ്യപ്പെടുന്ന നിയന്ത്രണത്തിലും അനുവദിക്കുന്ന സ്വാതന്ത്ര്യത്തിലും ഒതുങ്ങിയുള്ളതായിരിക്കണം അവരുടെ ജീവിതവ്യാപാരങ്ങൾ. കാരണം, ലോകം ഇന്നോളം കണ്ടിട്ടുള്ളവയിൽവച്ച് ധാർമികതയുടെ ഏറ്റവും ഉദാത്തമായ അളവുകോലാണ് ക്രിസ്തു.

പതിവുണ്ടായിരുന്ന പാതിരാക്കുർബാനയിലെ പങ്കാളിത്തവും മറ്റ് ആഘോഷപരിപാടികളുമൊക്കെ ഇക്കുറി സാധ്യമല്ലെങ്കിലും നിരാശരാകേണ്ടതില്ല. ക്രിസ്തുവെന്ന മൗലികമായ 'മാസ്ക്' ആജീവനാന്തം കുടുംബത്തിലും കൂടെയുമുണ്ടായാൽ മതി. ആത്യന്തികമായി അവനെ ശരണപ്പെടുക. അവനെ കൂടെക്കൂട്ടാൻ മറക്കുന്ന, മടിക്കുന്ന അവസരങ്ങൾ നാം 'വലിയ പിഴ' പറയേണ്ടതായി വരും. ക്രിസ്തുവും അവന്റെ വചനങ്ങളുമാണ് ലോകത്തിനു സുസ്ഥിരമായ സുരക്ഷിതത്വമായി നിലകൊള്ളേണ്ടത്. മനുഷ്യരാശിയുടെ മുഴുവൻ 'മാസ്ക്' ആയി മാറിക്കൊണ്ട് പുൽക്കൂട്ടിലെ പൈതൽ ഈ കാലഘട്ടത്തിൽ സൃഷ്ടപ്രപഞ്ചത്തിനാകെ സൗഖ്യവും സംരക്ഷണവും പ്രദാനം ചെയ്യട്ടെ.

■


## വരനെ ആവശ്യമുണ്ട്


കാഞ്ഞിരപ്പള്ളി രൂപത, ഇടത്തരം കുടുംബാംഗം, വയസ് 29, സുന്ദരിയും സൽസ്വഭാവിയും ദൈവഭക്തയും എയ്ഡഡ് കോളജ് അധ്യാപികയും തന്റേതല്ലാത്ത കാരണത്താൽ മൂന്നു മാസം മാത്രം ഒരുമിച്ചുജീവിച്ചശേഷം വിവാഹമോചിതയും, മൂന്നരവയസ്സുള്ള പെൺകുട്ടിയുടെ മാതാവുമായ യുവതിക്ക് തന്റെ കുഞ്ഞിനെക്കൂടി സ്വീകരിക്കാൻ സന്മനസ്സുള്ള സൽസ്വഭാവികളും ദൈവഭക്തരും ഉദ്യോഗമോ ബിസിനസോ ഉള്ളവരുമായ യുവാക്കളിൽനിന്നു വിവാഹാലോചനകൾ ക്ഷണിക്കുന്നു.

Contact No: 9447196834








## ഡിസംബർ 27
## പിറവിക്കാലം 1–ാം ഞായർ



ഉത്പ 21 : 9–21
1 സാമു 1 : 21–28
ഗലാ 4 : 21–5 : 1
മത്താ 2 : 1–12

ഫാ. ആന്റണി ഞള്ളംപുഴ CMI



# തിരുക്കുടുംബത്തിന് ഒരു ജോസഫൈൻവഴി

**ജ്ഞാനികളുടെ യാത്ര**

മത്തായിയുടെ സുവിശേഷം രണ്ടാമധ്യായത്തിന്റെ ആദ്യഭാഗം ജ്ഞാനികളുടെ യേശുസന്ദർശനമാണ്. രണ്ടാമധ്യായത്തിന്റെ രണ്ടാംഭാഗം തിരുക്കുടുംബത്തിന്റെ ഈജിപ്തിലേക്കുള്ള പലായനകഥയാണ്. ആദ്യഭാഗം രക്ഷകനെത്തേടിയുള്ള യാത്രയാണ്. രണ്ടാംഭാഗം രക്ഷയ്ക്കുവേണ്ടി രക്ഷകനൊത്തുള്ള യാത്രയാണ്. ജ്ഞാനികളുടെ അന്വേഷണവിഷയം രക്ഷകനായ യേശുവായിരുന്നു. കിഴക്കു കണ്ട നക്ഷത്രമായിരുന്നു അവരുടെ വഴികാട്ടി. വിവരമറിഞ്ഞ ഹേറോദേസ് രാജാവ് നക്ഷത്രമെണ്ണി!

സ്വസ്ഥത നൽകാൻ വന്നവന്റെ പിറവി രാജാവിന്റെ സ്വസ്ഥത കെടുത്തി!

രാജാവും അന്വേഷണം തുടങ്ങി. ക്രിസ്തു എവിടെയാണ് ജനിക്കുന്നത്? ക്രിസ്തു ഏവരുടെയും അന്വേഷണവിഷയമായി. പ്രവാചകവചനത്തിൽ നിന്ന് ക്രിസ്തുവിന്റെ ജന്മസ്ഥലം അവർ കണ്ടെത്തി. 'ബേത്‌ലഹേം.' വാക്കിന്റെയർത്ഥം 'അപ്പത്തിന്റെ ഭവന'മെന്നാണ്. കുരിശുമരണത്തിനുമുമ്പ് മനുഷ്യമക്കളുടെ ഒപ്പമാകാൻ അപ്പമായവൻ ഇതാ അപ്പത്തിന്റെ ഭവനത്തിൽ ജാതനായിരിക്കുന്നു! എന്തൊരദ്ഭുതം!

അപ്പം വർദ്ധിപ്പിച്ചു നൽകിയവൻ, സ്വർഗ്ഗീയഅപ്പത്തെക്കുറിച്ച് ഏറെ സംസാരിച്ചവൻ, ഇതാ അപ്പത്തിന്റെ ഭവനത്തിൽ പിറന്നിരിക്കുന്നു. എന്തൊരതിശയം!

ഹേറോദേസ് രാജാവ് ഇതിനോടകം തന്റെ നക്ഷത്രഗവേഷണം ഊർജ്ജിതമാക്കി. അതും സൂക്ഷ്മമായി അന്വേഷിക്കാൻ വിജ്ഞാനികളെ പറഞ്ഞയച്ചു. 'സൂക്ഷ്മമായി' എന്ന പദം ഇവിടെ ആവർത്തിച്ചു കടന്നുവരുന്നു. രാജാവ് ജ്ഞാനികളോടു പറഞ്ഞതുപോലെ അത് അവനെ ആരാധിക്കുവാൻവേണ്ടിയുള്ള സൂക്ഷ്മതയോ ആകാംക്ഷയോ ആയിരുന്നില്ല. അവനെ നിഗ്രഹിക്കാനുള്ള അഭിവാഞ്ഛയും സൂക്ഷ്മതയുമായിരുന്നു.

നക്ഷത്രശോഭയിൽ വിജ്ഞാനികൾ സന്തോഷത്തോടെ യാത്ര തുടർന്നു. അവരുടെ തലയ്ക്കുമുകളിൽ വെട്ടമുണ്ടായിരുന്നു. ദൈവികമായ വെളിച്ചം. ആത്മാവ് വെള്ളത്തിനുമീതേ ചലിച്ചുകൊണ്ടിരുന്നു. ഒരു ചലനകഥയോടെയാണ് ബൈബിളിന്റെ തുടക്കം. അതുപോലെ "മുകളിൽ പരിശുദ്ധാത്മാവ് ചലിച്ചുകൊണ്ടിരിക്കുന്ന ഒരു ജീവിതത്തെയാണ് ക്രിസ്തുവിലുള്ള ജീവിതമെന്നു പറയുക" (ഫാ. ഫ്രാൻസീസ് ആചാര്യ).

ഹേറോദേസ് കൊട്ടാരത്തിൽ വെട്ടം കെട്ടവനായി നട്ടംതിരിഞ്ഞു. സൂര്യപ്രകാശം മഞ്ഞിനെ ഉരുക്കും. മണ്ണിനെ ഉണക്കും. ഉരുകാത്ത മനസ്സോടെ ഹൃദയം കടുത്തവനായി 'ഫറവോഹൃദയ'നായി ഹേറോദേസ് കഴിഞ്ഞു. നക്ഷത്രവെളിച്ചം വിജ്ഞാനികളെ മണ്ണിൽപ്പിറന്ന 'നീതിസൂര്യന്റെ' അരികിലെത്തിച്ചു. "നക്ഷത്രം കണ്ടപ്പോൾ ജ്ഞാനികൾ അത്യധികം സന്തോഷിച്ചു." "നിങ്ങൾക്കുവേണ്ടി നീതിസൂര്യൻ ഉദിക്കും" എന്ന മലാക്കി പ്രവചനം (4:2) നിറവേറിയതായി ജ്ഞാനികൾ അറിഞ്ഞു. "ഇനിയൊരിക്കലും രാത്രിയുണ്ടാവുകയില്ല. ദീപത്തിന്റെ വെളിച്ചമോ സൂര്യന്റെ പ്രകാശമോ അവർക്കാവശ്യമില്ല. ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നു..." (വെളി 22:5).

"ജ്ഞാനികൾ ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ട് അവനെ കുമ്പിട്ട് ആരാധിച്ചു" (2:11).

ജ്ഞാനികൾ മറിയത്തെ മാറ്റിനിർത്തിയല്ല ചേർത്തുനിർത്തിയാണ് യേശുവിനെ ആരാധിച്ചത്. കത്തോലിക്കാമതത്തിന്റെ സൗന്ദര്യം ജ്ഞാനികളുടെ ആരാധയിലുണ്ട്. മറിയത്തെ മാറ്റിനിർത്താതെ മറിയത്തോടൊപ്പം യേശുവിനെ ആരാധിക്കുന്ന ദൈവാരാധനയുടെ മനോഹാരിത. സ്വർഗ്ഗം ഭൂമിക്കു സമ്മാനമായി നൽകിയ ക്രിസ്തുവിന് വിജ്ഞാനികൾ സമ്മാനം നൽകുന്ന കാഴ്ചയാണ് തുടർന്നുള്ളത്. പൊന്നും കുന്തുരുക്കവും മീറയുമായിരുന്നു അവരുടെ സമ്മാനം. യേശുവിന്റെ രാജത്വവും പൗരോഹിത്യവും പ്രവാചകത്വവുമെല്ലാം വിജ്ഞാപനം ചെയ്യുന്ന ജ്ഞാനികളുടെ വിശേഷമായ സമ്മാനം. തുടർന്ന് സ്വപ്നത്തിലൂടെ സ്വർഗ്ഗം പകർന്നുകൊടുത്ത 'മറ്റൊരു വഴി' യിലൂടെ അവർ തിരിച്ചുപോയി. രക്ഷകനെ, ക്രിസ്തുവിനെ ദർശിച്ചവർക്ക് വീണ്ടും പഴയ വഴികളിലൂടെ നടക്കാനാവില്ല. പാളിപ്പോയ പഴയ വഴികളോടു വിട പറഞ്ഞ്, സലാം പറഞ്ഞ് അവർ പുതിയ വഴിയിലൂടെ യാത്ര ചെയ്യണം. അതേ, ആത്മാവിന്റെ പുതുമയിൽ. "ഇപ്പോഴാകട്ടെ നാം നമ്മെ അടിമപ്പെടുത്തിയിരുന്നതിനു മരിച്ച് നിയമത്തിൽനിന്നു മോചിതരായി. ഇത് ആത്മാവിന്റെ പുതുമയിൽ, നിയമത്തിന്റെ പഴമയിലല്ല, നാം ശുശ്രൂഷ ചെയ്യുന്നതിനുവേണ്ടിയാണ്" (റോമാ. 7:6).

**വിജ്ഞാനികൾ തരുന്ന ജീവിതപാഠങ്ങൾ**

– വിജ്ഞാനികൾക്കും വഴി തെറ്റാം.

– വഴിതെറ്റുക സ്വാഭാവികം. വഴിതെറ്റിയാൽ ശരിയായ വഴി കണ്ടെത്തുക വിജ്ഞാനത്തിന്റെ ലക്ഷണമാണ്.

– യേശുസന്നിധിയിൽ ഒരുവനെ എത്തിക്കാത്ത വിജ്ഞാനം വിജ്ഞാനമല്ല.

– യേശുസന്നിധിയിൽ തല കുനിക്കാത്ത വിജ്ഞാനം വിജ്ഞാനമല്ല.

– മറിയത്തോടൊപ്പം ദിവ്യരക്ഷകനെ ആരാധിക്കണമെന്ന മരിയോളജിയും ക്രിസ്റ്റോളജിയും ഈ വിജ്ഞാനികൾ പങ്കുവയ്ക്കുന്നു.

– രക്ഷകനേശുവിനെ ദർശിച്ചവർ രക്ഷാകരമായ 'മറ്റൊരു വഴി'യുടെ യാത്രികരാകണമെന്ന വിജ്ഞാനവും വിജ്ഞാനികൾ നമ്മുടെ മുമ്പിൽ നടന്നു കാട്ടുന്നു.

**ജീവിതം തിരുക്കുടുംബമാക്കാനുള്ള, മനോഹരമാക്കാനുള്ള ജോസഫൈൻവഴി!**

"ജ്ഞാനികൾ പോയ്ക്കഴിഞ്ഞപ്പോൾ കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോടു പറഞ്ഞു: "എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പലായനം ചെയ്യുക. ഞാൻ പറയുന്നതുവരെ അവിടെ താമസിക്കുക' (മത്തായി 2:13).

'കാത്തിരിപ്പിന്റെ കല' പഠിച്ച ജോസഫിന്റെ കഥ ഒരു നീതിമാന്റെ ജീവിതകഥയാണ്. ഫ്രാൻസീസ് പാപ്പായുടെ വി.യൗസേപ്പിനോടുള്ള ഭക്തി ഏറെ പ്രസിദ്ധമാണ്. 2021 വി. യൗസേപ്പിതാവിന്റെ വർഷമായിത്തന്നെ പാപ്പാ പ്രഖ്യാപിച്ചിരിക്കുന്നു. താൻ ചോദിച്ച ഒരു കാര്യവും വിശുദ്ധൻ തനിക്കു തരാതിരുന്നിട്ടില്ലെന്ന് പാപ്പാ പറയുന്നു. സ്വപ്നം കണ്ടുറങ്ങുന്ന ജോസഫിന്റെ ഒരു രൂപം താൻ ഉറങ്ങുന്ന മുറിയിൽ പാപ്പാ സൂക്ഷിക്കുന്നു. ഓരോ ദിവസവും തന്റെ മുമ്പിലെത്തുന്ന കുരുക്കഴിക്കാനാവാത്ത നിരവധി പ്രശ്നങ്ങളുടെ കുറിപ്പെഴുതി, സ്വപ്നംകണ്ടുറങ്ങുന്ന ജോസഫിന്റെ രൂപത്തിനടിയിൽ വച്ച് പാപ്പാ സുഖമായി ഉറങ്ങുന്നു. സ്വപ്നദർശനത്തിലൂടെ അഴിയാക്കുരുക്കുകൾക്കുത്തരം കണ്ടെത്തിയ വിശുദ്ധൻ തന്റെ മുമ്പിലുള്ള പ്രശ്നങ്ങൾക്കും ഉത്തരങ്ങൾ കാട്ടിത്തരുന്നതായി പാപ്പാ പറയുന്നു.

**ജോസഫൈൻവഴി**

പരിശുദ്ധമറിയത്തെയും യേശുവിനെയും കൂടെക്കൂട്ടി ജീവിതം മനോഹരമാക്കിയ വിശിഷ്ടവ്യക്തിത്വമാണ് വി. യൗസേപ്പ്. സുവിശേഷത്തിലെ താഴെപ്പറയുന്ന വചനങ്ങൾ എല്ലാവരും ശ്രദ്ധയോടെ ഒന്നു നോക്കണം. ഒരു നിമിഷം ധ്യാനിക്കണം. ജീവിതം സുന്ദരമാക്കാനുള്ള മന്ത്രം ഈ വചനങ്ങളിലുണ്ട്.

എഴുന്നേറ്റ് 'ശിശുവിനെയും അമ്മയെയുംകൂട്ടി' ഈജിപ്തിലേക്കു പലായനം ചെയ്യുക (മത്താ 2:13).

ജോസഫ് ഉണർന്ന് 'ശിശുവിനെയും അമ്മയെയുംകൂട്ടി' ഈജിപ്തിലേക്കു പോയി (മത്താ 2:14). എഴുന്നേറ്റ് 'ശിശുവിനെയും അമ്മയെയുംകൂട്ടി' ഇസ്രായേൽദേശത്തേക്കു മടങ്ങുക (മത്താ. 2:19).

എഴുന്നേറ്റ് ശിശുവിനെയും അമ്മയെയുംകൂട്ടി ഇസ്രായേൽ ദേശത്തേക്കു പുറപ്പെട്ടു (മത്താ 2:20).

വി. യൗസേപ്പ് പറഞ്ഞുതരുന്ന ജീവിതവിജയത്തിനുള്ള മന്ത്രം ഇതാണ്. ജീവിതം ബ്യൂട്ടിഫുൾ ആക്കാൻ ഒരുവൻ / ഒരുവൾ ചെയ്യേണ്ടതായ ഒരു ഡ്യൂട്ടിയുണ്ട്. പരി. മറിയത്തെയും യേശുവിനെയും കൂടെക്കൂട്ടണം. ഇതാണ് ജീവിതം മനോഹരമാക്കാനുള്ള ജോസഫൈൻവഴി. വി. യൗസേപ്പ് ജീവിതാനുഭവത്തിലൂടെ പറഞ്ഞുതരുന്ന മനോഹരമന്ത്രം. അപ്പോൾ കുടുംബം തിരുക്കുടുംബമാകും. നാളുകൾ തിരുനാളുകളാകും. മുറിവുകൾ തിരുമുറിവുകളാകും. യാത്ര തീർത്ഥയാത്രയാകും. ഹൃദയം തിരുഹൃദയമാകും. ഭാര്യയെ അപമാനിതയാക്കാത്ത, നെഞ്ചിൽ ഉണ്ണിയേശുവിനെ വഹിച്ച നീതിമാനായ വി. യൗസേപ്പിനെ നമുക്കും നെഞ്ചോടു ചേർക്കാം. നീതിബോധമുള്ള ഭർത്താവ് (ജോസഫ് നീതിമാനായിരുന്നു). കൃപ നിറഞ്ഞ ഭാര്യ (കൃപ നിറഞ്ഞവളേ, സ്വസ്തി).

വിധേയത്വമുള്ള മകൻ (അവൻ നസ്രസിൽ അവർക്കു വിധേയനായി ജീവിച്ചു).

ഇതാണ് സുവിശേഷം വരച്ചുകാട്ടുന്ന തിരുക്കുടുംബത്തിന്റെ സവിശേഷചിത്രം.

ഒരു നല്ല അപ്പന്റെ ചാവരുളിൽ ചാവറയച്ചൻ ഇപ്രകാരമെഴുതി:

"നല്ല ക്രിസ്ത്യാനിക്കുടുംബം ആകാശമോക്ഷത്തിന്റെ സദൃശമാകുന്നു."

വീണ്ടും തിരുക്കുടുംബഭക്തിയെപ്പറ്റി ചാവറയച്ചൻ എഴുതി:

"തിരുക്കുടുംബത്തെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും വണങ്ങുകയും ചെയ്തിരുന്നതിനാൽ, അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിച്ചതുകൊണ്ട് മാമ്മോദീസായിൽ എനിക്കു കിട്ടിയ വരപ്രസാദത്തെ നശിപ്പിക്കുന്നതിനിടയായിട്ടില്ല എന്നു പറയുന്നതിനു ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്."

തിരുക്കുടുംബഭക്തി കുടുംബങ്ങൾക്ക് ഒരു ശക്തിയാണ്. നമുക്കും തിരുക്കുടുംബഭക്തരാകാം. ജോസഫിന്റെ നീതിയും മേരിയുടെ കൃപയും യേശുവിന്റെ വിധേയത്വവും കുടുംബങ്ങളിൽ നിറയട്ടെ. കുടുംബം തിരുക്കുടുംബമാകട്ടെ.

# സിംഫണികളുടെ ചക്രവർത്തി

## അനശ്വരസംഗീതജ്ഞൻ ബീഥോവന്റെ 250–ാം ജന്മവാർഷികമായിരുന്നു ഡിസംബർ 16 ന്




ളാക്കാട്ടൂർ പൊന്നപ്പൻ

സിംഫണി എന്നു കേട്ടാൽ ആദ്യം തന്നെ മനസ്സിലുയരുന്ന പേര് ലുഡ്‌വിഗ് വാൻ ബീഥോവൻ എന്നാകും. കാല്പനികസംഗീതത്തിനു തുടക്കമിട്ടതും മതേതരസ്വഭാവം സിംഫണിക്കു കൈവന്നതും ബീഥോവന്റെ കാലത്താണ്.

1770 ൽ ജർമ്മനിയിൽ ജോൺ വാൻ ബീഥോവന്റെയും മരിയ മഗ്ദലനയുടെയും മകനായി ജനനം. പിതാവ് നല്ല സംഗീതജ്ഞനായിരുന്നതിനാൽ പുത്രനെ തീരെ ചെറുപ്പത്തിൽത്തന്നെ സംഗീതവും വയലിനും പിയാനോയും അഭ്യസിപ്പിക്കാൻ തീരുമാനിച്ചു. ആദ്യഗുരുവും പിതാവു തന്നെ. അക്കാലത്ത് ഏറ്റവും പ്രസിദ്ധനായ സംഗീതജ്ഞൻ മൊസാർട്ടിനെപ്പോലെ തന്റെ മകനും ആയിത്തീരണമെന്നായിരുന്നു പിതാവിന്റെ ആഗ്രഹം. പുത്രനെ ഏറെ ശകാരിച്ചും ക്രൂരമായി പീഡിപ്പിച്ചും ഉപകരണങ്ങൾ പ്രാക്ടീസു ചെയ്യാൻ നിർബന്ധിച്ചിരുന്നു. ആജ്ഞകൾ അനുസരിക്കാൻ കൊച്ചുബീഥോവൻ മനസ്സാ തയ്യാറായിരുന്നു. വളരെപ്പെട്ടെന്നുതന്നെ പിയാനോയിൽ കഴിവു നേടി. വയലിനും വയോളയും ഭംഗിയായി വായിക്കാനും പരിശ്രമിച്ചു.

അധികം താമസിയാതെ ഓസ്ട്രിയായിലെ ബോണിൽ അക്കാലത്തുണ്ടായിരുന്ന പ്രസിദ്ധ സംഗീതജ്ഞൻ ജോസഫ് ഹെയ്ഡന്റെ ശിഷ്യത്വം സ്വീകരിച്ച് പിയാനോയിൽ അതീവപ്രഗല്ഭനായി. പിന്നീട് ബോണിൽ നിന്നു വിയന്നയിലേക്കു താമസം മാറ്റി. പിതാവിന്റെ ആഗ്രഹപ്രകാരം, മൊസാർട്ടിനെ സമീപിക്കാനാണ് വിയന്നയിലെത്തിയത്. ആ ആഗ്രഹം സഫലമായില്ല. കാരണം; അവിടെയെത്തിയ ഉടൻ ബീഥോവന് ഒരു കത്തു കിട്ടി. അതിന്റെ ഉള്ളടക്കം ആ യുവാവിനെ ഞെട്ടിച്ചു! അമ്മ മരിച്ചു! വേഗം തിരിച്ചുവരുക. ദുഃഖഭാരത്താൽ തിരിച്ചുപോന്ന ബീഥോവൻ കാണുന്നത് നിരാശനായ പിതാവ്, മദ്യത്തിനടിമയായിത്തീർന്നതാണ്.

ആയിടയ്ക്ക് ബീഥോവൻ ഒരു ഓർക്കസ്ട്രാ ട്രൂപ്പിൽ വയോള വായിച്ചിരുന്നു. അതോടൊപ്പം സ്വന്തം കമ്പോസിങ്ങും ആരംഭിച്ചിരുന്നു. ധാരാളം സുഹൃത്തുക്കൾ ബീഥോവനുണ്ടായി. എല്ലാവരുംതന്നെ സംഗീതജ്ഞാനമുള്ളവരും നാട്ടിലെ പ്രധാന വ്യക്തികളും ധനാഢ്യരുമായിരുന്നു. അവരുടെ പ്രേരണയും സഹായവുംകൊണ്ട് 1792 ൽ ബീഥോവൻ വീണ്ടും വിയന്നായിലെത്തി. ഒരിക്കൽ പൂർത്തീകരിക്കാനാവാതിരുന്ന ആഗ്രഹം; മൊസാർട്ടിനെ കണ്ടു ശിഷ്യത്വം സ്വീകരിക്കുക! അതിനായി



അടുത്ത ശ്രമം. പക്ഷേ; ദൗർഭാഗ്യമെന്നു പറയട്ടെ ആയിടെ ആ മഹാസംഗീതപ്രതിഭ അന്തരിച്ചു. അതുമാത്രമല്ല, ആദ്യകാലഗുരു, ഹെയ്ഡൻ ഇംഗ്ലണ്ടിലേക്കു താമസവും മാറ്റി. എല്ലാം ബീഥോവന് ആഘാതമായി മാറി. എങ്കിലും തളർന്നില്ല, അത്ര പ്രസിദ്ധനല്ലെങ്കിലും പ്രഗല്ഭനായ ഒരധ്യാപകനെ കണ്ടെത്തി– ആൽബർട്ട് ബർഗ്ഗർ! ചുരുങ്ങിയകാലംകൊണ്ട് നല്ലൊരു മ്യൂസിക് കമ്പോസർക്കു വേണ്ടതായ ടെക്നിക്കുകൾ എല്ലാം അദ്ദേഹം തന്റെ ശിഷ്യനു പകർന്നു കൊടുത്തു.

വളർച്ചയുടെ ഒരു ഘട്ടത്തിൽ ഏതാണ്ട് ഇരുപതു വയസ്സോടടുത്തപ്പോൾ അദ്ദേഹത്തിന്റെ കേൾവിശക്തി കുറഞ്ഞുകുറഞ്ഞു വന്നിരുന്നു. ഇത്, സംഗീതം കൈകാര്യം ചെയ്യുന്ന ഏതൊരാൾക്കും ജീവിതത്തിലുണ്ടാകാവുന്ന ഏറ്റവും വലിയ ആഘാതമായിരിക്കുമല്ലോ! ആദ്യമൊക്കെ ബീഥോവൻ ഇക്കാര്യം ആരെയും അറിയിക്കാതെ രഹസ്യമാക്കിവച്ചു. എന്നാൽ, പൂർണബധിരതയിലേക്ക് അദ്ദേഹം നീങ്ങുകയായിരുന്നു. എങ്കിലും സിംഫണികൾ സൃഷ്ടിക്കാൻ ബദ്ധശ്രദ്ധനായി എന്നതാണു മഹാത്ഭുതം. പ്രസിദ്ധങ്ങളായ അനേകം സൃഷ്ടികൾ ഈ ബധിരതയ്ക്കിടയിലാണ് ഉണ്ടായത് എന്നതും സംഗീതലോകം പിന്നീട് ആശ്ചര്യത്തോടെ അറിഞ്ഞു.

ബാല്യത്തിലുണ്ടായ അച്ഛന്റെ ക്രൂരപീഡനവും വിഷാദരോഗവും കരൾരോഗവും വാതവും നേത്രരോഗവും ത്വഗ്രോഗവും എല്ലാം യുവത്വത്തിലേക്കു കടന്നപ്പോൾ കൂടിക്കൂടി വന്നിരുന്നു എന്നത് ജീവിതം ദുരിതപൂർണമാക്കി. കേൾവിക്കുറവിനൊപ്പം വിട്ടുമാറാത്ത വയറുവേദനയും ഇരുപതാംവയസ്സുമുതൽ അദ്ദേഹത്തെ അലട്ടിയിരുന്നു. ആത്മഹത്യ ചെയ്താലെന്തെന്നു പോലും ആലോചിച്ചിരുന്നു. ഇതിനെല്ലാമിടയിലാണ് ലോകോത്തര സിംഫണികൾ അദ്ദേഹം സൃഷ്ടിച്ചെടുത്തത് എന്നത് അവിശ്വസനീയം!


ബധിരനായശേഷം സൃഷ്ടിച്ച ഒൻപതാമത്തെ സിംഫണി മഹാവിസ്മയമായി മാറി. രസകരമായ ഒരു സംഭവമുണ്ടായി. ആ സിംഫണി 1824–ൽ വിയന്നയിൽ അരങ്ങേറിയപ്പോൾ വേദിയിൽ പുറംതിരിഞ്ഞു നിന്ന് കണ്ടക്ട് ചെയ്യുകയായിരുന്നു ബീഥോവൻ. സിംഫണി അവസാനിച്ചപ്പോൾ ഉണ്ടായ ഹർഷാരവങ്ങളും കരഘോഷങ്ങളും ആസ്വദിക്കാൻ ബധിരനായ അദ്ദേഹത്തിനു കഴിഞ്ഞില്ല. ആരോ വന്ന് തോളിൽ തട്ടി തിരിച്ചുനിർത്തിയപ്പോഴാണ് ആ മനുഷ്യമഹാസമുദ്രത്തിന്റെ സന്തോഷപ്രകടനങ്ങളും അലയടിയും അദ്ദേഹം കണ്ടത്! സദസ്സിലെ ആയിരങ്ങളിലെ പലർക്കും ബധിരനായ മ്യൂസിക് കണ്ടക്ടറുടെ പരാധീനതയെപ്പറ്റി ഒന്നും മനസ്സിലായില്ല.

കണക്കിന്റെ കാര്യത്തിൽ വളരെ പിന്നിലായിരുന്നു അദ്ദേഹം. ഗുണിക്കാൻ അറിയാത്തതിനാൽ സംഖ്യകൾ ആവർത്തിച്ചെഴുതി കൂട്ടുകയായിരുന്നു. കണക്കും സംഗീതവുമായി ഏറെ ബന്ധമുണ്ടെന്ന് ഏതു ഭാഷയിലെ സംഗീതപണ്ഡിതർക്കും അറിവുള്ളതാണ്. തന്റെ സംഗീതപ്രകടനം ആരെങ്കിലും ശ്രദ്ധിക്കാതിരുന്നാൽ സദസ്സിൽ വച്ചുതന്നെ അദ്ദേഹം പ്രതികരിക്കുമായിരുന്നു. സംഗീതം കേട്ടാസ്വദിക്കാനുള്ളതാണെന്ന് ഉദ്ഘോഷിച്ച് ശ്രോതാക്കളെ ഉപദേശിക്കുകയും ശാസിക്കുകയും ചെയ്യുമ്പോൾ ആ ലോകോത്തരസൃഷ്ടിയുടെ ഉപജ്ഞാതാവിന് കേൾവി ഒട്ടുമില്ലെന്നുള്ളത് സദസ്യർ അറിയുന്നില്ല. അദ്ദേഹത്തിന്റെ മനഃശക്തി അപാരമായിരുന്നു. അതൊന്നുകൊണ്ടു മാത്രം സംഗീതം ആസ്വദിച്ചിരുന്ന ലോകത്തിലെ ഒരേയൊരു വ്യക്തി (സംഗീതസംവിധായകൻ) ബീഥോവൻ മാത്രമായിരിക്കും.

സിംഫണിയോടൊപ്പം സഹകരിക്കാൻ കഴിയാഞ്ഞതിനാൽ സൃഷ്ടിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു പിന്നീട്. തന്റെ പ്രസരിപ്പ് പ്രകടിപ്പിക്കാൻപോലും കഴിയാതെ രോഗാതുരനായിരിക്കുമ്പോഴും പ്രസിദ്ധമായ പിയാനോ സൊനാറ്റാ നമ്പർ 14 'മ്യൂൺ ലൈറ്റ്' എന്ന പേരിട്ടു സൃഷ്ടിച്ചു. അതു തന്റെ ഗേൾഫ്രണ്ട് – ഗുല്ലെറ്റാ ഗുച്ചിയാർഡിക്കുവേണ്ടിയായിരുന്നു. പരിപൂർണ്ണബധിരനായ ബീഥോവനെ ആ പതിനാറുകാരി കൈവെടിഞ്ഞതു ജീവിതത്തിലെ മറ്റൊരു ദുര്യോഗമായിരുന്നു. പക്ഷേ; ഇതൊന്നും സിംഫണി സ്രഷ്ടാവിനെ തളർത്തിയില്ല. ആ പ്രക്രിയ അനുസ്യൂതം തുടർന്നു.

സിംഫണി നമ്പർ 5, സിംഫണി നമ്പർ 6, എന്നിവയോടൊപ്പം ചില പിയാനോ കൺസേർട്ടോകളും രചിച്ചു. ആകെ 9 സിംഫണികൾ. 5 പിയാനോ കൺസേർട്ടോകൾ. 10 വയലിൻ സൊനാറ്റ, 5 സെല്ലോ സൊനാറ്റ, 35 പിയാനോ സൊനാറ്റ എന്നിവ കൂടാതെ 'ഫിഡിലിയോ' എന്നൊരു ഓപ്പറായും (1805) ബീഥോവന്റേതായുണ്ട്.

ഒരു കുടുംബജീവിതം അദ്ദേഹത്തിനു വിധിച്ചിരുന്നില്ല. ധാരാളം ആരാധകരായ സ്ത്രീജനങ്ങൾ അദ്ദേഹത്തിന്റെ പരിചയ–സൗഹൃദത്തിലുണ്ടായിരുന്നെങ്കിലും ആരും ജീവിതസഖിയാകുവാൻ തയ്യാറായില്ല. 1801 ൽ ഒരു സുഹൃത്തിനു തന്റെ ബധിരതയെക്കുറിച്ചും മറ്റു രോഗങ്ങളെക്കുറിച്ചും വ്യഥയോടെ എഴുതിയ ഒരു കത്ത് 1827 മാർച്ച് 26 ന് 56–ാം വയസ്സിൽ അദ്ദേഹത്തിന്റെ മരണശേഷമാണ് ലോകം കണ്ടത്! സംസ്കാരകർമ്മം നടന്ന ട്രിനിറ്റിയിലെ ദൈവാലയത്തിൽ ഏതാണ്ട് മുപ്പതിനായിരത്തോളം ആരാധകർ എത്തിയിരുന്നു. എന്നാണു കണക്ക്. ലോകമുള്ള കാലംവരെ ബീഥോവൻ താൻ മെനഞ്ഞ സിംഫണികളിലൂടെ ജീവിക്കും!




വിലക്കുറവ് എവിടെ?
Best Quality Material
ഞങ്ങളുടെ വസ്ത്രങ്ങളുടെ വിലയും ക്വാളിറ്റിയും
മറ്റുള്ളവരുടെ വിലയും ക്വാളിറ്റിയുമായി താരതമ്യം ചെയ്യൂ..
എന്നിട്ടു മനസ്സിലാക്കൂ... യഥാർത്ഥ വിലക്കുറവ്
angelform SINCE 1966 | JOCKEY | V VSTAR | KITEX | Siyaram's | Raymond
# ചെറുപുഷ്പം
മെയിൻ റോഡ്, പാലാ
Ph: 212378


ഞങ്ങളുടെ ക്രിസ്മസ് – പുതുവത്സരാശംസകൾ...
# പോൾസൺ ബേക്കറി
മെയിൻ റോഡ്, പാലാ
Ph: 04822-212287, 9447805615, 9447675587
നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!
**പോൾസൺ ബേക്ക്സ്**
കൊട്ടാരമറ്റം, പാലാ
Phone: 04822-214527

**പോൾസൺ ബേക്കേഴ്സ്**
A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ
Phone: 04822-213527


ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
PROVINCIAL SUPERIOR & COMMUNITY
## SACRED HEART CONGREGATION
# S.H. PROVINCIAL HOUSE, PALA

ധന്യൻ കദളിക്കാട്ടിൽ മത്തായി അച്ചൻ
1872–1935
(സഭാസ്ഥാപകൻ)
Ph: 04822 - 215221, 212225

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ
SUPERIOR GENERAL & COMMUNITY

## SNEHAGIRI MISSIONARY SISTERS
# S.M.S. GENERALATE
VELLAPPAD - PALA
Ph: 04822 - 216569

ഫാ. അബ്രാഹം കൈപൻപ്ലാക്കൽ
(സഭാസ്ഥാപകൻ)

ഉണ്ണീശോയുടെ പിറവിത്തിരുനാളിന് പ്രാർത്ഥനാനിർഭരമായ ആശംസകൾ

DIRECTRESS GENERAL & COMMUNITY
## MARY IMMACULATE SECULAR INSTITUTE (MISI)
# LEGION HOME GENERALATE
VELLAPPAD - PALA
Ph: 04822 - 211268

Deepanalam Weekly
RNI No : 16998/68
Vol. 53 No. 33 Date of Publication 17 December 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.com